www.malankaralibrary.com

മാർ ബോസ്കോ പുത്തൂർ | സെന്റ് ജോൺ ഓഫ് ഗോഡ് | മെഗലോമേനിയ സഭയിൽ

Vol. 8 No.02 Feb 2011

# കാരുണികൻ

₹ 25 www.karunikan.com
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



ഇടയനും ഇടവകയും

അജപാലനം - 15 വഴികൾ

യേശുവിനെപ്പോലെ പെരുമാറാം

## പാസ്റ്ററൽ കമ്മ്യൂണിക്കേഷൻ

www.malankaralibrary.com



പാസ്റ്ററൽ കമ്മ്യൂണിക്കേഷൻ ആണ് ഇത്തവണത്തെ പ്രമേയം. അജപാലകനും ഇടവകജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങളാണ് അന്വേഷണത്തിന് വിഷയമാകുന്നത്. ഇവിടെ അജപാലകർക്ക് മാതൃക നസ്രസിലെ യേശു തന്നെയാണ്. സംസാരത്തിലും പെരുമാറ്റത്തിലും ഇടപഴകലിലും അവനെ മാതൃകയാക്കുന്നിടത്താണ് അജപാലനശുശ്രൂഷ വിജയിക്കുന്നത്.

അഭിമുഖത്തിൽ അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ് കേരളസഭ ശ്രദ്ധിക്കേണ്ട ആനുകാലിക വിഷയങ്ങളിലേക്ക് വെളിച്ചം പകരുന്നു.

കാരുണികൻ
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

കാരുണികൻ

പുസ്തകം എട്ട് ലക്കം രണ്ട്
2011 ഫെബ്രുവരി

## കമ്മ്യൂണിക്കേഷൻ മെച്ചപ്പെടുത്താം

കേരളത്തിലെ അതിപുരാതനമായൊരു പള്ളി. ഒരു കല്യാണകുർബാനയാണ് സന്ദർഭം. പള്ളിയും പരിസരവും നിറയെ ആളുകളും വാഹനങ്ങളും. പള്ളിക്കകത്ത് അച്ചൻമാരുടെ ഒരു നിരയും. കുർബാന തുടങ്ങി. കെട്ടിന്റെ സമയമായി. വൈദികർ ജനാഭിമുഖമായി നിന്ന്, ശുശ്രൂഷ ആരംഭിക്കാറായി.

പെട്ടെന്ന് പള്ളിയിലെ കൊച്ചച്ചൻ മൈക്ക് കൈയിലെടുത്തു. മുഖം കനപ്പിച്ചു; സ്വരം കടുപ്പിച്ചു. എന്നിട്ടു പറഞ്ഞു: “ഇത് പള്ളിയാണ്. പള്ളിക്കകത്ത് ചെരുപ്പ് ഇടരുതെന്ന് എഴുതിവച്ചിട്ടുണ്ട്. നിങ്ങൾക്ക് എല്ലാവർക്കും എഴുതാനും വായിക്കാനും അറിയാമെന്ന കരുതുന്നു. പക്ഷേ പലരും പള്ളിക്കകത്ത് ചെരുപ്പിട്ടാണ് നിൽക്കുന്നത്. അതിനാൽ എല്ലാവരും ചെരുപ്പൂരി പുറത്തിട്ട ശേഷം മാത്രമേ കെട്ടുതുടങ്ങുകയുള്ളൂ.”

പിന്നെ നിശബ്ദതയുടെ നിമിഷങ്ങളായിരുന്നു. അസ്വസ്ഥത പടർത്തുന്ന നിശബ്ദത. ആളുകൾ പരസ്പരം നോക്കാൻ തുടങ്ങി; ചിലർ പരസ്പരം കുശുകുശുക്കാൻ തുടങ്ങി. മറ്റുചിലർ ചെരുപ്പൂരാൻ പുറത്തേക്കിറങ്ങി. ഇതിനിടയിൽ ചെറുക്കനും പെണ്ണിനും സംശയം. അവർ കെട്ടിക്കുന്ന അച്ചനെ നോക്കി. അച്ചൻ ആംഗ്യം കാണിച്ചു: നിങ്ങൾ അവിടെ നിന്നോ ചെരുപ്പ് ഊരണ്ടെന്ന്.

കുറേകഴിഞ്ഞിട്ടും കൊച്ചച്ചൻ മൈക്ക് തിരികെ വയ്ക്കുന്നില്ല. കെട്ടു തുടങ്ങാത്തതിനാൽ എല്ലാവർക്കും അസ്വസ്ഥതയായി. സാഹചര്യം മനസ്സിലാക്കി പ്രധാന കാർമ്മികൻ ഭവ്യതയോടെ കൊച്ചച്ചനോടു ചോദിച്ചു: “എല്ലാവരും ചെരുപ്പൂരിയെന്നാ തോന്നുന്നത്. നമുക്കിനി തുടങ്ങിയാലോ?”

പെട്ടെന്നു വന്ന മറുപടി: “കപ്യാരു പോയി നോക്കിയിട്ടു വരട്ടെ. എന്നിട്ടു തുടങ്ങിയാൽ മതി.” ഉടനെ കപ്യാരു യാത്രയായി. കപ്യാരു സൂക്ഷ്മപരിശോധന നടത്തേണ്ടത് എന്താണെന്ന് സഹകാർമികർക്കും സംശയമായി: “എല്ലാവരുടെയും കാലിൽ നോക്കി ബോധ്യപ്പെട്ടുവരാൻ സമയം കുറേ എടുക്കില്ലേ?”

കപ്യാരു തിരിച്ചു വന്നു, തലയാട്ടി. അതിനുശേഷമാണ് കൊച്ചച്ചൻ മൈക്ക് പ്രധാന കാർമ്മികനു കൊടുക്കുന്നത്. അപ്പോഴേക്കും

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**സഹ രക്ഷാധികാരി**
ഡോ. തോമസ് പ്ലാത്തോട്ടത്തിൽ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
ജാസ്മിൻ ജേക്കബ്

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് വാണിയപ്പുരയ്ക്കൽ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

www.malankaralibrary.com

പ്രാർത്ഥനയുടെയും സന്തോഷത്തി ന്റേയും അന്തരീക്ഷം മുഴുവൻ താറുമാറുമായി കഴിഞ്ഞിരുന്നു.

കല്ല്യാണം കഴിഞ്ഞ് സങ്കീർത്തിയിൽ കുപ്പായം മാറുമ്പോൾ അച്ചന്മാരിൽ ഒരാൾ പറഞ്ഞു: "എന്റെ പട്ടത്തിന്റെ ദിവസമെങ്ങാനുമാണ് ഇതുപോലെ നടന്നിരുന്നതെങ്കിൽ, ഞാൻ കരണക്കുറ്റി നോക്കി ഒന്നു കൊടുത്തേനേ!"

മറ്റൊരാൾ: "അവരുടെ രണ്ടുപേരുടെയും ജീവിതത്തിലെ ഏറ്റവും മനോഹരമാകേണ്ട ദിവസം നശിപ്പിച്ചു കളഞ്ഞില്ലേ?"

"ഈ കാര്യം തന്നെ നല്ല രീതിയിൽ മാന്യമായും സൗമ്യമായും അച്ചന് പറയാമായിരുന്നില്ലേ?" മൂന്നാമതൊരു അച്ചന്റെ അഭിപ്രായം.

അജപാലകർ എങ്ങനെയാണ് പെരുമാറേണ്ടത്? എങ്ങനെയാണ് സംസാരിക്കേണ്ടത്? പുരോഹിത ശുശ്രൂഷയുടെ വ്യത്യസ്ഥമായ സന്ദർഭങ്ങളിലൊക്കെ അജപാലകന്റെ പെരുമാറ്റവും സംസാരവും എങ്ങനെയായിരിക്കണം? ചർച്ചയും വിചിന്തനവും വിലയിരുത്തലും ഏറ്റവും ആവശ്യമായ ഒരു മേഖലയാണിത്.

ഇത് എങ്ങനെ മനസിലായെന്ന് ചോദിച്ചേക്കാം. കഴിഞ്ഞ ആഴ്ചയിൽ ആകസ്മികമായി മൂന്നുപേർ ഇത്തരം സങ്കടകരമായ അനുഭവങ്ങൾ പങ്കുവച്ചു. അതിനെ തുടർന്ന് വെറുതെ അഞ്ച് അല്മായരോട് ചോദിച്ചു. അവർക്കും സമാനമായ കഥകൾ പറയാനുണ്ടായിരുന്നു. അതിലെ രസകരമായ കാര്യം മുമ്പുപറഞ്ഞ പങ്കുവയ്ക്കലിലെ കഥാപാത്രങ്ങളായ മൂന്നച്ചന്മാരും വളരെ വിശുദ്ധരായ വൈദികരായിരുന്നു. വിശുദ്ധരായ നല്ല വൈദികർ തന്നെ ശുശ്രൂഷയുടെ വ്യത്യസ്ത സന്ദർഭങ്ങളിൽ ഇടവകജനങ്ങളെ നൊമ്പരപ്പെടുത്തുന്നു!

എന്തായിരിക്കും ഇതിന് കാരണം? ആശയവിനിമയത്തിന്റെയും പരസ്പരബന്ധത്തിന്റെയും തലങ്ങളിൽ ആവശ്യമായിരിക്കുന്ന കഴിവുകളുടെ (skills) അഭാവമാണിതിന് പലപ്പോഴും കാരണം. വിശുദ്ധിയുടെയും നന്മയുടെയും കുറവല്ല, മറിച്ച് ചില മാനുഷിക കഴിവുകളുടെ അഭാവമാണ് അജപാലനശുശ്രൂഷയെ പലപ്പോഴും പരാജയപ്പെടുത്തുന്നത് എന്ന് സാരം. സഭാനേതൃത്വത്തിന്റെയും പരിശീലന കേന്ദ്രങ്ങളുടെയും ശ്രദ്ധ ഈ വഴിക്ക് നീങ്ങേണ്ടിയിരിക്കുന്നു.

ഒരു സഭാ കോടതി. വിവാഹത്തിന്റെ അന്നുമുതൽ അലങ്കോലമായൊരു ബന്ധം അസാധുവാക്കാൻ ഒരു അപേക്ഷ വന്നു. വീഴ്ച ചെറുക്കന്റെ ഭാഗത്തായിരുന്നു. അമ്മയും വീട്ടുകാരും നിർബന്ധിച്ചിട്ടാണ് കല്യാണത്തിനു സമ്മതിച്ചതെന്ന്! പിന്നീട് രണ്ടുപേരും വെവ്വേറെയായി താമസം, രണ്ടുപേരും ജോലിക്കാരും.

പെണ്ണിനു മറ്റൊരു കല്ല്യാണാലോചന വന്നു. അതോടെയാണ് സഭാ കോടതിയിലെ അപേക്ഷയ്ക്ക് ചൂടുപിടിച്ചത്. പുതിയ ചെറുക്കനും വീട്ടുകാർക്കും പെണ്ണിനെ ഇഷ്ടമായി. ഒരു വ്യവസ്ഥമാത്രം, കല്ല്യാണം പള്ളിയിൽ വച്ചു നടത്തണം. അത് സാധിക്കണമെങ്കിൽ ആദ്യത്തെ കല്ല്യാണം അസാധുവാക്കി പ്രഖ്യാപിക്കണം. പിന്നെ അതിന്റെ പുറകെയായി. ജഡ്ജിയായ അച്ചനെ കണ്ട് സംസാരിച്ചു. രണ്ടുകൂട്ടരുടെയും മൊഴിയെടുക്കണം; വിസ്തരിക്കണം, അങ്ങനെ പല നൂലാമാലകൾ. എന്നാലും പെട്ടെന്ന്

www.malankaralibrary.com

ശരിയാക്കാമെന്ന് അച്ചൻ സമ്മതിച്ചു. പല അവധി പറഞ്ഞു. ഓരോ അവധിക്കും ഫോൺ വിളിച്ചു; അച്ചനെ പോയി നേരിൽ കണ്ടു. അവസാനം മടുത്തപ്പോൾ അച്ചൻ പൊട്ടിത്തെറിച്ചു: "എനിക്കിതുമാത്രമാണോ പണി?"

ശരിയായിരുന്നു അച്ചന് സഭാ കോടതിയുടെ ഉത്തരവാദിത്വം മാത്രമല്ലായിരുന്നു; സെമിനാരിയിൽ പഠിപ്പിക്കുന്നു, സ്വന്തമായി ബിരുദാനന്തരബിരുദം പഠിപ്പിക്കുന്നു, പിന്നൊരു ഇടവകയും നോക്കുന്നു.

ഫലമോ, അച്ചൻ പറഞ്ഞ അവധികൾ പലതു കഴിഞ്ഞു. വർഷം രണ്ടായി. അവധി കേട്ടുമടുത്ത ചെറുക്കന്റെ വീട്ടുകാർ ആ കല്ല്യാണക്കേസ് ഉപേക്ഷിച്ചുപോയി. ഒരു പെണ്ണിന്റെ ജീവിതമോ...?

വളരെ വളരെ അപൂർവ്വമായ സംഭവമാണ് മുകളിൽ വിവരിച്ചതെന്ന് പറയാം. അപൂർവ്വമാണെങ്കിലും സംഭവിച്ചതാണ്; ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതാണെങ്കിൽ പോലും.

അജപാലകരും ജനങ്ങലും തമ്മിലുള്ള വിനിമയം ശക്തിപ്പെട്ടെങ്കിൽ മാത്രമേ ശുശ്രൂഷയിലെ കുറവുകളും പോരായ്മകളും തിരുത്താനും മെച്ചപ്പെടുത്താനും സാധിക്കൂ. സഭയിലെ ആശയവിനിമയത്തിന്റെ പ്രതീകമാണ് പള്ളി പ്രസംഗം. അച്ചൻ പറയുന്നു; എല്ലാവരും കേൾക്കുന്നു. ആരും തിരിച്ചൊന്നും പറയുന്നുമില്ല. ഒരു തരം മോണോലോഗ്.

വിനിമയത്തിന്റെ ചക്രം പൂർണ്ണമാകണമെങ്കിൽ ജനങ്ങളെ കേൾക്കാൻ സാധിക്കണം. കേൾക്കാനുള്ള സംവിധാനവും, ക്രമീകരണവും ഉണ്ടാവണം. അജപാലന ശുശ്രൂഷയുടെ ഉപഭോക്തമായ ദൈവജനം സംസാരിക്കുകയും, അജപാലകർ അത് കേൾക്കുകയും ചെയ്യുമ്പോഴാണ് കമ്മ്യൂണിക്കേഷൻ – വിനിമയം പൂർണ്ണമാകുന്നത്. അപ്പോഴാണ് അജപാലനശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കാനാവുന്നത്, മെച്ചപ്പെടുത്താനാവുന്നത്.

ദൈവജനത്തിനു സ്വാതന്ത്ര്യത്തോടെ സംസാരിക്കാനുള്ള സംവിധാനവും അവസരവുമുണ്ടാകണം. ഇടവകയിലെ വികാരിയച്ചനു മാത്രമല്ല, മെത്രാനച്ചനും, അതിനു മുകളിലോട്ടും ദൈവജനത്തിന്റെ സ്വതന്ത്രമായ സ്വരം കേൾക്കാനുള്ള സംവിധാനമുണ്ടാകണം. ഇപ്പോഴുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ? അവയിലൂടെ ദൈവജനത്തിന്റെ അഭിപ്രായങ്ങൾ യഥാർത്ഥം അറിയാൻ മെത്രാന്മാർക്കും മെത്രാൻ സമിതിക്കും കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ പരാജയപ്പെടുന്നത് അജപാലനശുശ്രൂഷ ആയിരിക്കും. അതിലുമുപരി പരാജയപ്പെടുന്നത് സഭാകൂട്ടായ്മയും സഭാജീവിതവും തന്നെയായിരിക്കും.

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം

16

## ശുശ്രൂഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ ആദ്യത്തെ കൂരിയാ മെത്രാനായി നിയമിതനായ മാർ ബോസ്കോ പുത്തൂർ കൂരിയാ മെത്രാൻ സ്ഥാനത്ത് ഒരു വർഷം പൂർത്തിയാക്കുകയാണ്. മാർ ബോസ്കോ പുത്തൂരുമായി ഫാ. മാർട്ടിൻ ശങ്കൂരിക്കൽ നടത്തിയ അഭിമുഖം.

20


## യേശുവിനെപ്പോലെ പെരുമാറാം

അജപാലകർ എങ്ങനെയാണ് പെരുമാറേണ്ടത്? മാർപാപ്പ ആയാലും മെത്രാൻ ആയാലും വികാരിയച്ചനായാലും മാതൃക യേശുക്രിസ്തു തന്നെയാണ്. യേശുവിന്റെ പെരുമാറ്റരീതിയുടെ ചില മുഹൂർത്തങ്ങളുമായി ഡോ. ജേക്കബ് നാലുപറയിൽ.

25

## ഇടയനും ഇടവകയും

അജപാലകനും ഇടവകജനവും തമ്മിലുള്ള ബന്ധമാണ് പാസ്റ്ററൽ കമ്മ്യൂണിക്കേഷൻ. ദൈവവുമായുള്ള ഇടവകാംഗങ്ങളുടെ ബന്ധത്തെ സഹായിക്കുകയും പരിപോഷിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. ഈ രംഗത്ത് അജപാലകർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ ഏതൊക്കെയാണ്. ഡോ. ജേക്കബ് ശ്രാമ്പിക്കലിന്റെ ലേഖനം.



22

28

## അജപാലന ശുശ്രൂഷ മെച്ചപ്പെടുത്താനുള്ള 15 വഴികൾ


അനേക മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവന് മാത്രമേ അജപാലനശുശ്രൂഷ വിജയിപ്പിക്കാനാകൂ. അജപാലകർ പ്രത്യേകം ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ചില മേഖലകളിലേക്ക് വെളിച്ചം വീശുകയാണ് ഡോ. കെ.പി. സെബാസ്റ്റ്യൻ ഈ ലേഖനത്തിലൂടെ.

31

## മെഗലോമേനിയ സഭയിൽ

കേരള സഭയിൽ ഏറ്റവും വലിയതിനോടുള്ള 'മേനിയ' തുടങ്ങിയിട്ട് കുറേനാളായി. ഏറ്റവും വലിയ ദേവാലയം, ഏറ്റവും വലിയ കുരിശുപള്ളി, ഏറ്റവും വലിയ പിഎത്താ... ഈ മെഗലോമേനിയ ആരു ചികിത്സിക്കും? വിശകലനം ചെയ്യുന്നത് ഡോ. സിപ്രിയൻ ഇല്ലിക്കമുറി.

www.malankaralibrary.com








03 എഡിറ്റോറിയൽ

08 പ്രതികരണങ്ങൾ

45 പുസ്തകപരിചയം

46 അന്ത്യവിധി


37

## സെമിത്തേരി പ്രശ്നം

കത്തോലിക്കാ സെമിത്തേരിയിൽ അകത്തോലിക്കരുടേയും മാമ്മോദീസ സ്വീകരിക്കാത്തവരുടേയും ശവസംസ്ക്കാരം നടത്താമോ? നടത്താമെങ്കിൽ അതിനു പാലിച്ചിരിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്? കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ മറുപടി നൽകുന്നു.

40

## സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷൽ സ്കൂൾ

സമൂഹത്തിലെ വൈകല്യമുള്ളവരെ സംരക്ഷിക്കുക സർക്കാരിന്റെ ചുമതലയാണ്. എന്നാൽ കേരളസർക്കാർ ഈ കാര്യത്തിൽ കണ്ണുംപൂട്ടി ഇരിക്കുകയാണ്. ഇവിടെയാണ് സഭാ ഘടകങ്ങൾ അഭിനന്ദനീയമായ സേവനം കാഴ്ചവയ്ക്കുന്നത്. അത്തരമൊരു സ്പെഷൽ സ്കൂളിനെ പരിചയപ്പെടുത്തുകയാണിവിടെ.

34

## സ്വപ്നം പറയുക

സ്വപ്നങ്ങൾ കാണുകയും അവ പറയുകയും വേണം. എന്നാൽ സ്വപ്നത്തിന് വിഷയമാകേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? പ്രതികരിക്കുന്ന വിശ്വാസത്തിൽ ഡോ. മാത്യു ഇല്ലത്തുപറമ്പിൽ.

43

## കഥ നൽകുന്ന കാഴ്ചകൾ

മലയാളത്തിലെ നല്ല ചെറുകഥകളെ അവതരിപ്പിക്കുകയാണ് ഈ പംക്തിയുടെ ലക്ഷ്യം. പ്രമോദ് രാമന്റെ റെഡ്ക്രോസ്, എം.പി. സദാശിവന്റെ മായക്കാഴ്ച, സുസ്മേഷ് ചന്ദ്രോത്തിന്റെ പൂച്ചിമ എന്നീ മൂന്നു കഥകളെയാണ് ഇത്തവണ പരിചയപ്പെടുത്തുന്നത്.

www.malankaralibrary.com

# പ്രതികരണങ്ങൾ




കഴിഞ്ഞ ലക്കം കാരുണികനോടുള്ള വായനക്കാരുടെ പ്രതികരണം അസാധാരണമാം വിധം കൂടുതലായിരുന്നു. സാധിക്കുന്നിടത്തോളം പ്രതികരണങ്ങൾ ഉൾപ്പെടുത്തി ക്രിയാത്മകമായൊരു സംവാദത്തിലേക്ക് വിഷയത്തെ നയിക്കാനാണ് ഞങ്ങളുടെ ശ്രമം. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ ഏറ്റു പറയുന്നു.

**പത്രാധിപർ**

## ക്നാനായ സമൂഹം

4-ാം നൂറ്റാണ്ടിന്റെ ആരംഭംമുതൽ ആധ്യാത്മിക-സാമൂഹിക മേഖലകളിൽ കേരളസഭയെ സ്വാധീനിച്ചുപോരുന്ന ഈ സമൂഹത്തെ ഒരു സഭാഘടകമായി ഉയർത്തിയതിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈയവസരത്തിൽ ഈ സമുദായത്തിന്റെ സവിശേഷതകളേയും അവകാശങ്ങളേയും സ്വപ്നങ്ങളേയും ഗൗരവതരമായി അവതരിപ്പിച്ചിരിക്കുന്ന കാരുണികനിലെ ലേഖനങ്ങളും അഭിമുഖങ്ങളും എല്ലാം വിലപ്പെട്ടതാണ്.

പ്രത്യേകിച്ച് ഈ സഭാസമൂഹത്തിന് സഭാഘടനയിലുള്ള സ്ഥാനത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും സമുദായത്തിനുപുറത്തുള്ള ഒരു പണ്ഡിതൻ ഡോ. സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ കാനൻ നിയമാടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച ലേഖനം വളരെ പ്രസക്തവും കാലികപ്രാധാന്യമുള്ളതാണ്. മുൻവിധിയില്ലാതെ യഥാതഥം ഈ സമൂഹത്തെ കാണാനും തെറ്റിദ്ധാരണകൾ മാറാനും പ്രവർത്തനങ്ങളോടു സഹകരിക്കാനും കാരുണികൻ വായനക്കാർക്ക് എളുപ്പമായി. ഈ സംരംഭത്തിന് നേതൃത്വം നൽകിയ പത്രാധിപസമിതിയെ അനുമോദിക്കുന്നു.

**ഫാ. സിറിയക്ക് പടപുരയ്ക്കൽ**
കോട്ടയം

## യഹൂദ കത്തോലിക്കാ മെത്രാൻ

വംശീയമെന്ന് കേൾക്കുന്നത് അരോചകമായി ത്തീർന്നിട്ടുണ്ടിന്ന്. എന്നുവരുകിലും ആരും അതിൽ നിന്ന് മോചിതരല്ല. സീറോമലബാറുകാരൻ ലത്തീൻകാരനേയോ, മലങ്കരക്കാരനേയോ സാധാരണയായി വിവാഹം കഴിക്കാറില്ല. തിരിച്ചും അങ്ങനെ തന്നെ. വംശീയത ഒരു സത്യം തന്നെ. അതിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്ന നാൾ വരെ അതിൽ അപകടങ്ങളില്ല. നന്മകളേയുള്ളൂ. ഇതൊരു പരസ്യമായ രഹസ്യമാണിന്ന്. കോട്ടയം അതിരൂപത ഈ രഹസ്യം കാക്കാൻ ഇഷ്ടപ്പെടുന്നില്ല.

ഇസ്രായേലിൽ യഹൂദകത്തോലിക്കർക്ക് മാത്രമായി 2003-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഷാൻ മരിഗോറി എന്ന കത്തോലിക്കനെ മെത്രാനായി നിയമിച്ചിരുന്നു. ഇന്നിപ്പോൾ അവിടെ യഹൂദകത്തോലിക്കാ കൂട്ടായ്മ വളർന്നു പന്തലിക്കുന്നു. തടസ്സങ്ങളില്ലാതെ തന്നെ.

> വംശശുദ്ധിയുടെ കടുത്ത നിലപാടുകളിൽ തുടരുമ്പോൾ ഒരു സമൂഹത്തിന്റെ സ്വാഭാവിക വളർച്ച തടസ്സപ്പെട്ടേക്കാം

അടുത്ത കാലത്തായി “Anglicanorum Coetibus” എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷനിലൂടെ ആംഗ്ലിക്കൻസിന് അവർ വിട്ടുപോന്ന ലത്തീൻ റീത്തിൽ ലയിക്കാതെ തന്നെ ആംഗ്ലിക്കൻ റീത്തിൽ തുടർന്നുകൊണ്ട് കത്തോലിക്കാ കൂട്ടായ്മയിൽ ഐക്യപ്പെടുന്നതിനായി മാർപാപ്പ അവർക്ക് അനുമതി നൽകിയിരിക്കുന്നു.

സൂഷ്മ നിരീക്ഷണത്തിൽ വേണമെങ്കിൽ അത് വംശീയമാണെന്ന് കണ്ടെത്താം. പ്രസ്തുത കോൺസ്റ്റിറ്റ്യൂഷൻ വിശദീകരിച്ചുകൊണ്ട് റവ. ഡോക്ടർ സ്റ്റീഫൻ ആലത്തറ ഒരു ലേഖനം എഴുതുകയുണ്ടായി. അതിൽ പറയുന്നു: “വ്യക്തിഗത രൂപത ഏത് വിഭാഗത്തിനായി സ്ഥാപിച്ചിട്ടുള്ളതാണോ

www.malankaralibrary.com

ആ വിഭാഗക്കാരെ മാത്രമേ അംഗങ്ങളായി ചേർക്കുവാൻ പാടുള്ളൂ. ഇതര കത്തോലിക്കാ വിശ്വാസികളെയും ഇതരമതങ്ങളിൽ നിന്ന് കത്തോലിക്കരാകുന്നവരേയും വ്യക്തിഗത രൂപതകളിൽ അംഗങ്ങളായി ചേർക്കുവാൻ പാടില്ല'' (സൺ.ശാലോം 13.12.09). കോട്ടയം വികാരിയത്ത് അനുവദിച്ചതും മാർപാപ്പയുടെ വ്യക്തമായ നിർദ്ദേശങ്ങളോടുകൂടിയായിരുന്നു. അതിൽ വെള്ളം ചേർക്കുവാൻ നിർബന്ധിക്കുവാൻ ആർക്കും അധികാരമില്ല. ഈ സഭാകൂട്ടായ്മയെ വളരുവാൻ അനുവദിക്കുക എന്ന ഒരു ആനുകൂല്യത്തിനായി എന്തും ചെയ്യാം...

**റ്റോമി ജോസഫ് കല്ലുപുരയ്ക്കൽ**
ചിങ്ങവനം

## യാഥാർത്ഥ്യം ഉൾക്കൊള്ളുക

ക്നാനായ സമൂഹത്തെക്കുറിച്ചുള്ള വസ്തുതകൾ നിരത്തിയാണ് കഴിഞ്ഞ ലക്കം കാരുണികൻ പ്രസിദ്ധീകരിച്ചത്. എന്നാൽ ഈ സമൂഹത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനുള്ള നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ ആരുടെ ഭാഗത്തുനിന്നും ഉണ്ടായില്ല.

AD 345-ൽ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയെന്ന് ക്നാനായക്കാർ മാത്രം അവകാശപ്പെടുന്ന (ഈ കാലഘട്ടത്തെക്കുറിച്ച് ഇൻഡ്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക് റിസർച്ച് (ICHR) ന്റെ ഔദ്യോഗിക സ്ഥിരീകരണമില്ല) അന്നുമുതൽ ഇന്നുവരെ പലവിധത്തിലുള്ള വിശ്വാസപ്രതിസന്ധികളിലൂടെയാണ് ക്നാനായസമൂഹം മുന്നോട്ട് നീങ്ങുന്നത്. കോട്ടയം അതിരൂപതയുടെ തനിമ നിലനിർത്തുവാൻ വിശ്വാസത്തേക്കാൾ ഉപരിയായി വംശീയതയെ കൂട്ടുപിടിക്കുന്നു. വിശ്വാസസംബന്ധമായ പല തലങ്ങളിലും അവ്യക്തത നിലനില്ക്കുന്നു. അതിലേക്ക് വിരൽചൂണ്ടാനും പല യാഥാർത്ഥ്യങ്ങളും ഉൾക്കൊള്ളുവാനും ക്നാനായക്കാർ തയ്യാറാകണമെന്ന് പറയാനും അല്ലെങ്കിൽ ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് സമുദായം ചെന്നുപെടുകയും ചെയ്യുമെന്ന് ഓർപ്പിക്കാനുമാണ് ഈ കത്ത്.

ക്നാനായ കത്തോലിക്കനും എറണാകുളം സെന്റ് കുര്യാക്കോസ് പള്ളി ഇടവകാംഗവുമായിരുന്ന ഞാൻ പല കാര്യങ്ങളും ഉൾക്കൊള്ളുവാൻ സാധിക്കാതെ വന്നതിനാൽ ഞാനും എന്റെ കുടുംബവും ഇടവകാംഗത്വം ഉപേക്ഷിച്ച് എറണാകുളം-അങ്കമാലി അതിരൂപതയുടെ കോന്തുരുത്തി പള്ളിയിൽ അംഗമായി ചേർന്നു. സഭയുടെ പ്രധാന നാല് ലക്ഷണങ്ങളിൽ ഒന്നാണ് തിരുസഭ സാർവ്വത്രികമാകുന്നു എന്നത്. വംശീയതയെ പ്രോത്സാഹിപ്പിക്കുന്ന കോട്ടയം അതിരൂപത സഭയുടെ ഈ പ്രധാന ലക്ഷണത്തെ അവഗണിക്കുന്നുവോ? വിശുദ്ധ

## നിസ്സാരമായി തള്ളരുത്

കോട്ടയം അതിരൂപത ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന വേളയിൽ ക്നാനായ സമൂഹത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനും പഠിക്കുന്നതിനും ലേഖനങ്ങൾ സഹായകരമായി. ക്നാനായ സമൂഹത്തിന്റെ ചരിത്രം സമഗ്രമായി അവതരിപ്പിച്ച ഡോ. ജേക്കബ് മുള്ളൂരിന്റെ ലേഖനവും പാരമ്പര്യാചാരങ്ങൾ വിശദമായി പ്രതിപാദിച്ച ഡോ. ജേക്കബ് വെള്ളിയാന്റെ ലേഖനവും, ഒപ്പം പ്രസിദ്ധീകരിക്കപ്പെട്ട ചർച്ചയുടെ പ്രസക്തഭാഗങ്ങളടങ്ങിയ റിപ്പോർട്ടും ഏറെ പ്രധാന്യമർഹിക്കുന്നതായി തോന്നി.

വംശശുദ്ധിപാലനത്തിന്റെ പേരിൽ കടുത്ത നിലപാടുകളിൽ അവയില്ലാതെ തുടരുമ്പോൾ ഒരു സമൂഹത്തിന്റെ സ്വാഭാവിക വളർച്ച തടസ്സപ്പെടുമെന്ന ഉത്കണ്ഠ നിസ്സാരമായി തള്ളാനാവില്ല. മാറുന്ന കാലഘട്ടമുയർത്തുന്ന വെല്ലുവിളികളെ തമസ്ക്കരിച്ചുകൊണ്ടുള്ള നീക്കം അപകടകരമെന്ന ആശയക്കാരനാണ് ഞാൻ. അതുപോലെതന്നെ വ്യക്തമായ പാരമ്പര്യവും ആചാരങ്ങളും സൂക്ഷിച്ചുപോരുന്ന ഇത്തരം സമുദായങ്ങളുടെ സ്വാഭാവികാവശ്യങ്ങളും വേണ്ടവിധം പരിഗണിക്കപ്പെടേണ്ടതുണ്ട്. ക്നാനായ സമൂഹത്തെ കൂടുതൽ മനസ്സിലാക്കാൻ സഹായിച്ച കാരുണികന് നന്ദി. ആനുകാലിക വിഷയങ്ങൾ ആധികാരികതയോടെ അവതരിപ്പിക്കുന്ന കാരുണികന് അനുമോദനങ്ങൾ...!

**ഡോ. റാഫേൽ അമ്പാടൻ**
മംഗലപ്പുഴ സെമിനാരി

www.malankaralibrary.com

## വിലയേറിയ മുത്ത്

കാരുണികനിൽ ക്നാനായ സമൂഹത്തെക്കുറിച്ചുള്ള ഫീച്ചർ വായിച്ചു. ഒരു രാജ്യാന്തര സമൂഹമായി വളർന്നിട്ടുള്ള ക്നാനായ സമൂഹം സീറോമലബാർ സഭയിലെ ഒട്ടേറെ പ്രത്യേകതകളുള്ള ഒരു സമുദായമാണ്. ചരിത്രം, ആചാരങ്ങൾ, സ്വന്തമായി സംരക്ഷിക്കുന്ന തനിമ, വിവിധ മേഖലകളിലെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ ഇവയൊക്കെ ഈ സമൂഹത്തെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളാണ്.

ലോകത്തെവിടെയായിരുന്നാലും വലിയ ഗൃഹാതുരതയോടെ ആചാരങ്ങളും പാരമ്പര്യങ്ങളും സംരക്ഷിക്കുന്ന കാര്യത്തിൽ ക്നാനായക്കാർ വളരെ ഉത്സാഹം കാട്ടുന്നു. സാംസ്ക്കാരിക ബഹുത്വം വളരെയുള്ള അമേരിക്കൻ ഐക്യനാടുകളിലെ ക്നാനായസമുദായത്തിലെ രണ്ടാം തലമുറക്കാർപോലും വംശീയ തനിമ പുലർത്തുവാൻ പ്രകടിപ്പിക്കുന്ന ആവേശം സാമൂഹ്യ ശാസ്ത്രജ്ഞന്മാർ പഠനവിധേയമാക്കേണ്ടതാണ്.

സീറോമലബാർ സഭയുടെ വിലയേറിയ ഒരു മുത്തായിട്ടു ക്നാനായ സമുദായത്തെ കണക്കാക്കണമെന്നാണ് എന്റെ അഭിപ്രായം. ഏതായാലും പൈതൃകം, തനിമ എന്നീ കാര്യങ്ങളിൽ അഭിമാനിക്കുന്ന ഈ സമൂഹത്തിന്റെ വിദ്യാഭ്യാസ-ആതുര സേവനരംഗത്തെ സംഭാവനകളുംകൂടി വിലയിരുത്തേണ്ടതായിരുന്നു. പാരമ്പര്യങ്ങളിൽ നിന്ന് ഊറ്റം കൊള്ളുമ്പോഴും വർത്തമാനകാല സാഹചര്യങ്ങളിലെ പ്രവർത്തനങ്ങളും വിലയിരുത്തിയാണ് ഒരു സമൂഹത്തിന്റെ മാറ്റ് ഉരച്ചു നോക്കേണ്ടത്.

**പ്രൊഫ. ഷീലാ സ്റ്റീഫൻ,**
ജില്ലാ പഞ്ചായത്ത് മെംബർ
ഇടുക്കി

സീറോ മലബാർ റീത്തിലെ അവിഭാജ്യഘടകമാണ് കോട്ടയം അതിരൂപത എന്നു പറയുമ്പോഴും സഭയിലെ മറ്റു രൂപതാംഗങ്ങളുമായി വിവാഹത്തിലേർപ്പെട്ടാൽ കോട്ടയം അതിരൂപതയിൽ നിന്നും പുറത്താക്കുന്നു. ഇത് കാനൻനിയമത്തിന്റെ കടുത്ത ലംഘനമാണ്. റീത്ത് മാറിപ്പോലും ദേവാലയങ്ങളിൽ മറ്റ് റീത്തുകാരുടെ കൂദാശാകർമ്മങ്ങൾ നിർവ്വഹിക്കുമ്പോഴും സീറോ മലബാർ റീത്തിലെ മറ്റ് രൂപതാംഗങ്ങളുടെ വിവാഹം, മാമ്മോദീസ, ശവസംസ്ക്കാരം എന്നിവ ക്നാനായ ദേവാലയങ്ങളിൽ അനുവദിക്കുന്നില്ല. ഇത് കത്തോലിക്കാവിശ്വാസത്തിന് എതിരായ നടപടിയാണ്. ഏത് വിശ്വാസത്തിന്റെ പേരിലാണ് ഈ കാട്ടാള നീതി നടത്തുന്നത്? അതോ കോട്ടയം അതിരൂപതയ്ക്ക് മാത്രമായി പ്രത്യേക കാനോനിക നിയമമുണ്ടോ? അതുപോലെ മറ്റുമതവിഭാഗത്തിൽ പ്പെട്ടവർ കത്തോലിക്കാ വിശ്വാസം സ്വീകരിക്കാൻ തയ്യാറായാൽ പുരോഹിതൻ മാമ്മോദിസ നൽകി അവരെ സഭയുടെ സന്താനമാക്കുന്നു. ഇവിടെ ക്നാനായ മാതാപിതാക്കളിൽ നിന്ന് ജനിക്കുന്നവരെ മാത്രമേ

ഗ്രന്ഥത്തിൽ തന്റെ ശിഷ്യഗണത്തിന് പ്രേഷിത ദൗത്യം നല്കിക്കൊണ്ട് യേശു ഇപ്രകാരം പറയുന്നു. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15). യേശു നൽകിയ ഈ ദൗത്യം പ്രാവർത്തികമാക്കുവാൻ ക്നാനായക്കാർക്ക് കടമയില്ലേ? വീണ്ടും വി. ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു, നിങ്ങളുടെ പാരമ്പര്യം പാലിക്കുവാൻ വേണ്ടി നിങ്ങൾ കൗശലപൂർവ്വം ദൈവകൽപ്പന അവഗണിക്കുന്നു (മർക്കോ 7:9). ഇവിടെ തനിമയ്ക്കും വംശീയതയ്ക്കുമല്ല പ്രാധാന്യം നല്കേണ്ടത്. വംശീയതയെ പ്രോത്സാഹിപ്പിക്കുവാൻ പഴയനിയമത്തിലെ പലതിനേയും കൂട്ടുപിടിക്കുന്നു. ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ കോട്ടയം രൂപത അതിരൂപതയായി എന്നല്ലാതെ സാമന്ത രൂപത എന്ന ആവശ്യം ഇപ്പോഴും നിലനിൽക്കുന്നു. ആർച്ച്ബിഷപ്പ് ആകുവാൻ താത്പര്യം കാണിച്ച മുൻ ബിഷപ് അന്ന് ആ സ്ഥാനം വേണ്ടെന്ന് വച്ചിരുന്നെങ്കിൽ എത്രയോ വർഷം മുമ്പ് മലബാറിൽ ഒരു രൂപതയുണ്ടായേനെ.

www.malankaralibrary.com

മാമ്മോദീസ നല്കുന്നുള്ളൂ. ഇതും സഭയുടെ സാർവ്വത്രികം എന്ന ലക്ഷണത്തിനെതിരാണ്. പാപികളായ നമുക്കുവേണ്ടി ക്രൂശിതനായവൻ എല്ലാവരേയും സ്വീകരിക്കുകയാണ് ചെയ്യുന്നത്. അവിടെ തനിമയുടെ പാരമ്പര്യമല്ല യേശു അനുവർത്തിച്ചത്.

ഇന്ന് ക്നാനായ സമൂഹത്തിൽ നിന്നും വിവാഹബന്ധത്തിലൂടെ പുറത്തുപോകുന്നവരുടെ എണ്ണം നാൾക്കുനാൾ കൂടിവരികയാണ്. പലപ്പോഴും സമുദായ സ്നേഹികളായി മുന്നിൽ നിൽക്കുന്ന പലരുടെയും മക്കളാണ് അവരുടെ സ്വന്തം ഇഷ്ടപ്രകാരം വിവാഹബന്ധം തെരഞ്ഞെടുക്കുന്നത്. എന്നാൽ ക്നാനായ സമുദായം എന്ന വികാരം മനസ്സിലിട്ട് നടക്കുന്ന ശരാശരി വിദ്യാഭ്യാസമുള്ള ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് അനുയോജ്യരായ പങ്കാളികളെ കിട്ടുന്നില്ല. വർഷങ്ങളായി നിരവധി അന്വേഷണത്തിന് ശേഷം മനസ്സില്ലാമനസ്സോടെ മറ്റ് രൂപതാംഗങ്ങളെ ജീവിത പങ്കാളിയാക്കുന്നു. ഇവരുടെ വേദന കണ്ടില്ലെന്ന് നടിക്കരുത്.

> ക്നാനായക്കാരെ അറിയാത്ത മെത്രാന്മാർ ഭൂരിപക്ഷമായപ്പോഴാണ് ഞങ്ങളുടെ വളർച്ചയുടെ സാധ്യതകൾ മങ്ങുവാൻ തുടങ്ങിയത്.

ഈ കൊഴിഞ്ഞുപോക്ക് ദിനംപ്രതി കൂടിവരുന്നു. നാളെ ഇവരെ സ്വീകരിക്കുവാൻ മറ്റു രൂപതകൾ തയ്യാറായില്ലെങ്കിൽ ഇവർ എവിടെ പ്പോകും? ഇന്ത്യയിലെ ഒട്ടുമിക്ക പ്രധാന പട്ടണത്തിലും, യൂറോപ്യൻ രാജ്യങ്ങൾ, അറബ് രാജ്യങ്ങൾ എന്നിവടങ്ങളിൽ ഇന്ന് ക്നാനായ അംഗങ്ങളുടെ സാന്നിധ്യമുണ്ട്. എന്നാൽ ഇവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നത് അതത് സ്ഥലത്തെ ദേവാലയങ്ങളാണ്. ഇവിടെയൊക്കെ ക്നാനായത്തനിമ നിലനിർത്തുവാൻ ക്നാനായ ദേവാലയങ്ങൾ പണിയുക എന്നത് പ്രായോഗികമല്ല.

ശതാബ്ദിയുടെ നിറവിൽ നില്ക്കുന്ന കോട്ടയം അതിരൂപതയ്ക്ക് വിശ്വാസത്തിന്റെ നിറവിലേയ്ക്ക്



വളരാൻ ദൈവം അനുഗ്രഹങ്ങൾ ചൊരിയട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**ബോബി ജോൺ മലയിൽ,**
തേവര, കൊച്ചി

## ജോസഫിനെ അറിയാത്ത ഫറവോ

സീറോമലബാർ സഭയിലെ ഒരു സഭാഘടകമെന്ന നിലയിലുള്ള ഞങ്ങളുടെ സ്വാഭാവികമായ വളർച്ചയുടെ സാധ്യതകൾ തടസ്സപ്പെട്ടുകിടക്കുന്നതിനെക്കുറിച്ചുള്ള ഉൽകണ്ഠ കാരുണികൻ ഒപ്പിയെടുക്കുന്നതിൽ ഞങ്ങൾക്ക് സംതൃപ്തിയും പ്രതീക്ഷയും പ്രദാനം ചെയ്യുന്നു. ജോസഫിനെ അറിയാത്ത ഫറവോ അധികാരത്തിൽ വന്നപ്പോൾ ജോസഫിന് കഷ്ടകാലം തുടങ്ങിയതുപോലെ ക്നാനായക്കാരെ അറിയാത്ത മെത്രാന്മാർ ഭൂരിപക്ഷമായപ്പോഴാണ് ഞങ്ങളുടെ സ്വാഭാവികമായ വളർച്ചയുടെ സാധ്യതകൾ മങ്ങുവാൻ തുടങ്ങിയത്. തെക്കുംഭാഗക്കാരായ ഞങ്ങൾക്ക് കേരളത്തിനു

www.malankaralibrary.com




പുറത്ത് ഇടവകകൾ തത്ക്കാലം അനുവദിക്കേണ്ട തില്ലെന്ന റോമിന്റെ ഒരു റിസ്ക്രിപ്റ്റാണ് ഞങ്ങ ളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്ന ഒരു കാരണം. അതു മാറിക്കിട്ടുവാൻ, ഉദരക്രിയ ചെയ്ത സീറോ മലബാർ ഹൈരാർക്കി തന്നെയാണ് ശേഷക്രിയയും ചെയ്യേണ്ടത്. പക്ഷേ എന്തു ചെയ്യാം. ഈ ആവശ്യ ത്തിനുമേൽ വോട്ടിടുമ്പോൾ ആറ് വോട്ടു അനുകൂ ലവും പതിനാറെണ്ണം പ്രതികൂലവുമായി വരുന്നു.

ക്നാനായക്കാർ കുടിയേറുന്ന രാജ്യങ്ങളെല്ലാം സീറോമലബാർ സഭയുടെ പതാകവാഹകരാണ്. അമ്പതിനടുത്ത് രാജ്യങ്ങളിൽ അസോസിയേഷനു കളും അമേരിക്കയിൽ 8 ഇടവക പള്ളികളും ധാരാളം മിഷൻ സെന്ററുകളും ഉണ്ട്. എന്നിട്ടും ഞങ്ങളെ ക്നാനായക്കാരെ സീറോമലബാറുകാരാണെന്ന് അംഗീകരിക്കുവാൻ ഉത്തരവാദിത്വപ്പെട്ടവർ മടിക്കു കയാണ്. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് കോട്ടയം രൂപതയെ അതിരൂപതയാക്കിയത്. റോമിൽ നിന്നും മൂന്ന് സാധ്യത കൊടുത്തതിൽ നിന്ന് ഏറ്റവും കുറഞ്ഞത് എന്ന നിലയിൽ സാമന്ത രൂപതകളില്ലാതെ അതി രൂപതയാക്കുകയായിരുന്നു സീറോമലബാർ ഹൈരാർക്കി ചെയ്തത്.

വി. പത്താം പീയൂസ് മാർപാപ്പ പറഞ്ഞതു പോ ലെ ''പുണ്യവർദ്ധനവിന്റെ ഭാരത്താൽ'' നാടു നീങ്ങിയ ദൈവദാസനായ മാക്കീൽ പിതാവിന്റെ പുണ്യപൂർവ്വമായ നിലപാട് പിന്തുടരുന്ന തെക്കും ഭാഗ സമുദായത്തിന് ഭീഷണിയിലൂടെയോ യാചന യിലൂടെയോ ഒന്നും പിടിച്ചെടുക്കാനാവില്ല. പതിറ്റാ ണ്ടുകളായി ഞങ്ങളുടെ അപേക്ഷയെക്കുറിച്ചുണർ ത്തിക്കുന്നതിനായി നാട്ടിലെ അധികാരകേന്ദ്രത്തെ സമീപിച്ച് ഞങ്ങളുടെ നേതാക്കന്മാരുടെ മുഖത്തു നോക്കി, നിങ്ങൾക്ക് രൂപത അനുവദിച്ചത് മാർപാപ്പ യ്ക്ക് പറ്റിയ തെറ്റായിരുന്നു എന്നു പറഞ്ഞവരുമുണ്ട്.

**ഡോമിനിക് സാവിയോ**
കുഴിമറ്റം

## പരസ്പര ബന്ധം

തൊടുപുഴയ്ക്കടുത്ത് ചുങ്കം, കരിങ്കുന്നം എന്നീ പ്രദേശങ്ങൾ ക്നാനായക്കാരുടെ ശക്തി കേന്ദ്രങ്ങ ളാണ്. അവിടെ ജോലി ചെയ്തിരുന്ന കാലത്ത് പലരുമായും എനിക്ക് അടുത്തിടപഴകുവാൻ അവ സരം കിട്ടി. അങ്ങിനെ ഒരു ദിവസം ഞാനും ക്നാ നായക്കാരനായ ഒരു വ്യക്തിയും തമ്മിലുണ്ടായ സംസാരം അതേപോലെ എഴുതുകയാണ്.

“സാറെ, ഞങ്ങളുടെ കല്ല്യാണത്തിന് ഒന്ന് പങ്കെ ടുക്കണം. ഞങ്ങൾ കല്ല്യാണംകഴിഞ്ഞ് ബന്ധുക്കളെ ല്ലാവരുംകൂടി മദ്യം ഒക്കെ കഴിക്കും. നിങ്ങളുടെ ആൾക്കാർ കഴിക്കുന്നതുപോലെയല്ല, അളവുവച്ച്, ക്രമത്തിൽ. ഒരിക്കലും അമിതമായി കഴിക്കുകയില്ല. എന്നിട്ട് എല്ലാവരുംകൂടി തമാശ പറഞ്ഞ് ചിരിച്ചു കളിച്ച് ചുരുങ്ങിയത് ഒരു മണിക്കൂറെങ്കിലും കഴി ഞ്ഞേ പള്ളിമുറ്റത്തുനിന്നും പിരിയുകയുള്ളൂ”.

''നിങ്ങളുടെ കല്ല്യാണത്തിൽ പങ്കെടുക്കാൻ പോയാൽ ഒരുത്തനും പരസ്പരം നോക്കുകയോ സം

www.malankaralibrary.com

സാരിക്കുകയോ ഇല്ല. പള്ളിയിലെ കെട്ട് കഴിഞ്ഞാൽ ഉടൻതന്നെ സദ്യ നടക്കുന്ന ഹാളിന്റെ മുമ്പിൽ പട്ടി നിൽക്കുന്നതുപോലെ നിൽക്കും. ആരേയും നോക്കുകയില്ല. ഒരു സംസാരവുമില്ല. ഹാളിന്റെ ഷട്ടർ തുറക്കുമ്പോൾ കോഴിക്കൂട് തുറന്നതുപോലെ എല്ലാ മാന്യന്മാരും കൂടി അകത്തേയ്ക്ക് ഇടിച്ചുകയറും. പിന്നെ ഒരു പരാക്രമമാണ്. പെണ്ണും ചെറുക്കനും വന്ന് മധുരം വയ്ക്കുന്നതിനു മുമ്പേ തന്നെ തീറ്റ ആരംഭിക്കും. പന്നി തിന്നുന്നതു പോലെ ഇടംവലം നോക്കാതെ നിമിഷ നേരം കൊണ്ട് കുറെ അകത്താക്കും. പിന്നെ ചാടി ഒരോട്ടമാണ്. കൈയ്യിൽ കുടയുണ്ടെങ്കിൽ അതു കൊണ്ട് മോന്ത ഒന്നു തൂക്കുകയും ചെയ്യും. ഇതാണ് പരിപാടി". എന്നോട് പറഞ്ഞ ഇക്കാര്യങ്ങൾ ശരിയാണെന്ന് എനിക്ക് പലപ്പോഴും പിന്നീട് തോന്നിയിട്ടുണ്ട്.

**ഒ. ഡി. ജോസഫ്**
ഇടുക്കി

## ആവർത്തിക്കരുതാത്ത തെറ്റ്

ക്നാനായ സമൂഹത്തെ ഭാവാത്മകമായി അവതരിപ്പിച്ചുള്ള 'കാരുണികന്റെ' സ്പെഷ്യൽ പതിപ്പ് കാണാനിടയായി. സാങ്കല്പിക രക്തശുദ്ധിയിലും വംശമഹിമയിലും അഭിരമിച്ച് യഹൂദ പിള്ളക്കച്ചകൾക്ക് പുറത്തുകടക്കാതെ കഴിയുന്ന ഈ സമൂഹത്തിനു ദൈവരാജ്യം പ്രഘോഷിക്കാൻ ശക്തിയും പുതുചൈതന്യവും സംലഭ്യമാകണമെങ്കിൽ അവർ പുനർസുവിശേഷ വത്ക്കരണത്തിനു വിധേയരാകണമെന്ന് ആമുഖമായി പറയട്ടെ.

16-ാം നൂറ്റാണ്ടിൽ വിദേശമിഷനറിമാർ വന്നപ്പോൾ കേരളക്കരയിലെ മാർതോമാ ക്രിസ്ത്യാനികൾ ജാതിവ്യവസ്ഥയിൽ ഉന്നതസ്ഥാനീയരായിരുന്നു. സംസ്കൃതവത്ക്കരണത്തിന്റെ ഫലമായി സംലഭ്യമായ ഉന്നതകുലജാതരുടെ പ്രത്യേക ആനുകൂല്യങ്ങളും അവകാശാധികാരങ്ങളും അനുഭവിച്ച് സമൂഹമധ്യത്തിൽ മറ്റൊരു അടഞ്ഞ സമൂഹമായി കഴിയുകയായിരുന്നു അവർ. മിഷനറിമാരാണ് ഇവർക്കിടയിൽ പ്രേഷിതാവബോധം അങ്കുരിപ്പിച്ചത്.

ഉദയംപേരൂർ സൂനഹദോസ് മാർതോമാ ക്രിസ്ത്യാനികളുടെ വളർച്ചയിലും വ്യാപനത്തിലും നിർണ്ണായകമായി. 450 വർഷംകഴിഞ്ഞിട്ടും ക്നാനായ പോലൊരു സമൂഹം ഉദയംപേരൂരിനു മുമ്പുള്ള അക്രൈസ്തവമനോഭാവവും രക്തശുദ്ധിയിലും വംശമഹിമയിലുമുള്ള ദുരഭിമാനവും വെടിയാതെ സ്വയം ശൂന്യവത്ക്കരിച്ച യേശുക്രിസ്തുവിന്റെ സഭയിൽ തുടരുന്നതായിരിക്കണം കർദ്ദിനാൾ വർക്കി വിതയത്തിലിനെ വിസ്മയിപ്പിക്കുന്നത്.

തെക്കുംഭാഗർ എന്നുകൂടി അറിയപ്പെടുന്ന ക്നാനായക്കാർ വടക്കുംഭാഗരെ അനുകരിച്ച് താഴ്ന്ന ജാതിക്കാരെ മാമ്മോദീസ നല്കി സഭയിലേയ്ക്ക് സ്വീകരിച്ചിരുന്ന ഒരു ഹ്രസ്വകാലഘട്ടമുണ്ടായിരുന്നതായി ചരിത്രം വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ

> താഴ്ന്ന ജാതിക്കാരെ ക്നാനായ സഭയിലേയ്ക്ക് സ്വീകരിച്ചിരുന്ന ഒരു ഹ്രസ്വകാലഘട്ടമുണ്ടായിരുന്നതായി ചരിത്രം വെളിപ്പെടുത്തുന്നു.

1911-ൽ തങ്ങൾക്കായി ഒരു വ്യക്തിഗത രൂപത അനുവദിച്ചുകിട്ടിയതോടെ ഈ നവക്രൈസ്തവരെ മറ്റു രൂപതകളിലേക്കു പറഞ്ഞുവിടുകയോ ഉപേക്ഷിക്കുകയോ ആണ് ഇവർ ചെയ്തത്. പിശാചിന്റെ വക്കീൽ പറഞ്ഞാലും പറഞ്ഞില്ലെങ്കിലും രക്ത ശുദ്ധിയും വംശമാഹാത്മ്യവും പൊക്കിപ്പിടിച്ച് ഒരു ക്രൈസ്തവസമൂഹം നിലനില്ക്കാൻ അനുവദിച്ചത് സഭാചരിത്രത്തിൽ കറുത്ത അധ്യായമായിത്തന്നെ നിലനില്ക്കും.

സാമ്പത്തിക നേട്ടം പ്രതീക്ഷിച്ച് വളരെപ്പേർ ലോകത്തിന്റെ പല ഭാഗങ്ങളിലേയ്ക്കും കുടിയേറുന്നുണ്ട്. അതിനൊക്കെ പ്രേഷിതകുടിയേറ്റമെന്ന് എങ്ങനെ പേരിടും? ക്നാനായ സമൂഹം പ്രേഷിത മേഖലയിൽ പ്രതിസാക്ഷ്യമാണല്ലോ നല്കുന്നത്. ഇവരുടെ വളർച്ചയ്ക്ക് ആരാണ് തടസ്സം? ജ്ഞാനസ്നാനത്തിലൂടെയോ വിവാഹബന്ധത്തിലൂടെയോ

www.malankaralibrary.com

ആരേയും സ്വന്തം സമൂഹത്തിലേയ്ക്ക് സ്വീകരിക്കാത്തവർ എങ്ങിനെ വളരും? ഇനിയും ഇതുപോലൊരു രൂപത സ്ഥാപിക്കുന്നത് 100 കൊല്ലംമുമ്പ് പറ്റിയ ഒരു തെറ്റ് ന്യായീകരിക്കലും ആവർത്തിക്കലുമാകുമെന്ന് പരിശുദ്ധസിംഹാസനത്തിനും സീറോമലബാർ സിനഡിനും ബോധ്യമുണ്ട്.

**റവ. ഡോ. പോൾ തേനായൻ**
എറണാകുളം



## രണ്ട് സീറോമലബാർ സഭകൾ

വി. തോമാശ്ലീഹായിൽ നിന്നു വിശ്വാസം സ്വീകരിച്ച കേരള ക്രൈസ്തവസമൂഹത്തിനു സുറിയാനി സഭയുമായി ബന്ധം ഉണ്ടായതു ക്നാനായക്കാരുടെ വരവോടുകൂടിയാണല്ലോ. അവരിൽ നിന്നു ലഭിച്ച ഈ വരദാനം ഒടുവിൽ ഭസ്മാസുരനു ലഭിച്ച വരം പോലെയായോ എന്നു ഭയപ്പെടുന്നു. കാരണം അമിതമായ സുറിയാനി പരവേശം കാട്ടി

> ഞങ്ങളുടെ കുടുംബവും, കുഞ്ഞുങ്ങളും അനുഭവിക്കുന്ന ഒറ്റപ്പെടലുകൾ ക്രൈസ്തവവിശ്വാസത്തിന്റെ വെളിച്ചത്തിൽ ന്യായീകരിക്കത്തക്കതാണോ?

ഏതാണ്ട് തീവ്രവാദ മുഖവുമായി ഇതര സമൂഹങ്ങൾക്കു സ്വൈര്യക്കേടായി വർത്തിക്കുന്ന ചിലർ ഇവിടെ ഇപ്പോഴുണ്ട്.

യഹൂദ പാരമ്പര്യം കഴിയുന്നത്ര നിലനിർത്തി സാർവ്വത്രിക ക്രൈസ്തവ സമൂഹത്തിൽ നിലകൊള്ളാൻ ആഗ്രഹിക്കുന്ന ക്നാനായ കത്തോലിക്കാ സമൂഹം എല്ലാ സമൂഹത്തിന്റേയും ആദരവർഹിക്കുന്നു.

സ്വജാതി മെത്രാന്മാർ വേണമെന്നു മുറവിളി കൂട്ടിയപ്പോൾ കോട്ടയം വികാരിയാത്ത് ഉണ്ടായി. എന്നാൽ ചാൾസ് ലവീഞ്ഞ് എന്ന ഈശോസഭാംഗമായ വികാരി അപ്പസ്തോലിക്കായെ ഇവിടെ നിന്ന് ഒഴിവാക്കാനുള്ള ശ്രമങ്ങൾ തുടർന്നു. കത്തോലിക്കർ പ്രായേണ കുറവായിരുന്ന കോട്ടയം സഭാതല സ്ഥാനമല്ലാതാക്കി ചങ്ങനാശ്ശേരിയിൽ ആസ്ഥാനം ഉറപ്പിച്ചത് ചാൾസ് ലവീഞ്ഞ് പിതാവിനുതന്നെ അപകടം സൃഷ്ടിച്ചു. ഒടുവിൽ അദ്ദേഹത്തെ മാറ്റി മാർ മാക്കീൽ രൂപതാ തലവനായി നിയമിതനായി. തെക്കുംഭാഗക്കാരൻ എന്ന കാരണത്താൽ അദ്ദേഹത്തിനും ചങ്ങനാശ്ശേരിയിൽ തുടരാനായില്ല. ദൈവത്തിന്റെ പ്രത്യേക നടത്തിപ്പ് എന്നുപറയാം; വി. പത്താംപീയൂസ് കോട്ടയത്തെ വേർപ്പെടുത്തി, ക്നാനായക്കാരുടെ അഭിമാനം സംരക്ഷിച്ചു.

ഇന്നത്തെ കോട്ടയം അതിരൂപത അഭിമാനകരമായ വളർച്ചയുടെ പാതയിലാണ്. ഒരു ഭാഗത്തു നിന്നുണ്ടാകുന്ന ശക്തമായ കൽദായവത്ക്കരണനീക്കങ്ങളിൽ അടിപതറാതെ സാർവ്വത്രിക സഭയുമായുള്ള സ്നേഹബന്ധം നിലനിർത്തുകയാണ് കോട്ടയം. ഭാവിയിലും കോട്ടയം കത്തോലിക്കാ സമൂഹം ജാതി ചിന്തയിൽ വ്രണപ്പെടാതെ ദൈവസ്നേഹം പ്രകടിപ്പിക്കുമെന്ന് പ്രത്യാശിക്കാം.

ഒരു പ്രത്യാശ കൂടി. കോട്ടയം വികാരിയാത്ത്

www.malankaralibrary.com

## കോട്ടയം ഒരബദ്ധമല്ല

കത്തോലിക്കാ സഭയിലും യാക്കോബായ സഭയിലുമായി കഴിയുന്ന മൂന്നുലക്ഷത്തിനടുത്ത ക്നാനായക്കാരെ കണ്ണുമടച്ച് എതിർക്കുന്നവർ ചില വസ്തുതകൾകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. കോട്ടയം രൂപതാസ്ഥാപനം പണ്ട് മാർപാപ്പയ്ക്ക് പറ്റിയ അബദ്ധമൊന്നുമല്ല. കത്തോലിക്കാ സഭയുടെ ചരിത്രം പഠിച്ചിട്ടുള്ളവർക്ക് അത് ബോധ്യമുള്ള കാര്യമായിരിക്കും.

ക്രിസ്തുവിന്റെ ജന്മനാട്ടിൽ യഹൂദ ക്രൈസ്തവനായ ഫാദർ ഷാൻ മരിഗോറിയോയെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ബിഷപ്പ് ആയി 2003-ൽ നിയമിച്ചിരുന്നു. ഇസ്രയേലിലെ യഹൂദ കത്തോലിക്കർക്ക് വേണ്ടിയായിരുന്നു ആ നിയമനം എന്നുള്ളതാണ് ഇതിൽ പ്രധാനം. തെക്കും ഭാഗക്കാർക്ക് വേണ്ടി വംശീയ രൂപത സ്ഥാപിച്ചത് മാർ പാപ്പയ്ക്ക് പറ്റിയ കൈ അബദ്ധമാണെന്ന് പറയുന്നവർ 2003-ൽ റോം അനുവദിച്ച ഈ വംശീയ രൂപതയെക്കുറിച്ച് അറിഞ്ഞില്ലെന്ന് വരുമോ?

**ജോസഫ് ചാക്കോ**
കടുത്തുരുത്തി

ചങ്ങനാശ്ശേരി, കോട്ടയം എന്നീ രൂപതകളായി മാറി. ഇപ്പോൾ കോട്ടയം അതിരൂപതയുമായി. ഇനി സീറോമലബാർ രണ്ടാകുകയും വ്യക്തി സഭകളുടെ എണ്ണം ഒന്നുകൂടി വർദ്ധിച്ച് ക്നാനായ കത്തോലിക്കാ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ എന്ന് അറിയപ്പെടുകയും ചെയ്യും. ഇതൊരു സ്വപ്നം മാത്രം. യാഥാർത്ഥ്യമാകുമെന്ന് ആശിക്കുന്നു.

**ജയിംസ് ഐസക്,**
കുടമാളൂർ

## പുറത്താക്കപ്പെട്ടവരുടെ വേദന

കേരളസഭയിൽ ഇന്നും ഒരത്ഭുതമായി നിലനില്കുന്ന ക്നാനായ സമുദായത്തെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കുവാൻ തയ്യാറായ കാരുണികന് അഭിനന്ദനങ്ങൾ. വിവാഹത്തിലൂടെ സമുദായ ഇടവകയിൽ നിന്ന് പുറത്തുപോകേണ്ടിവരുന്ന ക്നാനായക്കാരുടെ ഹൃദയവേദന ചർച്ചയിൽ പങ്കെടുത്ത ശ്രീ. ജേക്കബിലൂടെ പുറത്തുവന്നു.

ദൈവം ഇണയായി തന്ന ഇഷ്ടപ്പെട്ട ജീവിതപങ്കാളിയെ സ്നേഹത്തിന്റെ കൂദാശയായ വിവാഹത്തിലൂടെ സ്വീകരിച്ചതിലൂടെ മാമ്മോദീസയും, വി.കുർബാനയും മറ്റ് ആത്മീയ ശുശ്രൂഷകളും നടത്തിവന്നിരുന്നു മാതൃ ഇടവകയിൽ നിന്ന് മാറി തലശ്ശേരി അതിരൂപതയിലെ ചുണ്ടപ്പറമ്പ് ഇടവകയിൽ ചേരേണ്ടി വന്ന ഒരു ക്നാനായക്കാരനാണ് ഞാൻ. എന്റെ വീട് പുതിയ ഇടവകയിൽ നിന്നും വളരെ ദൂരത്തായതിനാൽ വിവാഹത്തിനും, കുഞ്ഞുങ്ങളുടെ മാമോദീസയ്ക്കും വേണ്ടി മാത്രം ഇടവകയിൽ പോവുകയും, ബാക്കി കർമ്മങ്ങൾ ക്നാനായ ഇടവകയിൽ നടത്തുകയും എന്നാൽ ആ ഇടവകയിൽ അംഗമാകാതിരിക്കുകയും ചെയ്യുന്നതിന്റെ വേദന ശ്രീ. ജേക്കബിനെയും, എന്നെയും പോലുള്ള ക്നാനായക്കർക്ക് സഹിക്കാവുന്നതിലും അപ്പുറമാണ്.

ഞങ്ങളുടെ കുടുംബവും, കുഞ്ഞുങ്ങളുമൊക്കെ അനുഭവിക്കുന്ന ഒറ്റപ്പെടലുകൾ ക്രൈസ്തവവിശ്വാസത്തിന്റെ വെളിച്ചത്തിൽ എത്രമാത്രം ന്യായീകരിക്കത്തക്കതാണെന്ന് എനിക്കു സംശയമുണ്ട്. ചർച്ചയുടെ അവസാനത്തിൽ കോട്ടയം അതിരൂപതയുടെ സ്വാഭാവിക വളർച്ച തടസ്സപ്പെടുന്നതിലെ വേദന എല്ലാവരുടെയും വാക്കുകളിൽ കണ്ടു. ഞങ്ങളെപ്പോലുള്ള പുറത്തുപോകേണ്ടിവന്ന ക്നാനായ മക്കളുടെ നിരന്തര പ്രതികരണങ്ങളും, പ്രതിഷേധവുമാണ് വളർച്ചയുടെ തടസമെന്നാണ് എന്റെ അഭിപ്രായം. അമേരിക്കയിലും, മറ്റ് വിദേശരാജ്യങ്ങളിലും പ്രത്യേക സംഘാടനാ സംവിധാനത്തോടെ ഇവർ പ്രവർത്തിക്കുന്നുണ്ട്. ഞങ്ങളുടെ വേദനയും, നൊമ്പരവും പരിഹരിച്ച് ക്നാനായ കുടുംബങ്ങളെ മുഴുവൻ (അവർ സമുദായത്തിനു പുറത്ത് നിന്ന് വിവാഹം ചെയ്താലും) അതിരൂപതയിലെ ഇടവകകളിൽ നിലനിർത്തുന്ന സാഹചര്യം ഉണ്ടാകുമ്പോൾ സ്വാഭാവിക വളർച്ച ത്വരിതപ്പെടും അത് ആർക്കും തടയാനാവില്ല.

**ടി.കെ കുഞ്ഞുമോൻ തുമ്പശ്ശേരിൽ**
പയ്യാവൂർ, കണ്ണൂർ

www.malankaralibrary.com

അഭിമുഖം

# ശുശ്രൂഷയുടെ പാതയിൽ

മാർ ബോസ്കോ പുത്തൂർ / ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

വി ജോൺ പോൾ രണ്ടാമൻ മാർപാപ്പ ദിവംഗതനായപ്പോൾ അന്ത്യയാത്രയുടെ കമന്ററിക്കായും വാർത്താ വിശകലനങ്ങൾക്കായും മലയാള ചാനലായ ഇന്ത്യാവിഷൻ സമീപിച്ചത് മംഗലപ്പുഴ സെമിനാരി റെക്ടറായിരുന്ന ബോസ്കോ പുത്തൂരച്ചനെയാണ്. സീറോ മലബാർ സഭയുടെ ആദ്യത്തെ കൂരിയാ മെത്രാനായി നിയമിതനാകുമ്പോഴും അംഗീകരിക്കപ്പെട്ടത് ദൈവശാസ്ത്രത്തിലും സഭാത്മകവിഷയങ്ങളിലും ബോസ്കോ അച്ചനുള്ള സമാനതകളില്ലാത്ത അവഗാഹമാണ്. മാർ വർക്കി വിതയത്തിൽ പിതാവിന്റെ മനസറിഞ്ഞ് സീറോ മലബാർ സഭാഭരണ കാര്യാലയത്തെ ഏകോപിപ്പിക്കുന്ന മാർ ബോസ്കോ പുത്തൂർ കൂരിയാ മെത്രാൻ സ്ഥാനത്ത് ഒരു വർഷം പൂർത്തിയാക്കുകയാണ്. സഭയെക്കുറിച്ചും സമകാലിക പ്രതിസന്ധികളെക്കുറിച്ചും മാർ ബോസ്കോ പുത്തൂർ മനസുതുറക്കുന്നു.

■ സീറോ മലബാർ സഭയുടെ കൂരിയാ മെത്രാനായി പിതാവ് ചുമതലയേറ്റിട്ട് ഫെബ്രുവരി 13 ന് ഒരുവർഷം തികയുകയാണല്ലോ. കൂരിയാ മെത്രാന്റെ ചുമതലകളെന്തൊക്കെയാണെന്ന് ലളിതമായി ഒന്നു വിശദീകരിക്കാമോ?

കൂരിയാ എന്ന ലത്തീൻ വാക്കിന്റെ അർത്ഥം കാര്യാലയം എന്നാണ്. മാർപാപ്പ ഒരേസമയം റോമാ രൂപതയുടെ മെത്രാനും സാർവ്വത്രിക സഭയുടെ തലവനുമാണ്. റോമാ രൂപതാഭരണത്തിൽ മാർപാപ്പയെ സഹായിക്കുന്നത് കാർഡിനൽ വിക്കർ ആണ്. സാർവ്വത്രിക സഭയുടെ ഭരണത്തിനായുള്ള റോമൻ കാര്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ മാർപാപ്പയെ സഹായിക്കുന്നത് സെക്രട്ടറി ഓഫ് സ്റ്റേറ്റ് ആണ്. ഇതുപോലെ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയും സഭ മുഴുവന്റേയും ഭരണകർത്താവുമാണ്. എറണാകുളം-അങ്കമാലി അതിരൂപതാഭരണത്തിൽ മേജർ ആർച്ച് ബിഷപ്പിനെ സഹായിക്കാൻ രണ്ട് സഹായ മെത്രാന്മാരുണ്ട്. അതുപോലെ സീറോ മലബാർ സഭയുടെ ഭരണത്തിൽ മേജർ ആർച്ച് ബിഷപ്പിനെ സഹായിക്കുക, സീറോ മലബാർ സഭാകാര്യാലയത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്നതാണ് കൂരിയാ മെത്രാന്റെ ചുമതല. ഉദ്യോഗസഹജമായ അധികാരങ്ങളേക്കാൾ ഡെലഗേറ്ററി പവർ ആണ് കൂടുതലായി കൂരിയാ മെത്രാനുള്ളത്.

■ പാവങ്ങളുടെ പിതാവെന്നറിയപ്പെടുന്ന കുണ്ടുകുളം പിതാവിന്റെ നാട്ടുകാരനും അവസാന രണ്ടുവർഷങ്ങളിൽ വികാരി ജനറലുമായിരുന്നല്ലോ ബോസ്കോ അച്ചൻ. കുണ്ടുകുളം പിതാവിനെ എങ്ങിനെ നോക്കിക്കാണുന്നു?

കേരളസഭയുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു നേതൃസാന്നിദ്ധ്യമായിരുന്നു കുണ്ടുകുളം പിതാവ്. തീരുമാനങ്ങളെടുക്കാനും സ്വീകരിക്കുന്ന നിലപാടു

www.malankaralibrary.com



കളുമായി നിർഭയത്വത്തോടും നിർമമത്വത്തോടും കൂടെ മുന്നോട്ടുപോകുവാനുള്ള ചങ്കൂറ്റവും അദ്ദേഹത്തിനുണ്ടായിരുന്നു. മെത്രാനാകുന്നതിനുമുമ്പ് അദ്ദേഹം ഒരു അനാഥാലയത്തിന്റെ ഡയറക്ടറായിരുന്നു. പാവങ്ങളോടുള്ള പക്ഷംചേരൽ കടലാസിൽ നിന്ന് ജീവിതത്തിലേക്കെടുത്ത ഒരു കർമ്മയോഗിയാണദ്ദേഹം. സ്വീകരണങ്ങൾക്കിടെ പൂച്ചെണ്ടുകൾക്കും പൂമാലകൾക്കും പകരം അദ്ദേഹം സാരികൾ സ്വീകരിച്ചു. എന്നിട്ടത് പാവപ്പെട്ടവർക്ക് കൊടുത്തു. അദ്ദേഹം കാലം ചെയ്തപ്പോൾ സാരികൊണ്ടുള്ള റീത്തുകളാണ് സമർപ്പിക്കപ്പെട്ടത്. ഉദാരമായ കരങ്ങളുള്ള ഒരു വിശ്വാസ സമൂഹത്തെ അദ്ദേഹം രൂപപ്പെടുത്തി. താൻ തുടങ്ങിവച്ച എയ്ഡ്സ്ഹോം, അൺവെഡ് മദേഴ്സ് ഹോം, കുഷ്ഠരോഗാലയങ്ങൾ, നിരവധിയായ അനാഥമന്ദിരങ്ങൾ എന്നിവയിലൂടെ അദ്ദേഹം ഇന്നും ജീവിക്കുകയാണ്.

■ സീറോ മലബാർ സഭ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നാണല്ലോ All India Jurisdiction ന്റെ നിരാകരണം. ഏറ്റവും വലിയ മിഷനറി സഭയായ സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ നിഷേധാത്മകമായി ബാധിക്കുന്ന മേൽപ്പറഞ്ഞ പ്രശ്നത്തിന്റെ കാരണങ്ങളെന്തൊക്കെയാണ്?

1980 മുതലാണ് അഖിലേന്ത്യാതലത്തിൽ സീറോ മലബാർ സഭയുടെ അധികാരസീമയുടെ വിപുലീകരണത്തിനായുള്ള ശ്രമങ്ങൾ സഭാതലത്തിൽ ആരംഭിക്കുന്നത്. ഇന്ത്യയിലെ മെത്രാന്മാർ തമ്മിൽ ഇക്കാര്യത്തിൽ ധാരണയായാൽ റോമിന്റെ അംഗീകാരം ഉടൻ ലഭിക്കും. എന്നാൽ തെറ്റിദ്ധാരണകളും അനാവശ്യമായ ഭയാശങ്കകളുമാണ് മേൽപ്പറഞ്ഞ ശ്രമങ്ങളെ നിർജ്ജീവമാക്കുന്നത്. പലകാരണങ്ങളാണ് *All India Jurisdiction* നിഷേധിക്കുന്നതിനായി പറയപ്പെടുന്നത്.

1) All India Jurisdiction അനുവദിച്ചാൽ നിലവിലിരിക്കുന്ന ലാറ്റിൻ രൂപതകൾ ദുർബലമാകുമെന്നതാണ് ഒരു വാദം. ന്യായമായ അവകാശങ്ങൾ അനുവദിക്കുമ്പോൾ നിലവിലുള്ള സംവിധാനങ്ങളിൽ മാറ്റംവരുക സ്വാഭാവികം മാത്രമാണ്.

2) ഇന്ത്യയിലെ കത്തോലിക്കാസഭയുടെ ഐക്യം ശിഥിലമാകുമെന്നുള്ളതാണ് അവകാശനിഷേധങ്ങൾക്കായി പറയപ്പെടുന്ന രണ്ടാമത്തെ കാരണം. എന്നാൽ വ്യത്യസ്തങ്ങളായ മൂന്ന് റീത്തുകൾ കെ.സി.ബി.സി.യുടെ കുടക്കീഴിൽ നാനാത്വത്തിലെ ഏകത്വസാക്ഷ്യമാകുന്ന കാഴ്ച കേരളം ലോകത്തിന് കാണിച്ചുകൊടുത്തിട്ടുള്ളതാണ്. കത്തോലിക്കാസഭ തന്നെ 23 വ്യക്തിസഭകളുടെ കൂട്ടായ്മയാണല്ലോ. വൈവിധ്യങ്ങളെ മാനിക്കാനും പരിഗണിക്കാനും കഴിയുന്നിടത്ത് അനൈക്യത്തിന്റെ പ്രശ്നമുദിക്കുന്നില്ല.

3) ലത്തീൻ രൂപതകൾ നിലവിലിരിക്കുന്ന സ്ഥലങ്ങളിൽ അതേപേരിൽ ഒലമറ Quarters സ്ഥാപിക്കപ്പെടുമെന്നുള്ളതാണ് മറ്റൊരു തെറ്റിദ്ധാരണ. സീറോ മലബാർ സഭയെ സംബന്ധിച്ച് രൂപതയുടെ പേര് ഒരു പ്രശ്നമല്ല. വിശ്വാസികൾക്കാവശ്യമായ അജപാലന ശുശ്രൂഷ ലഭ്യമാക്കുന്നതിനുള്ള സംവിധാനമൊരുക്കുക എന്നതാണ് പരമപ്രധാനം. അധികം വൈകാതെ തന്നെ റോം ഇക്കാര്യത്തിൽ ഭാവാത്മകമായ തീരുമാനമെടുക്കും എന്നാണെന്റെ പ്രതീക്ഷ.

■ പിതാവിന്റെ ജീവിതത്തിലെ നല്ലൊരു പങ്കും സെമിനാരികളിലാണ് ചെലവഴിച്ചത്. കൃത്രിമമായൊരു അന്തരീക്ഷത്തിൽ ജനബന്ധമില്ലാതെ നടത്തപ്പെടുന്ന താണെന്ന ആരോപണം സെമിനാരി പരിശീലനത്തെക്കുറിച്ചുണ്ടല്ലോ. അനുഭവ



www.malankaralibrary.com

ങ്ങളുടെ വെളിച്ചത്തിൽ പിതാവിന്റെ മറുപടിയെന്താണ്?

ഇത് അതിശയോക്തിപരമായി പർവ്വതീകരിച്ച അഭിപ്രായമാണ്. ആദ്ധ്യാത്മികതയെന്നത് ജനമദ്ധ്യത്തിൽ രൂപപ്പെടുന്ന ഒന്നല്ല. ചിട്ടയും ക്രമവും എല്ലാ പരിശീലന പദ്ധതികളുടെയും അനിവാര്യ ഘടകമാണ്. വളയമില്ലാത്ത ചാട്ടങ്ങൾ ഇവിടെ മെച്ചപ്പെട്ട വൈദികരെ രൂപപ്പെടുത്തുമെന്ന് ഞാൻ കരുതുന്നില്ല. നിശബ്ദതയുടെയും ആത്മീയതയുടെയും സ്വച്ഛസങ്കേതങ്ങളാണ് ലോകത്തിന്റെ കറയോ ചുളിവോ ഇല്ലാത്ത ആത്മീയനേതൃത്വങ്ങളെ രൂപപ്പെടുത്തേണ്ടത്. മാത്രമല്ല സെമിനാരി പഠനകാലത്തിന്റെ മൂന്നിലൊന്ന് ഭാഗം അർത്ഥികൾ വീട്ടിലും ഇടവക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഇടങ്ങളിലാണ്.

■ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കേരളസഭയെ ഏറ്റവുമധികം സ്വാധീനിച്ച കരിസ്മാറ്റിക് പ്രസ്ഥാനത്തെ പിതാവെങ്ങനെ വിലയിരുത്തുന്നു?

ഭാവാത്മകമായ ഒട്ടേറെകാര്യങ്ങൾ കരിസ്മാറ്റിക് പ്രസ്ഥാനം കേരളസഭയ്ക്ക് സംഭാവന ചെയ്തിട്ടുണ്ടെങ്കിലും ചില മേഖലകളിൽ ഈ പ്രസ്ഥാനം ഇനിയും ശ്രദ്ധിക്കാനുണ്ട്.

1) മതജീവിതത്തെ വെറും വൈകാരികാനുഭൂതിയിലേക്ക് തരംതാഴ്ത്തുന്ന ഒരു ആത്മീയതയിലേക്ക് നവീകരണ പ്രസ്ഥാനങ്ങൾ ചുരുങ്ങരുത്.

2) വിശ്വാസവും യുക്തിയും ആരോഗ്യപരമായി സമന്വയിക്കുന്ന മതജീവിതത്തിന്റെ തുറസ്സുകളിലേക്ക് വിശ്വാസികളെ നയിക്കാൻ ഈ പ്രസ്ഥാനത്തിനാകണം. അന്ധമായ യുക്തിവിരോധം മതജീവിതത്തെ അന്ധവിശ്വാസങ്ങളിൽ തളച്ചിടും.

3) ആത്മീയത എന്നു പറയുന്നത് 'ഞാനും എന്റെ ദൈവവും' എന്നുള്ള ഒരു സ്വകാര്യ അനുഭവമായി ചുരുങ്ങാതെ, ദൈവാനുഭവം സാമൂഹ്യ പ്രതിബദ്ധതയിലേക്ക് നമ്മെ നയിക്കണം.

4) സഭാധികാരത്തിന് വിരുദ്ധമായ പ്രവർത്തനശൈലികളിലേക്കും സൈദ്ധാന്തിക അരാജകത്വ (Doctrinal Anarchy) ത്തിലേക്കും വഴുതിപ്പോകാനുള്ള പ്രലോഭനങ്ങളെ നവീകരണ പ്രസ്ഥാനം ചെറുത്തുതോൽപ്പിക്കണം.

■ മദ്ധ്യപൂർവ്വദേശത്തെ അജപാലനപ്രവർത്തനങ്ങളെ സംബന്ധിക്കുന്ന സിനഡിൽ അടുത്തയിടെ പിതാവ് പങ്കെടുത്തിരുന്നുവല്ലോ. അവിടെയുള്ള സീറോ മലബാർ വിശ്വാസികൾക്കായി സഭാതലത്തിൽ അജപാലന സംവിധാനങ്ങൾ ഉടൻ പ്രതീക്ഷിക്കാമോ?

ഗൾഫിൽ വിവിധയിടങ്ങളിലായി അഞ്ച് ലക്ഷം സീറോ മലബാർ വിശ്വാസികളുണ്ട്. എന്നാൽ അവരുടെ അജപാലനാവശ്യങ്ങളുടെ നിർവ്വഹണത്തിനായി ആരേയും അങ്ങോട്ടയക്കാൻ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഖത്തറിലെ ദോഹയിൽ മാത്രമാണ് ഒരു ദേവാലയമുള്ളത്. സീറോ മലബാർ പ്രോവിൻസിൽപെട്ട കപ്പൂച്ചിൻ അച്ചന്മാരെയാണ് അജപാലന ശുശ്രൂഷക്കായി അവിടത്തെ മെത്രാൻ നിയോഗിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടി ക്രമമല്ല. വ്യക്തിസഭയുടെ തലവന്മാരുമായി ബന്ധപ്പെട്ടാണ് വിശ്വാസികളുടെ അജപാലനാവശ്യങ്ങൾക്കായി വൈദികരെ നിയോഗിക്കേണ്ടത്. ഗൾഫ് രാജ്യങ്ങളിൽ സീറോ മലബാർ വിശ്വാസികൾക്ക് തനതായ ആരാധനക്രമവും മതബോധന സാദ്ധ്യതകളും അവിടെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. മദ്ധ്യപൂർവ്വദേശത്ത് ഒരു Exarchate സ്ഥാപിക്കപ്പെടുന്നത് മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കുറിക്കുന്ന നടപടികളുടെ പ്രാരംഭമായിരിക്കും.

■ സി.പി.ഐ. സെക്രട്ടറിയായി ചാർജെടുത്ത സമയത്ത് ശ്രീ. സി.കെ. ചന്ദ്രപ്പൻ പറഞ്ഞു; കേരളത്തിൽ നിലച്ചുപോയ മാർക്സിസ്റ്റ്-ക്രിസ്ത്യൻ സംവാദം പ്രോത്സാഹിപ്പിക്കണമെന്ന്. സംവാദത്തിന് പകരം വാഗ്വാദവും ആരോ

www.malankaralibrary.com

**പണ–പ്രത്യാരോപണങ്ങളും അരങ്ങുതകർക്കുന്ന സമകാലിക അവസ്ഥയെ പിതാവ് എങ്ങിനെ വിലയിരുത്തുന്നു?**

മാർക്സിസ്റ്റ് പാർട്ടിയുമായുള്ള താത്വികസംവാദം വളരെ എളുപ്പമാണ്. അത് മുമ്പ് നടന്നിരുന്നതുമാണ്. എന്നാൽ പ്രായോഗിക പ്രശ്നങ്ങൾ, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ഗവൺമെന്റിന്റെ ഹിഡൻ അജണ്ടകളും പ്രത്യയശാസ്ത്ര അധിനിവേശവുമാണ് സംവാദങ്ങളെ നിർവ്വീര്യമാക്കുന്നതും ഒരു പരിധിവരെ അസാദ്ധ്യമാക്കുന്നതും. കത്തോലിക്കാസഭ നടത്തുന്ന സ്ഥാപനങ്ങളെ ശത്രുപക്ഷത്ത് പ്രതിഷ്ഠിച്ച് അവയെ തകർക്കാനും എല്ലാ മേഖലയിലും പാർട്ടിക്കാരെ തിരുകിക്കയറ്റാനുമുള്ള ഗൂഢശ്രമങ്ങൾ സംവാദത്തെ അസാധ്യമാക്കുകയും അടുക്കാനാവാത്തവിധം ഇരുചേരികളെ രൂപപ്പെടുത്തുകയും ചെയ്തു. അടഞ്ഞവാതിലുകൾ ഒരിക്കിലും തുറക്കില്ലെന്ന് ഞാൻ കരുതുന്നില്ല.

■ **സെക്കുലർ മീഡിയയുടെ ഒരു Target point ആണല്ലോ കത്തോലിക്കാസഭ?**

അത് ഇന്നത്തെ സംസ്കാരത്തിന്റെ ഒരു പ്രത്യേകതയാണ്. സംഘടിതമായ, ബലമുള്ള, ക്രയ ശേഷിയുള്ള പ്രസ്ഥാനങ്ങളെ തകർക്കാനും അവയിലേക്ക് നുഴഞ്ഞുകയറി രഹസ്യങ്ങൾ പുറത്താക്കാനുമുള്ള വ്യഗ്രത ഇന്നത്തെ മാധ്യമ സംസ്കാരത്തിൽ വളരെ ശക്തമാണ്. Established ആയിട്ടുള്ളതിനെയെല്ലാം തകർക്കുന്നതിൽ ഗൂഢസന്തോഷം കണ്ടെത്തുന്ന നെറിവില്ലാത്ത ഒരു മാധ്യമ നയമാണിവിടെ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. മാത്രമല്ല കേരളത്തിൽ വർദ്ധിച്ചുവരുന്ന വർഗീയതയും സാമുദായിക ചേരിതിരിവുകളും സഭയെ ആക്രമണത്തിന്റെ Target point ആക്കുന്നുണ്ട്. തെറ്റുകൾ തിരുത്തുവാൻ സഭയെ സഹായിക്കുന്നു എന്ന അർത്ഥത്തിൽ ഈ വിമർശനങ്ങൾ ഒരു പരിധിവരെ ആരോഗ്യപരവുമാണ്.

■ **""History is a mutually agreed myth" ഉഭയസമ്മതമുള്ള കെട്ടുകഥകളാണ് ചരിത്രം– ചരിത്രത്തെക്കുറിച്ചുള്ള നെപ്പോളിയന്റെ നിർവ്വചനമാണിത്. വ്യക്തിതാൽപ്പര്യങ്ങൾക്കതീതമായി, വസ്തുനിഷ്ഠമായി, പക്ഷപാതരഹിതമായി സീറോ മലബാർ സഭയുടെ ചരിത്രരചനയ്ക്ക് സഭാതലത്തിൽ ശ്രമം നടക്കേണ്ടതല്ലേ?**

Objective History എന്നത് ആദർശതലത്തിൽ മാത്രം നിൽക്കുന്ന ഒരു കാര്യമാണ്. ചരിത്രമെഴുതുമ്പോൾ എഴുതുന്ന വ്യക്തിയുടെ ദർശനങ്ങളും ചരിത്രത്തെ രൂപപ്പെടുത്തും. സീറോ മലബാർ സഭയുടെ ചരിത്രം പലരെഴുതിയിട്ടുണ്ട്. ബർണാഡച്ചൻ, പ്ലാസിഡച്ചൻ, മത്തിയാസ് മുണ്ടാടനച്ചൻ, വടക്കേക്കരയച്ചൻ, ഒരു പരിധിവരെ കൂടപ്പുഴയച്ചൻ... അങ്ങനെ പലരും. ചരിത്രം പണ്ഡിതന്മാരുടെ പഠന-മനനങ്ങളിലൂടെ രൂപപ്പെടേണ്ടതാണ്. ഒരു പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലുള്ള ചരിത്രമെഴുത്തിനേക്കാൾ പലരുടെ ഗവേഷണങ്ങളിൽ നിന്നുരുത്തിരിയുന്നവയെ നെല്ലും പതിരും വേർതിരിച്ച് സ്വീകരിക്കുന്നതാണ് ഉചിതം. മുസിരിസ് പൈതൃകപദ്ധതി പ്രദേശത്ത് നടക്കുന്ന പഠനങ്ങളും ഗവേഷണങ്ങളുമൊക്കെ മാർത്തോമാ ക്രിസ്ത്യാനികളുടെ പഴമകളിലേക്ക് വെളിച്ചം വീശുമെന്നാണ് എന്റെ പ്രതീക്ഷ.

> **മദ്ധ്യപൂർവ്വദേശത്ത്**
> **ഒരു Exarchate**
> **സ്ഥാപിക്കപ്പെടുന്നത്**
> **പ്രശ്നപരിഹാരത്തിനുള്ള**
> **തുടക്കമായിരിക്കും**

■ **പിതാവിന്റെ കുടുംബത്തെക്കുറിച്ച്?**

തൃശൂർ അതിരൂപതയിലെ പറപ്പൂരാണ് എന്റെ വീട്. പള്ളിയുടെ തൊട്ടടുത്താണ് എന്റെ വീട്. ചെറുപ്പം മുതലേ പള്ളിയും വൈദികരുമായൊക്കെ ബന്ധപ്പെട്ടുള്ള ജീവിതമായിരുന്നു എന്റേത്. എന്റെ മാതൃസഹോദരനായ ഫാ. ജോർജ് ചൂണ്ടലച്ചൻ എന്റെ പൗരോഹിത്യ സങ്കൽപ്പങ്ങളെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുള്ള ഒരാളാണ്. എന്റെ രണ്ടുസഹോദരിമാർ സിസ്റ്റേഴ്സാണ്.

■ **സീറോ മലബാർ സഭയെ സംബന്ധിച്ച് പിതാവിന്റെ സ്വപ്നമെന്താണ്?**

ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാകുക എന്നതാണ് സഭയുടെ ദൗത്യം. ഉപ്പ് കട്ടയായിട്ടുതന്നെ ഇരിക്കാനുള്ളതല്ല. അലിഞ്ഞുചേർന്ന് രുചിപകരുക എന്നതാണതിന്റെ നിയോഗം. ലോകത്തിലെ സഭയുടെ ദൗത്യവും ഇതുതന്നെയാണ്. ■

www.malankaralibrary.com



# യേശുവിനെപ്പോലെ പെരുമാറാം

ഡോ. ജെ. നാലുപറയിൽ എം.സി.ബി.എസ്സ്

*ബൈബിൾ (പുതിയ നിയമം) പ്രൊഫസർ*

അജപാലകർ എങ്ങനെയാണ് പെരുമാറേണ്ടത്? ഇതിനുള്ള ഉത്തരത്തിനായി നോക്കേണ്ടത് നസ്രസിലെ യേശുവിലേക്കാണ്. മാർപാപ്പ ആയാലും മെത്രാൻ ആയാലും വികാരിയച്ചനായാലും മാതൃക യേശുക്രിസ്തു തന്നെയാണ്. യേശുവിന്റെ പെരുമാറ്റരീതിയുടെ ചില മുഹൂർത്തങ്ങളിലൂടെയുള്ള ഒരു യാത്ര.

ഇതുപൊലൊരു വിചിന്തനം 2009 നവംബർ ലക്കം കാരുണികനിൽ കുറിച്ചിരുന്നു (പേജ് 16–19). 'യേശുവിനെപ്പോലെ സംസാരിക്കാം' എന്നായിരുന്നു അതിന്റെ തലവാചകം. അതിന്റെ തുടർച്ചയാണെന്നു തന്നെ പറയാം താഴെ വരുന്നത്.

പഴയൊരു സംഭവം പറയാം. രണ്ടു പതിറ്റാണ്ടുകൾക്ക് മുമ്പ് നടന്നതാണ്. കുടിയേറ്റ മേഖലയിലെ ഒരിടവകയാണ് സ്ഥലം – സ്കൂളും, റോഡും, കറണ്ടും, ടെലിഫോണുമില്ലാത്ത ഗ്രാമം. പുതിയ വികാരിയച്ചൻ വരുന്നതാണ് രംഗം. നാടിന്റെയും ഇടവകയുടെയും സർവ്വ പ്രതീക്ഷയും പുതിയ വികാരിയച്ചനിലായിരുന്നു. വളർച്ചയുടെയും വികസനത്തിന്റേതുമായ അവരുടെ എല്ലാ സ്വപ്നങ്ങളും അദ്ദേഹത്തെ ചുറ്റിപ്പറ്റിയായിരുന്നു. അവർ കേട്ടതനുസരിച്ച്, രൂപതയിലെ തന്നെ നല്ലവനും, ഭക്തനും, വിശുദ്ധനുമായ അച്ചനായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ അവരുടെ പ്രതീക്ഷകളുടെ തീവ്രത വർദ്ധിച്ചതേ ഉള്ളൂ.

ആദ്യത്തെ പ്രസംഗത്തിൽ തന്നെ അച്ചൻ തന്റെ നയപരിപാടി വ്യക്തമാക്കി: "ഇടവക ഒരു ആധ്യാത്മിക സമൂഹമാണ് – പ്രാർത്ഥനാ സമൂഹം. അതിനാൽ പ്രാർത്ഥനക്കും, കുർബാനക്കും, കൂദാശകൾക്കുമാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്. എന്റെ ശ്രദ്ധ മുഴുവൻ അക്കാര്യങ്ങളിലായിരിക്കും".

അച്ചൻ പറഞ്ഞതുപോലെ തന്നെ പ്രവർത്തിച്ചു. ഒരു വർഷം തന്നെ രണ്ടും മൂന്നും ധ്യാനം നടത്തി ഇടവകക്കാരെ നവീകരിക്കാൻ ശ്രമിച്ചു. കുർബാനയുടെ പാട്ടും പ്രാർത്ഥനകളും പരിശീലിപ്പിച്ചു ചിട്ടപ്പെടുത്തി; വേദപാഠം കർശനമായി വളർത്തിയെടുത്തു. ഫലമോ...?

ജറുസലേം പട്ടണം. യേശു ഗലീലിയിൽ നിന്നും വരുന്ന വഴിയായിരുന്നു. അജകവാടം കടന്ന് അവൻ അകത്തേക്ക് കയറി; കൂടെ ശിഷ്യരുടെയും അനുയായികളുടെയും കൂട്ടവും. അവർ ചെന്നുനിന്നത് ബേത്സഥാ കുളക്കരയിലായിരുന്നു. കുളക്കരയും പരിസരവും നിറയെ രോഗികൾ. കൂടാതെ അവരുടെ ബന്ധുക്കളും പരിചാരകരും. ജനക്കൂട്ടത്തിന്റെ നടുവിലും യേശുവിന്റെ കണ്ണുകൾ അവനെ തിരിച്ചറിഞ്ഞു– മുപ്പത്തിയെട്ടു വർഷം രോഗം തടവിലാക്കിയവനെ!

സൗഖ്യം അടുത്ത് എത്തിയിട്ടും കൈക്കലാക്കാൻ പറ്റാത്തതിന്റെ നിരാശ അവന്റെ കണ്ണുകളിൽ നിറ

www.malankaralibrary.com




ഞ്ഞിരുന്നു. കാരണം അവനെ വെള്ളത്തിലിറക്കാനായി അവന് സ്വന്തക്കാർ ആരുമില്ലായിരുന്നു. പ്രിയപ്പെട്ടവരാരും സ്വന്തമില്ലാത്ത തീരാരോഗിയോടായിരുന്നു യേശുവിന്റെ ചോദ്യം: "സുഖപ്പെടാൻ നിനക്ക് ആഗ്രഹമുണ്ടോ?"

തളർവാതക്കാരന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആവശ്യത്തിലേക്കാണ് യേശുവിന്റെ ചോദ്യം ചെന്ന് വീഴുന്നത്. യേശു കല്പിക്കുന്നതോടെ അവൻ കിടക്കെയെടുത്തു നടന്നു (യോഹ 5:1-10)

"നീ എന്തടാ സാബത്തിൽ ചുമടെടുത്ത് നിയമം ലംഘിക്കുന്നത്?"- യൂദപ്രമാണികളുടെ വിചാരണ.

അവനിങ്ങനെ പ്രതികരിച്ചു: "എന്നെ സുഖപ്പെടുത്തിയവൻ ഇങ്ങനെ ചെയ്യാൻ പറഞ്ഞു; ഞാനതു അനുസരിച്ചു". ഏറ്റവും വലിയ ജീവിതാഭിലാഷം നേടിത്തരുന്നവൻ എന്തു പറഞ്ഞാലും അനുസരിക്കുമെന്ന അവസ്ഥ.

**പാഠം 1 - അജഗണങ്ങളുടെ ജീവിതാവശ്യം തിരിച്ചറിയാൻ കഴിയുന്നിടത്താണ് അജപാലകൻ ജനിക്കുന്നത്. അവരുടെ ജീവിതാവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുമ്പോൾ ഉളവാകുന്നത് ബന്ധത്തിന്റെ പാരസ്പര്യമാണ് - എന്തുപറഞ്ഞാലും കേൾക്കുമെന്ന രീതിയിലുള്ള ബന്ധം.**

ജറീക്കോ പട്ടണം. യേശുവും ശിഷ്യരും ജറുസലേം ലക്ഷ്യമാക്കിയുള്ള യാത്രയിലായിരുന്നു. അന്ന് യേശു തന്റെ ജനകീയതയുടെ കൊടുമുടിയിലായിരുന്നു. അതിനാൽ വലിയൊരു ജനക്കൂട്ടവും അവന്റെ പുറകെയുണ്ടായിരുന്നു. ജനാരവം മൈലുകൾക്ക് അപ്പുറത്ത് കേൾക്കാമായിരുന്നു.

"എന്താടാ ഒരു ബഹളം"? - ബർതിമേയൂസ് കൂട്ടുകാരനായ യാചകനോട് ചോദിച്ചു. അവർ രണ്ടുപേരും ജറുസലേമിലേക്കുള്ള രാജപാതയുടെ ഓരത്ത് മരണത്തലിൽ ഇരിക്കുകയായിരുന്നു.

"എനിക്കും ഒന്നും പിടികിട്ടുന്നില്ല. നമുക്ക് ആരോടെങ്കിലും ചോദിക്കാം"- ഒരു പോംവഴി അവൻ നിർദ്ദേശിച്ചു.

"യേശു വരുന്ന ബഹളമാണത്"- അവരുടെ സംസാരം കേട്ട വഴിപോക്കൻ വിളിച്ചു പറഞ്ഞു.

"താങ്കൾ പറയുന്നത് നസ്രത്തിലെ യേശുവാണെന്നോണോ? രോഗികളെയും കുരുടരെയും സുഖപ്പെടുത്തുന്നവൻ?"-ബർതിമേയൂസ് ആകാക്ഷയോടെ ഉറക്കെ ചോദിച്ചു.

"അവൻ തന്നെ. അവനെ ഒരു നോക്ക് ഒന്ന് കാണാനുള്ള ശ്രമത്തിലാണ് ഞാൻ. പറ്റുമോന്നു നോക്കട്ടെ".

പിന്നീട് യേശു കേൾക്കുന്നത് ബർതിമേയൂസിന്റെ

www.malankaralibrary.com



നിലവിളിയായിരുന്നു. മറ്റെല്ലാ ശബ്ദങ്ങൾക്കും ഉപരിയായി അവന്റെ ശബ്ദം ഉയർന്നു നിന്നു. കനിവ് യാചിച്ചുകൊണ്ടുള്ള യാചകന്റെ ശബ്ദം.

അതോടെ യേശു നിന്നു. കൂടെ ശിഷ്യരും; പിന്നെ ജനക്കൂട്ടവും. നിലവിളിക്കാരനെ കൂട്ടിക്കൊണ്ടുവന്നപ്പോൾ യേശു അവനോട് ചോദിച്ചു: "ഞാൻ നിനക്ക് എന്താണ് ചെയ്തു തരേണ്ടത്?"

"നാഥാ" ബർതിമേയൂസ് പറഞ്ഞു: "എനിക്കു കാഴ്ച കിട്ടണം".

കാഴ്ച കിട്ടട്ടെയെന്ന് യേശു പറഞ്ഞതോടെ അവന്റെ കണ്ണിൽ പ്രകാശമായി; അവനെല്ലാം വ്യക്തമായി കാണാൻ തുടങ്ങി. ഉടനെ അവൻ യേശുവിന്റെ പിന്നാലെ കൂടി (ലൂക്കാ 18:35-43).

"ഞാൻ നിനക്കെന്താണ് ചെയ്തു തരേണ്ടത്?" യേശുവിന്റെ മനസ്സിലെ സ്ഥായീഭാവം ഇതായിരുന്നു. മുമ്പിൽ നിൽക്കുന്നവന്റെ പ്രധാന ആവശ്യം അന്വേഷിക്കുന്ന ശ്രദ്ധ. ആവശ്യം തിരിച്ചറിഞ്ഞ് അതിനോട് പ്രതികരിക്കുമ്പോൾ സംഭവിക്കുന്നത് വലിയൊരു അത്ഭുതമാണ്- യാചകൻ തന്റെ തൊഴിൽ ഉപേക്ഷിക്കുന്നു; രാജപാതയിലെ തന്റെ സങ്കേതം വിടുന്നു. എന്നിട്ട് യേശുവിന്റെ കൂടെ കൂടുന്നു; അതും ജറുസലേമിലേക്കുള്ള അവന്റെ യാത്രയിൽ.

**പാഠം 2 – അജഗണങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞ്, ചെയ്യാൻ പറ്റുന്നതെല്ലാം അവർക്കായി ചെയ്യുമ്പോൾ അവർ നിന്റെ കൂടെക്കൂടും. അത് പാടുപീഡകളുടെ ജറുസലേമിലേക്കാണെങ്കിൽ പോലും അവർ സംശയിച്ചു നിൽക്കുകയില്ല; നിന്റെ കൂടെക്കൂടും. തീർച്ച.**

യേശു കൊല്ലപ്പെട്ടു കഴിഞ്ഞപ്പോൾ ശിഷ്യന്മാർ അവർ വന്ന സ്ഥലത്തേക്ക് തിരിച്ചുപോയി - ഗലീലിയിലേക്ക്. മുക്കുവരായ ഏഴുപേർ ഗലീലി കടൽത്തീരത്ത് തന്നെ തിരിച്ചെത്തി; വൈകുന്നേരമായി.

"ഞാൻ മീൻപിടിക്കാൻ പോകുകയാണ്", പത്രോസിന്റെ സ്വരത്തിൽ നേതൃത്വത്തിന്റെ നിശ്ചയദാർഢ്യമുണ്ടായിരുന്നു. അപ്പോൾ ബാക്കിയുള്ളവരും അവന്റെ കൂടെക്കൂടി.

പിന്നീടങ്ങോട്ടു കൂട്ടായ പരിശ്രമത്തിന്റെ മണിക്കൂറുകളായിരുന്നു. ശ്രമിക്കുന്തോറും കടൽ തങ്ങളെ ചതിക്കുന്നതുപോലെ. അവരുടെ ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു ഇത്തരമൊരനുഭവം. മൂന്നുവർഷത്തെ ഇടവേള തങ്ങളെ തീർത്തും പരാജയപ്പെടുത്തിയെന്ന തിരിച്ചറിവുമായി അവർ തളരുമ്പോഴായിരുന്നു കടൽക്കരയിൽ ഒരു ആളനക്കം: "നല്ല മീൻ വല്ലതുമുണ്ടോ?"

അതിരാവിലെ മീൻ വാങ്ങാൻ വന്നവരാരോ ആയിരിക്കണം. കാര്യമായിട്ടൊന്നുമില്ലെന്ന് പറഞ്ഞ് ഒഴിവാക്കാൻ നോക്കിയപ്പോൾ അയാളുടെ നിർദ്ദേശം. "വള്ളത്തിന്റെ വലതു വശത്ത് വലയിട്ടു നോക്കിക്കേ. മീൻ കിട്ടും!"

പത്രോസിന് അയാളുടെ കല്പനാസ്വരം അത്ര പിടിച്ചില്ല. ഇവനാരെടാ എന്നെ മീൻ പിടുത്തം പഠിപ്പിക്കാനെന്ന ചിന്തയായിരുന്നു അവന്റെ മനസ്സിൽ. എന്തായാലും ഒന്നു പരീക്ഷിക്കാമെന്നു കരുതി യാക്കോ

www.malankaralibrary.com

ബ് മുന്നോട്ടിറങ്ങി.

അത്ഭുതമേ! വലിച്ചിട്ടും വലിച്ചിട്ടും വല അനങ്ങുന്നില്ല. അത്രക്കുണ്ടായിരുന്നു വലയിൽ കുടുങ്ങിയ മീനിന്റെ ഭാരം.

"അതവനാണ്; നാഥൻ!", വിളിച്ചുപറഞ്ഞത് യോഹന്നാനായിരുന്നു. വഞ്ചി കരക്കടുത്തു. എല്ലാവരും കരക്കിറങ്ങിയപ്പോഴത്തെ കാഴ്ച അവരെ തീർത്തും നിരായുധരാക്കി.

എരിഞ്ഞു കത്തുന്ന ഒരടുപ്പ്! കനൽപ്പുറത്ത് പാതി വെന്തു കൊണ്ടിരിക്കുന്ന മീൻ. തൊട്ടടുത്ത് ചൂടു മാറാത്ത അപ്പവും.

"നിങ്ങൾ പിടിച്ചതിൽ കുറെ മീനും കൊണ്ടുവാ"– യേശു നിർദ്ദേശിച്ചു.

കൈനിറയെ മീനുമായി പത്രോസ് വന്നപ്പോൾ

> യേശുവിന് ഏറ്റവും പ്രധാനമൂല്യം മനുഷ്യനായിരുന്നു; മനുഷ്യന്റെ നന്മയായിരുന്നു.

യേശു കൈനീട്ടി. മീൻ കൈമാറുന്നതിനിടയിൽ യേശുവിന്റെ കരം അവനെ സ്പർശിച്ചു. അപ്പോൾ യേശു പറഞ്ഞു: "നിങ്ങൾ ശരിക്കും മടുത്തു കാണും. അതുകൊണ്ട് പ്രാതൽ കഴിക്കൂ. നിങ്ങൾ കഴിക്കുമ്പോൾ ബാക്കി മീൻ കൂടി ഞാൻ ചുട്ടെടുക്കാം".

സ്വന്തം വിളിയും ദൗത്യവും ഉപേക്ഷിച്ച് പഴയ തൊഴിലിലേക്ക് പിന്തിരിയുന്ന ശിഷ്യരെ യേശു കുറ്റപ്പെടുത്തുന്നില്ല എന്നതാണ് ശ്രദ്ധേയം. എന്നു മാത്രമല്ല, പഴയതെല്ലാം മറന്ന് മീൻ പിടുത്തത്തിന്റെ തീക്ഷ്ണതയിലായവരുടെ അപ്പോഴത്തെ ആവശ്യമാണ് യേശു ശ്രദ്ധിക്കുന്നത്. 'മീൻ വല്ലതും കിട്ടിയോ' എന്ന ചോദ്യം അവരുടെ അപ്പോഴത്തെ ആവശ്യത്തിലേക്കുള്ള യേശുവിന്റെ താല്പര്യത്തെയാണ് വ്യക്തമാക്കുന്നത്. അവർ പ്രതീക്ഷിച്ചതിലും കൂടുതൽ മീൻ പിടിക്കാൻ അവരെ സഹായിക്കുമ്പോൾ അവരുടെ ആവശ്യമാണ് യേശു സാധിച്ചുകൊടുക്കുന്നത്.

അവിടം കൊണ്ടും യേശു നിർത്തുന്നില്ല. മീൻ പിടിക്കാൻ പോയവരുടെ വലയും വള്ളവും നിറഞ്ഞു കഴിഞ്ഞാൽ പിന്നെ അവരുടെ ആവശ്യം നല്ല ഭക്ഷണമാണ്. അതും ഒരുക്കിവച്ചിട്ടാണ് യേശു അവരെ പ്രാതലിനു ക്ഷണിക്കുന്നത്.

അവർ ഭക്ഷിച്ചുകഴിഞ്ഞപ്പോൾ യേശു പത്രോസിനെ അടുത്തേക്ക് വിളിച്ചു. അവന്റെ തോളിൽ കൈയിട്ടുകൊണ്ടു പതിഞ്ഞ സ്വരത്തിൽ ചോദിച്ചു: "നിനക്ക് എന്നോട് ഇഷ്ടമാണോ?"

യേശുവിന്റെ മുഖത്തേക്കു നോക്കാനാവാതെ മടിച്ച് തലയാട്ടി. വീണ്ടും അതേ ചോദ്യം ആവർത്തിച്ചപ്പോൾ അവന്റെ കണ്ണു നിറഞ്ഞു. മൂന്നാം വട്ടമായപ്പോൾ പത്രോസ് തകർന്നു; ഊർന്ന് നിലത്തേക്ക് വീണ് അവന്റെ കാൽപാദത്തിങ്കൽ കുമ്പിട്ടു.

വല നിറയെ മീനും, വയറു നിറയെ ഭക്ഷണവും കൊടുത്തിട്ടാണ് യേശു പത്രോസിന്റെ വീഴ്ചയെ സ്പർശിക്കുന്നത്. അതും വളരെ ലോലമായി; സ്നേഹത്തിന്റെ തൂവൽസ്പർശം പോലെ. അപ്പോഴേക്കും പിൻമാറാകാനാവാത്തവിധം അവന്റെയുള്ളിൽ യേശുവിനോടുള്ള കൂറ് ഉണർന്നുകഴിഞ്ഞിരുന്നു. അതുകൊണ്ടാണ് അവൻ ആത്മസമർപ്പണത്തിലേക്ക് തളർന്നു വീഴുന്നത്.

**പാഠം 3: നിന്റെ പ്രിയരും സ്വന്തപ്പെട്ടവരും ഇടറിയെന്നിരിക്കാം. അവരുടെ ഇടർച്ചയും വീഴ്ചയും അവർ കടന്നു പോകുന്ന ആന്തരിക സംഘർഷങ്ങളുടെ ചെറിയ അടയാളങ്ങൾ മാത്രമാണ്. അപ്പോഴും നീ ചെയ്യേണ്ടത് അവരുടെ അപ്പോഴത്തെ ആവശ്യങ്ങളെ തിരിച്ചറിയുക, സാധിച്ചുകൊടുക്കുക എന്നതാണ്. എങ്കിൽ മാത്രമേ ആന്തരികമായി അവരെ നിനക്കു നേടാനാകൂ, ദൈവിക ദൗത്യത്തിലേക്ക് അവരെ ഉണർത്താനാകൂ.**

ഈ വിചിന്തനം തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോൾ ഒരു സുഹൃത്ത് വന്നു. അവരുടെ പുതിയ വികാരിയച്ചന്റെ കഥ പറഞ്ഞു. ഇത്രയും പക്ഷപാതമില്ലാത്തവനും നീതിനിഷ്ഠനുമായ മറ്റൊരച്ചൻ ഉണ്ടാവില്ല. എല്ലാക്കാര്യങ്ങളിലും കൃത്യത; എല്ലാവരോടും ഒരേ പോലെ. ആർക്കും ഒരു തെറ്റും ചൂണ്ടിക്കാണിക്കാനാവില്ല.

ഒരു ദിവസം ഒരു വല്ല്യപ്പൻ പള്ളിമേടയിൽ ചെന്നു. കൊച്ചുമകന്റെ മാമോദീസാ സർട്ടിഫിക്കറ്റു വാങ്ങാൻ. വല്ല്യപ്പന് ചെവിക്ക് കേഴ്വിക്കുറവായിരുന്നു. അതിനാൽ അച്ചന് ഒരേ ചോദ്യം പലപ്രാ

www.malankaralibrary.com

വശ്യം ആവർത്തിക്കേണ്ടി വന്നു. സർട്ടിഫിക്കറ്റ് കൊടുക്കാതെ അച്ചൻ അയാളെ കളിയാക്കി വിട്ടു.

അടുത്ത ഞായറാഴ്ച. കുർബാനക്കിടക്കുള്ള അറിയിപ്പു സമയം. അച്ചൻ മാമോദീസാ സർട്ടിഫിക്കറ്റ് കഥ സരസമായി വിവരിച്ചു. എന്നിട്ടു പറഞ്ഞു കണ്ട പൊട്ടനും ചട്ടനുമൊന്നും പള്ളിമുറിയിലേക്ക് വരണ്ട. കാഴ്ചയും കേൾവിയുമുള്ള മക്കൾ വന്നാൽ മതി...

യേശു ഒരു സിനഗോഗിലായിരുന്നു. അവിടെ സാബത്ത് പ്രാർത്ഥനയായിരുന്നു. എന്നാൽ അവന്റെ ശ്രദ്ധ മുഴുവൻ കൂനിയായ ഒരു സ്ത്രീയിലായിരുന്നു. ദൈവത്തെ സ്തുതിക്കാനായിപ്പോലും നിവർന്നു നിൽക്കാൻ പറ്റാത്ത സ്ത്രീ! അവന് അലിവുതോന്നി. അവളെ അടുത്തേക്ക് വിളിച്ചു. അവളുടെമേൽ കൈകൾ വച്ചിട്ട് ആകാശത്തേക്ക് കണ്ണുകളുയർത്തി; പ്രാർത്ഥന മന്ത്രിച്ചു.

പെട്ടെന്നവൾ നിവർന്നു നിന്നു. കരവും കണ്ണുകളും സ്വർഗത്തിലേക്കുയർത്തി അവനോടൊപ്പം ദൈവത്തെ സ്തുതിക്കാൻ തുടങ്ങി.

എല്ലാം കഴിഞ്ഞപ്പോഴായിരുന്നു പ്രശ്നം തുടങ്ങിയത്. സിനഗോഗാധികാരി ആ സ്ത്രീയെ അടുത്തേക്ക് വിളിച്ചു; കൂടെ മറ്റുള്ളവരെയും. എന്നിട്ട് സാബത്ത് ലംഘനത്തെക്കുറിച്ച് അയാൾ നീണ്ടൊരു പ്രഭാഷണം നടത്തി (ലൂക്കാ 13:10-17).

യേശുവിന് ഏറ്റവും പ്രധാനമൂല്യം മനുഷ്യനായിരുന്നു; മനുഷ്യന്റെ നന്മയായിരുന്നു. അതിനുവേണ്ടി എത്രവലിയ മതനിയമം പോലും ലംഘിക്കാൻ അവൻ മടിച്ചിരുന്നില്ല. അവന്റെ പ്രമാണം തന്നെ സാബത്ത് മനുഷ്യന് വേണ്ടിയിട്ടാണ് എന്നായിരുന്നു (മർക്കോ. 2:27).

നിയമം നിർമിക്കാനും, അത് ലംഘിക്കുന്നവനെ കുറ്റം വിധിക്കാനും എളുപ്പമാണ്. അതിലൂടെ ഞാൻ ദൈവത്തെ ബഹുമാനിക്കുകയും ദൈവപ്രമാണങ്ങളെ കാക്കുകയും ചെയ്യുന്നവനാണ് എന്ന് തെറ്റിദ്ധരിക്കാനും എളുപ്പമാണ്. ധർമിഷ്ഠരും നീതിമാൻമാരുമായ പല അജപാലകരും ഇത്തരം തെറ്റിദ്ധാരണയിൽ മനുഷ്യരെ മുറിപ്പെടുത്തുന്നവരാണ്.

നിയമം ലംഘിക്കുന്നവനെ മനസ്സിലാക്കുക അത്ര നിസ്സാരമായ കാര്യമല്ല. അവൻ എന്തുകൊണ്ട് നിമയം ലംഘിക്കുന്നുവെന്നും, എന്തുകൊണ്ട് തെറ്റ് ചെയ്യുന്നുവെന്നും തിരിച്ചറിയുക ക്ലേശകരമാണ്. ആ തിരിച്ചറിവിൽ നിന്ന് അവന്റെ ആന്തരികാവശ്യങ്ങളോടു പ്രതികരിക്കുന്നിടത്താണ് അജപാലകൻ വളരുന്നത്.

**പാഠം 4 – നിയമവും പ്രമാണവും ലംഘിക്കുന്നവരെയൊക്കെ കുറ്റം വിധിക്കുകയല്ല നിന്റെ ധർമം; എല്ലാ പ്രമാണങ്ങളും നീ നിഷ്ഠയോടെ അനുസരിക്കുന്നവനാണെങ്കിൽ പോലും. മറിച്ച് നിയമം ലംഘിച്ചുപോലും അവന്റെ ആവശ്യങ്ങളെ സാധിച്ചു കൊടുക്കുകയാണ് അജപാലകൻ ചെയ്യേണ്ടത്.**

ഗലീലിയിൽ വച്ചായിരുന്നു; യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വാർത്ത യൂദയായിലേക്കും അതിനപ്പുറത്തേക്കും പരന്നു. കാരാഗൃഹത്തിലായിരുന്ന യോഹന്നാന്റെ ചെവിയിലും അതെത്തി. മരുഭൂമിയുടെ കാർക്കശ്യക്കാരന് ആകെ സംശയമായി. അവൻ ആളയച്ചു ശിഷ്യരെ രണ്ടുപേരെ വരുത്തി. എന്നിട്ട് സംശയനിവാരണത്തിനായി അവരെ യേശുവിന്റെ അടുത്തേക്ക് അയച്ചു.

സ്നാപകശിഷ്യരുടെ ചോദ്യം യേശു സൗമ്യമായി കേട്ടു. തന്റെ വാക്കും പ്രവൃത്തിയും സ്നാപകനോടു വിശദീകരിച്ചാൽ മതിയെന്നും പറഞ്ഞ് അവനവരെ വിട്ടു. പോകുന്നതിനു മുമ്പ് പറയേണ്ടതിന്റെ ചുരുക്കവും അവർക്ക് സംക്ഷേപിച്ചു കൊടുത്തു.

*"കുരുടർക്കു കാഴ്ച കൊടുക്കുന്നു;*
*മുടന്തർക്ക് നടക്കാനുള്ള ബലം കൊടുക്കുന്നു*
*ബധിരർക്ക് കേൾവി കൊടുക്കുന്നു;*
*രോഗികൾക്ക് സൗഖ്യം കൊടുക്കുന്നു;*
*മരിച്ചവർക്ക് വീണ്ടും ജീവൻ കൊടുക്കുന്നു."*

യേശു എണ്ണിപ്പറഞ്ഞ ഇവയെല്ലാം മനുഷ്യന്റെ ഭൗതികാവശ്യങ്ങൾ തന്നെയാണ്. കാഴ്ചയും കേൾവിയും ആരോഗ്യവും ജീവനുമെല്ലാം ശരീരത്തെ ചുറ്റിപ്പറ്റിയുള്ളതാണ്. അവയെല്ലാം കൊടുക്കാനാണ് യേശു ആദ്യം അധ്വാനിക്കുന്നത്. എന്നിട്ട് അവൻ അവസാനമായി പറഞ്ഞു: "ദരിദ്രരോട് സുവിശേഷവും പ്രസംഗിക്കപ്പെടുന്നു". ഭൗതികാവശ്യങ്ങൾ നേടിക്കൊടുക്കുന്നതിലൂടെ സുവിശേഷത്തിലേക്കും ആന്തരികതയിലേക്കും അവരെ ഉണർത്തിയെടുക്കുകയാണ് യേശുവിന്റെ രീതി എന്നു സാരം.

അവൻ പറഞ്ഞവസാനിപ്പിച്ചത് അവന്റെ ഈ രീതിയെക്കുറിച്ചുള്ള ഒരു വിധിവാചകത്തോടെയായിരുന്നു. "എന്റെ ഈ രീതിയിൽ ഇടർച്ച തോന്നാത്തവനാണ് യഥാർത്ഥ ഭാഗ്യവാൻ" (ലൂക്കാ 7:23). ■

www.malankaralibrary.com



# ഇടയനും ഇടവകയും

ഡോ. ജേക്കബ് ശ്രാമ്പിക്കൽ എസ്. ജെ
*ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി, റോമ*

**അജപാലകനും ഇടവകജനവും തമ്മിലുള്ള ബന്ധമാണ് പാസ്റ്ററൽ കമ്മ്യൂണിക്കേഷൻ എന്ന് പറയാം. ദൈവവുമായുള്ള ഇടവകാംഗങ്ങളുടെ ബന്ധത്തെ സഹായിക്കുകയും പരിപോഷിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. ഈ രംഗത്ത് അജപാലകർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ ഏതൊക്കെയാണ്?**

ദൈവജനത്തിന്റെ ആത്മീയ യാത്രയിൽ അവരെ സഹായിക്കുന്നവനാണ് അജപാലകൻ. ദൈവവുമായുള്ള അവരുടെ ബന്ധത്തെ സഹായിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ട ദൗത്യമാണ് പുരോഹിതനുള്ളത്. ഇത് സാധ്യമാകുന്നതിന് ആവശ്യമായ മാധ്യമമാണ് വൈദികനും ദൈവജനവും തമ്മിലുള്ള ബന്ധം. ഈ ബന്ധത്തിന്റെ സ്വഭാവവും ശക്തിയുമനുസരിച്ചു മാത്രമേ പുരോഹിതർക്ക് തങ്ങളുടെ അജാപലന ധർമം വിജയകരമായി നിർവ്വഹിക്കാനാവൂ.

അജപാലകനും ഇടവകജനവും തമ്മിലുള്ള ബന്ധം എങ്ങനെയാണ് പരിപോഷിപ്പിക്കേണ്ടത്? സംഭാഷണത്തിന്റെയും ആശയവിനിമയത്തിന്റെയും പര്സപരബന്ധത്തിന്റെയും മേഖലകളൊക്കെ ഇതിന്റെയുള്ളിൽ വരും. ഈ തലങ്ങളിലൊക്കെ വൈദികർ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങളിലേക്ക് വിരൽ ചൂണ്ടുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

## വ്യക്തി കേന്ദ്രീകൃതമായ സമീപനം

അജപാലക ദൗത്യത്തിന്റെ പ്രത്യേകത തന്നെ അത് മനുഷ്യകേന്ദ്രീകൃതമായൊരു ശുശ്രൂഷയാണെന്നതാണ്. മനുഷ്യനും മനുഷ്യനന്മയുമാണ് ഇവിടുത്തെ ഏറ്റവും വലിയ മൂല്യം. സാബത്ത് മനുഷ്യനുവേണ്ടിയാണെന്നും മറിച്ചല്ലെന്നും (മർക്കോ 2:27) മൂല്യശ്രേണിയെ പുനർനിർണ്ണയിച്ച യേശു തന്നെയാണ് ഈ കാര്യത്തിൽ അജപാലകന്റെ മാതൃകാപുരുഷൻ. അതുകൊണ്ടുതന്നെ ചെയ്തു തീർക്കേണ്ട ജോലികളും ഉത്തരവാദിത്വ ങ്ങളുമല്ല അജപാലകനെ ഭരിക്കേണ്ടത്. മറിച്ച് ആർക്ക് വേണ്ടി ജോലി ചെയ്യുന്നുവോ ആ മനുഷ്യരും അവരുടെ ജീവിതപ്രശ്നങ്ങളുമാണ്.

ജനങ്ങളിലേക്കും ജനകീയ പ്രശ്നങ്ങളിലേക്കും ഇറങ്ങിച്ചെന്ന നസ്രത്തിലെ യേശുവിനെയാണ് അജപാലകൻ മാതൃകയാക്കേണ്ടത്. സമൂഹത്തിലെ ചെറിയവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും ഇവിടെ അമിതപ്രാധാന്യം കിട്ടുമെന്നതും ശ്രദ്ധിക്കേണ്ട കാര്യമാണ്.

## ബന്ധങ്ങളുടെ ശുശ്രൂഷ

ക്രിസ്തുമതം തന്നെ പരസ്പര ബന്ധങ്ങളുടെ മതമാണ്. പാരസ്പരികതയും പരോന്മുഖതയുമാണ് അതിന്റെ ഹൃദയം. കാരണം ദൈവം എല്ലാവരുടെയും പിതാവാണെന്നാണ് യേശു പഠിപ്പിച്ചത്. അതിനാൽ മനുഷ്യരെല്ലാം സഹോദരങ്ങളാണെന്നും നിസ്വാർത്ഥ

www.malankaralibrary.com



തയോടെ അപരന്റെ ക്ഷേമം അന്വേഷിക്കുന്നിടത്താണ് സ്നേഹം പുലരുന്നതെന്നും യേശു പഠിപ്പിച്ചു.

ദൈവത്തിന്റെ പിതൃത്വത്തിലും മനുഷ്യരുടെ സാഹോദര്യത്തിലും അടിത്തറയിട്ട സമൂഹത്തെ രൂപപ്പെടുത്തുകയാണ് ഒരു അജപാലകന്റെ ധർമ്മം. പരസ്പരസ്നേഹമാണ് ഈ സമൂഹത്തിന്റെ ജീവ രക്തമായി മാറേണ്ടത്. ആദിമ ക്രൈസ്തവ സമൂഹ ത്തിന്റെ പ്രത്യേകത അതായിരുന്നു.

സൗഹൃദങ്ങളുടെ മനുഷ്യനായിരുന്നു യേശു. കണ്ടുമുട്ടലുകളെയൊക്കെ സൗഹൃദത്തിലേക്കും സ്നേഹത്തിലേക്കും വളർത്തിയെടുക്കാൻ യേശുവിന് കഴിഞ്ഞു. സമറിയാക്കാരി സ്ത്രീയും, നിക്കൊദേ മൂസും, ബർതിമേയൂസും, ലാസറും, മഗ്ദലേന മറി യവും ഒക്കെ അക്കൂട്ടത്തിൽ പെടും. സ്നേഹബന്ധ ങ്ങളുടെ ശ്രേണികളായിരിക്കണം ഇടവക കൂട്ടായ്മയെ കെട്ടിപ്പടുക്കേണ്ടത്. അത്തരം സ്നേഹബന്ധങ്ങൾക്ക് വളവും വെള്ളവും കൊടുത്ത് പരിപോഷിപ്പിക്കേണ്ട ജോലിയാണ് അജപാലകന്റേത്.

## സംലഭ്യത

അജപാലകന് ഉണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട ഒരു ഗുണമാണ് സംലഭ്യത. ഇടവകാംഗങ്ങൾക്ക് എല്ലാം അദ്ദേഹം സംലഭ്യനായിരിക്കണം. ആവശ്യങ്ങളിൽ അനായാസം കയറിച്ചെല്ലാനുള്ള സ്വാതന്ത്ര്യവും അടുപ്പവും അവർക്ക് അനുഭവപ്പെടണം.

യേശുവിന് ഉണ്ടായിരുന്ന വലിയൊരു സുകൃതമാ യിരുന്നു ഇത്. അവന്റെ സമീപത്തു വരാൻ ആരും ഭയപ്പെട്ടിരുന്നില്ല. കുഞ്ഞുങ്ങൾക്കും അവരുടെ അമ്മമാർക്കും അവനെ പേടിയില്ലായിരുന്നു. പിന്നെ യും അവർ പേടിച്ചിരിക്കാവുന്നത് ശിഷ്യന്മാരെ ആയി രുന്നിരിക്കണം.

ഇടവകയിലെ എല്ലാവർക്കും ഒരുപോലെ സംലഭ്യ നായിരിക്കണം വൈദികൻ. കുട്ടികൾക്കും, ചെറുപ്പ ക്കാർക്കും, സ്ത്രീകൾക്കും, പുരുഷന്മാർക്കും, വൃദ്ധർ ക്കും അനായാസം സമീപിക്കാവുന്നവനായിരിക്കണം അദ്ദേഹം. ഈ സംലഭ്യതയാണ് അജപാലക ധർമ്മ ത്തിന്റെ വിജയത്തിന് നല്ലൊരു പശ്ചാത്തലമൊരു ക്കുന്നത്.

## വ്യവസ്ഥകളില്ലാതെ സ്വീകരിക്കാനാവുക

പലപ്പോഴും അജപാലകർ വ്യവസ്ഥകൾ വയ്ക്കാ റുണ്ട്. ഇത് ശുശ്രൂഷയുടെ ഗുണനിലവാരവും ഫലദാ യകത്വവും കുറയ്ക്കുകയേ ഉള്ളൂ. പാപിയെയും പരി ശുദ്ധനെയും സ്വീകരിച്ചവനായിരുന്നു യേശു. യൂദ നെയും വിജാതിയനെയും അവന് ഒരേപോലെ ഇഷ്ടപ്പെടാനായി.

സമൂഹത്തിലെ എല്ലാവരിലേക്കും കടന്നു ചെല്ലേ ണ്ടതാണ് അജപാലകന്റെ സ്നേഹം; പ്രത്യകിച്ചും, സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും ഒറ്റപ്പെട്ടുകഴി യുന്നവരിലേക്ക്. പാപികളും ദരിദ്രരും പാർശ്വവൽക്ക രിക്കപ്പെട്ടവരും അജപാലകന്റെ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. പാപത്തെയല്ലാതെ പാപികളെ വെറുക്കാത്ത യേശു തന്നെയാണ് ഇവിടെയും മാതൃ കാപുരുഷൻ.

## ശ്രദ്ധിക്കുക; മനസ്സിലാക്കുക

ശ്രദ്ധയോടെ കേൾക്കാനുള്ള കഴിവ് അജപാലകന്

www.malankaralibrary.com

## വിനിമയത്തിലെ പ്രതിബന്ധങ്ങൾ

പരസ്പര ബന്ധത്തിന്റെ ആത്മാവാണ് ആശയവിനിമയം. പരസ്പരബന്ധത്തെ തകർക്കാനും സംഘർഷത്തിലേക്ക് നയിക്കാനും ചില സംഭാഷണരീതികൾ കാരണമാകാറുണ്ട്. ചില ഇടവകയോഗങ്ങളിലുണ്ടാകുന്ന സംഘർഷങ്ങൾ വിശകലനം ചെയ്താൽ ഇത് വ്യക്തമാകും. ബന്ധത്തെ തകർക്കുന്നതും സംഘർഷം വളർത്തുന്നതുമായ അഞ്ചുതരം വിനിമയ രീതികളുണ്ട്.

**1. എന്തിനും എതിർപ്പ്:** എന്തുപറഞ്ഞാലും അതിനെ എതിർക്കുക ചിലരുടെ സ്വഭാവമാണ്. ഇത്തരക്കാർ എല്ലാ സമൂഹത്തിലും ഉണ്ട്. മറ്റുള്ളവരുടെ പോസിറ്റീവ് എനർജിയും ഉത്സാഹവും തകർക്കാൻ ഇത്തരത്തിലുള്ള ഒരാൾക്ക് കഴിയും.

**2. കുറ്റം കണ്ടുപിടിക്കുന്നവൻ:** എന്തിനും ഒരു കുറ്റം കണ്ടുപിടിക്കുക ചിലരുടെ സ്വഭാവമാണ്. അവർ സംസാരം തുടങ്ങുന്നതു തന്നെ കുറ്റവുമായിട്ടായിരിക്കും. കുറ്റം പറച്ചിലുകാരുടെ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടുപിടിക്കുകയും അതിനെ അഭിസംബോധന ചെയ്യുകയുമാണ് പോംവഴി.

**3. ആധികാരിക സംഭാഷണം:** മറ്റുള്ളവരോട് ആജ്ഞാപിക്കുകയും ഉപദേശിക്കുകയും അവരെ നേർവഴിക്ക് നയിക്കുകയുമാണ് ചിലരുടെ രീതി. ചില വിവരങ്ങൾ സഹപ്രവർത്തകരിൽ നിന്ന് ഇവർ മറച്ചുപിടിച്ചെന്നുമിരിക്കും. ഇത്തരക്കാർ സഹപ്രവർത്തകരിൽ അരോജകത്വം സൃഷ്ടിക്കും.

**4. കപടമായ സംഭാഷണം:** സംഭാഷണത്തിൽ ആത്മാർത്ഥത കാണിക്കാത്തവരുണ്ട്. അവർ മറ്റുള്ളവരെ ശരിയായി ശ്രവിക്കില്ല, മനസ്സിലാക്കില്ല; അവരോട് കരുണ കാണിക്കുകയുമില്ല. അവർ വളച്ചുകെട്ടി സംസാരിക്കും. ഇത്തരക്കാർ ഇടവകയിലെ ടീംവർക്കിന് തടസ്സമാണ്.

**5. പിടിച്ചുവച്ചുള്ള സംഭാഷണം:** എല്ലാം പറയാതിരിക്കുക ചിലരുടെ സ്വഭാവമാണ്. കൈയിൽ എപ്പോഴും ഒരു പിടിയുണ്ടായിരിക്കും. ഇത്തരം നിഷേധാത്മക വിനിമയരീതികൾ ഉള്ളവരെ തിരിച്ചറിയേണ്ടതും അവരെ ഫലപ്രദമായി കൈകാര്യം ചെയ്യേണ്ടതും ഇടവക സമൂഹത്തിന്റെ കെട്ടുറപ്പിന് ആവശ്യമാണ്. ■

ഏറെ പ്രധാനപ്പെട്ടതാണ്. കേൾക്കാനുള്ള മനസ്സും ഹൃദയവികാരങ്ങൾ വായിക്കാനുള്ള ശ്രദ്ധയും വൈദികർ വളർത്തിയെടുക്കണം. കൗൺസിലിങ്ങിന്റെയും മനഃശ്ശാസ്ത്രത്തിന്റെയും നൂതന അറിവുകളും സാധ്യതകളും ഇതിനായി ഉപയോഗിക്കണം.

## കാരുണ്യവാനാകുക

കരുണ തോന്നിയിട്ടാണ് പല അത്ഭുതങ്ങളും യേശു ചെയ്യുന്നത്. മനുഷ്യരുടെ സഹനം തിരിച്ചറിയുകയും അതിൽ അവരോടൊപ്പം നൊമ്പരപ്പെടുകയും ചെയ്യുക അവന്റെ രീതിയായിരുന്നു. കാരുണ്യത്തിന്റെ ഈ മുഖമാണ് അജപാലകശുശ്രൂഷയുടെ എല്ലാതലങ്ങളിലും നിറഞ്ഞു നിൽക്കേണ്ടത്. കാരണം, സഹനവും നൊമ്പരവും മനുഷ്യജീവിതത്തിന്റെ സ്ഥായീഭാവമായി നിൽക്കുന്നു എന്നതുതന്നെ. രോഗവും, പരാധീനതയും, സാമ്പത്തിക തകർച്ചയും, മാനസിക ക്ലേശവും, മരണവുമൊക്കെ അനുകമ്പക്കായി ദാഹിക്കുന്ന ജീവിതമുഹൂർത്തങ്ങളാണ്. അപ്പോഴൊക്കെ ദയാവായ്പിന്റെ സാന്നിധ്യമാകേണ്ടവനാണ് വൈദികൻ.

എല്ലാവർക്കും നന്മവരണമെന്നാഗ്രഹിക്കുക പ്രധാന കാര്യമാണ്. ക്രിസ്തീയ സ്നേഹത്തിന്റെ പ്രത്യേകത തന്നെ അതാണ്– ശത്രുവിന്റെ പോലും നന്മ ആഗ്രഹിക്കുക. വൈദികന്റെ സ്നേഹവലയത്തിന് പുറത്ത് ആരുമുണ്ടായിരിക്കരുത്. ഇടവകയിലെയും നാട്ടിലെയും എല്ലാവരും തന്നെ ആ സ്നേഹവലയത്തിനുള്ളിലായിരിക്കണം.

## സഹപ്രവർത്തകരുടെ സംഘം

അജപാലന ശുശ്രൂഷ ഒരു ടീം വർക്കാണ്. ഇടവക ശുശ്രൂഷയുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന അനേകർ ഉൾപ്പെടുന്ന ഗണത്തെ സ്വന്തം സഹപ്രവർത്തകരായി ഒരുമിച്ചു കൊണ്ടുപോകുന്നിടത്താണ് അജപാലകർ വിജയിക്കുന്നത്. ഇടവക ശുശ്രൂഷയ്ക്കുള്ള ടീമിനെ ഫലപ്രദമായി രൂപപ്പെടുത്തുകയും കൂടെനിർത്തുകയും ചെയ്യുകയാണ് ടീം ലീഡറായ വൈദികന്റെ കടമ.

വൈദികനും ഇടവകജനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ ഉതകുന്നതെല്ലാം അജപാലന ശുശ്രൂഷയുടെ വിജയത്തിന് ആവശ്യമാണ്. അതിന് വിഘ്നം വരുത്തുന്നതെല്ലാം ഒഴിവാക്കുകയും വേണം. ■

www.malankaralibrary.com



# അജപാലന ശുശ്രൂഷ മെച്ചപ്പെടുത്താനുള്ള 15 വഴികൾ

ഡോ. കെ.പി. സെബാസ്റ്റ്യൻ

അനേക മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവന് മാത്രമേ അജപാലന ശുശ്രൂഷ വിജയിപ്പിക്കാനാകൂ. അജപാലകർ പ്രത്യേകം ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ചില മേഖലകളിലേക്ക് വെളിച്ചം വീശുന്ന ലേഖനം.

അജപാലനം ഒരു തൊഴിലല്ല, മറിച്ച് അതൊരു ദൈവവിളിയും ജീവിത സമർപ്പണവുമാണ്. അതായത് ഒരു തൊഴിലിനേക്കാൾ (Profession) കൂടുതൽ സമർപ്പണം വൈദികനിൽ നിന്നും പ്രതീക്ഷിക്കുന്നു എന്നു സാരം.

ഇടവകയിൽ നടത്തുന്ന അജപാലന ശുശ്രൂഷ മെച്ചപ്പെടുത്താനുള്ള പ്രധാന വഴികളെയാണ് ഇവിടെ പരിചയപ്പെടുത്തുന്നത്. ഇതിൽ പലതും പല വൈദികരും ഇതിനു മുമ്പേ പ്രയോഗത്തിലാക്കിയവയാകാം. എന്നാലും സ്വയം വിലയിരുത്തലിനും മെച്ചപ്പെടുത്തലിനും ഇവ സഹായകമാകാം.

### 1. ഇടവകജനമാണ് സഭ

ഇടവകയിൽ ആരാണ് യജമാനൻ? ആരാണ് ശുശ്രൂഷകൻ? അജപാലകന് ഈ കാര്യത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. ഇടവകജനമാണ് യജമാനൻ. അവരെ ശുശ്രൂഷിക്കുകയെന്ന ധർമമാണ് വൈദികനുള്ളത്. ഇന്നത്തെ അധികാര രീതിയുടെ പ്രത്യേകത കാരണം മറിച്ചു ചിന്തിക്കാനുള്ള പ്രവണത പലപ്പോഴും ഉണ്ടായെന്നിരിക്കും.

യജമാനസ്ഥാനത്തു നിൽക്കുന്ന ദൈവജനത്തിന്റെ ആവശ്യങ്ങളും താൽപര്യങ്ങളും അറിഞ്ഞ് അതനുസരിച്ച് ശുശ്രൂഷ ചെയ്യാൻ കടപ്പെട്ടവനാണ് വൈദികൻ. അപ്പോഴാണ് വൈദിക ശുശ്രൂഷ വിജയകരമാകുന്നത്.

### 2. ജനത്തെ അറിയുക


ഇടവകജനത്തെ അറിയുക എന്നത് അജപാലകശുശ്രൂഷയുടെ മൂലക്കല്ലാണ്. ഇടയൻ തന്റെ ആടുകളെ അറിയണം; പേരുചൊല്ലി വിളിക്കാൻ മാത്രം പരിചയവും വേണം.

പരമ്പരാഗതമായി നടന്നിരുന്ന ഭവനസന്ദർശനവും, വീടുവെഞ്ചരിപ്പുമൊക്കെ ഇതിനുള്ള ഉപകരണങ്ങളായിരുന്നു. വലിയ ഇടവകകളിൽ സ്വഭാവികമായി ഉളവാകുന്ന അപരിചിതത്വം പരിഹരിക്കാൻ സംവിധാനങ്ങൾ ഉണ്ടാകണം. വൈദികർക്ക് കീഴിൽ ഭവനസന്ദർശനത്തിനും കൗൺസിലിങ്ങിനും അവരെ സഹായിക്കാൻ പരിശീലനം ലഭിച്ച അത്മായരെയും സിസ്റ്റേഴ്സിനെയും നിയോഗിക്കുന്നതും നല്ലതാണ്.

### 3. നല്ല ശ്രോതാവായിരിക്കുക

ഇടവക ജനത്തിന്റെ ആവശ്യങ്ങളും താൽപര്യങ്ങളും തിരിച്ചറിയാൻ സാധിക്കണമെങ്കിൽ അവരെ കേൾക്കണം. ഭവനസന്ദർശന വേളകളിലും, വാർഡു

www.malankaralibrary.com



പ്രാർത്ഥനകളിലും, മീറ്റിങ്ങുകളിലും അവരെ കേൾക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പള്ളിയിലും തിരുക്കർമ്മങ്ങളിലും അവർ സന്തുഷ്ഠരാണോ എന്ന തിരിച്ചറിയാനുള്ള കഴിവ് വൈദികനുണ്ടായിരിക്കണം. അത്തരം വിലയിരുത്തലുകൾ ലഭിക്കാനുള്ള സംവിധാനം ഒരുക്കുന്നതും നല്ലതാണ്.

## 4. ആവശ്യങ്ങൾ തിരിച്ചിയുക

പലപ്പോഴും പ്രശ്നപരിഹാരത്തിനായിട്ടാണ് ജനം പള്ളിയെയും വൈദികനെയും സമീപിക്കുന്നത്. അതിനാൽ ജനങ്ങളുടെ വൈകാരിക തൃപ്തിയും ആന്തരിക സന്തോഷവും പ്രധാനപ്പെട്ട കാര്യങ്ങളാണ്.

ആളുകളെ എത്രമാത്രം അറിയാമോ, അത്രമാത്രം അവരുടെ ആവശ്യങ്ങൾ നിങ്ങൾക്ക് മുൻകൂട്ടി കാണാനാവും. ഇടവകജനവുമായുള്ള സംഭാഷണവും ആശയ വിനിമയവും ശക്തിപ്പെടുത്തുന്നതിനനുസരിച്ച് അവരുടെ പ്രശ്നങ്ങൾ നിങ്ങൾക്ക് തിരിച്ചറിയാനാവും; ഭാവിയിൽ ഉയർന്ന് വരാനുള്ള അവരുടെ ആവശ്യങ്ങളും നേരത്തെ തിരിച്ചറിയാനാവും.

ജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞ് അവർക്ക് സേവനം കൊടുക്കാൻ കഴിയണം. ഇത് കൂടുതൽ അർത്ഥവത്താകുന്നത് പൊതു തിരുക്കർമ്മങ്ങൾക്ക് എന്നതിനേക്കാൾ പ്രത്യേക തിരുകർമ്മങ്ങൾക്കാണ്. ഉദാഹരണം മാമ്മോദീസാ, വിവാഹം, ആദ്യകുർബ്ബാന, ശവസംസ്ക്കാരം എന്നിവ വ്യക്തിപരമോ കുടുംബപരമോ ആയിട്ടായിരിക്കും പരികർമ്മം ചെയ്യപ്പെടുക. ഈ സന്ദർഭങ്ങളിൽ കൂദാശ സ്വീകരിക്കുന്നവരുടെ താൽപര്യങ്ങൾ ചോദിച്ചറിയണം. പറ്റാവുന്നിടത്തോളം അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് കൂദാശ പരികർമ്മം ക്രമപ്പെടുത്തണം അവരുടെ പങ്കാളിത്തം സജീവമാക്കാൻ വേണ്ടതെല്ലാം ചെയ്യണം.

വികാരിയച്ചന്റെ സഹപ്രവർത്തകരെയും ഇതിനായി പരിശീലിപ്പിക്കണം. ഉദാഹരണത്തിന്, കപ്യാരച്ചനും ഗായകസംഘവും പ്രധാന ഘടകങ്ങളാണ്. കൂദാശ സ്വീകരിക്കുന്ന വ്യക്തികളുടെയും അവരുടെ കുടുംബങ്ങളുടെയും ഇഷ്ടാനിഷ്ടങ്ങൾ മാനിക്കാനുള്ള സന്നദ്ധത അച്ചന്റെ സഹപ്രവർത്തകരിലെല്ലാം ഉണ്ടാകണം.

## 5. സംലഭ്യത

ഇടവകജനങ്ങൾക്ക് സംലഭ്യനായിരിക്കണം ഇടവക വികാരി. പ്രത്യേകിച്ചും അവരുടെ ആവശ്യ സമയങ്ങളിൽ. അവർക്ക് പള്ളിയിൽ വന്നു കാണാനുള്ള സൗകര്യമുണ്ടായിരിക്കണം. ഫോണും, ഇ-മെയിലും വഴി സംപ്രാപ്യനായിരിക്കുന്ന വൈദികന് കൂടു തൽ സ്വീകാര്യത ലഭിക്കും.

## 6. രഹസ്യം സൂക്ഷിക്കാനുള്ള കഴിവ്

പൗരോഹിത്യത്തിന്റെ പ്രധാനപ്പെട്ട ഗുണങ്ങളിലൊന്നാണിത്. കുമ്പസാരമെന്ന കൂദാശയുടെ അടിസ്ഥാനഭാവം തന്നെ ഇതാണ്. പുറത്തു പറയാവുന്നതും പറയരുതാത്തതും എന്താണെന്ന വിവേചിച്ചറിയാനുള്ള കഴിവ് വൈദികർക്കുണ്ടാകണം.

## 7. വിശ്വാസയോഗ്യത

വികാരിയച്ചൻ വിശ്വാസയോഗ്യനായിരിക്കണം. മരിച്ചവരുടെ പാട്ടുകുർബാന ഫെബ്രു 28 ന് ഏറ്റെടുത്താൽ അതെങ്ങനെ നടത്തുകയും, നടത്തുന്നുവെന്ന് ആ കുടുംബക്കാരെ ബോധ്യപ്പെടുത്തുകയും ചെയ്യണം. ഇനി എന്തെങ്കിലും അബദ്ധം പറ്റിയാൽ

www.malankaralibrary.com

അവരെ അറിയിക്കുകയും, അവർക്കുണ്ടായ അസൗകര്യം പരിഹരിക്കുകയും ചെയ്യണം. വീട്ടുകാർ എത്ര ദരിദ്രരും വിദ്യാരഹിതരുമാണെങ്കിൽ പോലും ഇത് ചെയ്യണം.

## 8. കടുപിടുത്തം അരുത്

ഇടവകക്കാരിൽ ആരോടും കടുപിടുത്തത്തിന് വികാരിയച്ചൻ പോകരുത്. പരാതികളും പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ കഴിവിനനുസരിച്ച് പരാതികൾ പരിഹരിക്കാൻ ശ്രമിക്കണം. എന്റെ രീതി ഇങ്ങനെയാണെന്ന് പറഞ്ഞുള്ള കടുപിടുത്തം അരുത്.

## 9. വിലമതിക്കുക

ബഹുമാനത്തോടെ വേണം ഇടവകജനങ്ങളോട് പെരുമാറാൻ. ഓരോരുത്തരെയും വ്യക്തിപരമായി ബഹുമാനിക്കണം; ഇടവക സമൂഹത്തെ മൊത്തമായും ബഹുമാനിക്കണം. അവർ നിങ്ങൾക്ക് ഏറ്റവും വേണ്ടപ്പെട്ടവരാണെന്നും, പ്രധാനപ്പെട്ടവരാണെന്നും അവർക്ക് ബോധ്യമാകണം. വ്യക്തികളെ പേരു ചൊല്ലി വിളിക്കുക; പറ്റുമ്പോഴെല്ലാം അഭിനന്ദിക്കുക. അവസരം കിട്ടുമ്പോഴെല്ലാം അവർക്ക് നന്ദി പറയുക.

## 10. സഹായിക്കാനുള്ള സന്നദ്ധത

ആര് എന്ത് ആവശ്യത്തിന് സമീപിച്ചാലും സഹായിക്കാനുള്ള സന്നദ്ധത കാണിക്കുക. ഏതെങ്കിലും രീതിയിൽ പറ്റുമെങ്കിൽ സഹായിക്കുക തന്നെ വേണം. സഹായിക്കാൻ പറ്റില്ലെങ്കിൽ ഉള്ള അസൗകര്യം മാന്യമായി വിശദീകരിച്ചുകൊടുക്കണം.

## 11. തെറ്റ് അംഗീകരിക്കുക; ക്ഷമ ചോദിക്കുക

ക്ഷമാപണം നടത്താൻ വൈദികർ പരിശീലിക്കണം. അതിന് സ്വന്തം തെറ്റ് അംഗീകരിക്കാനാവണം. എവിടെയെങ്കിലും തെറ്റ് പറ്റിയാൽ സമ്മതിച്ച് ക്ഷമാപണം നടത്തുക. എല്ലാവരുമത് ഇഷ്ടപ്പെടും. പരാതികൾ സ്വീകരിക്കാനുള്ള സന്നദ്ധതയും സംവിധാനവും ഉണ്ടാക്കണം. പരാതികളെ ഗൗരവമായി കണ്ട് പരിഹാരത്തിന് പരിശ്രമിക്കണം. പരാതികൾ നമ്മൾ ഇഷ്ടപ്പെടില്ലെങ്കിലും മെച്ചപ്പെടാനുള്ള അവസരമാണ് നിങ്ങൾക്ക് നൽകുന്നത്.

## 12. സഹപ്രവർത്തകരുടെ ആത്മാർത്ഥത

കൂറും ആത്മാർത്ഥതയും പകർച്ചവ്യാധിപോലെ പടർന്നു കയറും. നേതാവ് കൂറുകാണിച്ചാൽ താഴെയുള്ള ദേവാലയ ജീവനക്കാർ തിരിച്ചും കൂറു കാണിക്കും. കീഴ് ജീവനക്കാർക്ക് ന്യായമായ വേതനം വികാരിയച്ചൻ ഉറപ്പുവരുത്തുക; അവരെ മനസ്സിലാക്കുന്നുവെന്നും അവരുടെ കൂടെ നിൽക്കുമെന്നും ഉറപ്പു കൊടുക്കുക. എങ്കിൽ അവർ നിങ്ങളോട് കൂറ് കാണിക്കും. അവർ ശുശ്രൂഷചെയ്യുന്ന ഇടവക ജനങ്ങളോടും കൂറും ആത്മാർത്ഥതയും കാണിക്കും.

## 13. ജീവനക്കാരുടെ പരിശീലനം

ദേവാലയ ജീവനക്കാരുടെ പരിശീലനവും തുടർ പരിശീലനവും പ്രധാനപ്പെട്ട കാര്യങ്ങളാണ്. അവരുടെ സേവനമേഖലകളിൽ അവരെ മികവുറ്റവരാക്കണം. അതോടൊപ്പം അവരുമായി ബന്ധപ്പെടുന്ന ഇടവക ജനങ്ങളോട് എങ്ങനെ പെരുമാറണമെന്നതിലും അവർക്ക് പരിശീലനം കൊടുക്കണം. ഇടവക ജനങ്ങൾക്ക് ഗുണകരമായ തീരുമാനങ്ങൾ എടുക്കാനുള്ള പരിശീലനം അവർക്ക് കൊടുക്കണം.

## 14. കൂട്ടായ്മ വളർത്താനുള്ള മാധ്യമങ്ങൾ

ഇടവകയുടെ വാർത്തകളുമായിറങ്ങുന്ന മാസിക ഇടവക കൂട്ടായ്മ വളർത്താനുള്ള നല്ലൊരു ഉപകരണമാണ്. വാർത്തകൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുക മാത്രമല്ല, കൃത്യമായ ഒരു സന്ദേശം വായനക്കായി അവർക്ക് കൊടുക്കാനുമാവും. ക്രിസ്തുമസ്, ഈസ്റ്റർ മറ്റു തിരുന്നാളുകൾ എന്നിവയെ ജീവിതവുമായി ബന്ധപ്പെടുത്തി വിശദീകരിക്കാനുമാവും.

## 15. ഭക്തവസ്തുക്കൾ

ഇടവകക്കാരുടെ ആത്മീയ ജീവിതത്തിന് ആവശ്യമുള്ള ഭക്തസാധനങ്ങളുണ്ട്. അവയൊക്കെ അവർക്ക് ലഭ്യമാക്കുകയോ, കൈവശമാക്കാനുള്ള വഴികൾ പരിചയപ്പെടുത്തുകയോ ചെയ്യണം. ബൈബിൾ ഇടവകയിൽ ലഭ്യമാക്കുന്ന പള്ളികളുണ്ട്. അതുപോലെ പ്രാർത്ഥനാ പുസ്തകങ്ങളും. വെന്തിഞ്ഞയും കാശുരൂപവുമൊന്നും കാലാഹരണപ്പെട്ടിട്ടില്ലെന്ന് വികാരിയച്ചന്മാർ തിരിച്ചറിയണം. പള്ളിയിൽ ആത്മീയ ഗ്രന്ഥങ്ങളുടെ ലൈബ്രറി തുടങ്ങുന്ന വികാരിയച്ചന്മാരുണ്ട്. ■

www.malankaralibrary.com



# മെഗലോമേനിയ സഭയിൽ

ഡോ. സിപ്രിയൻ ഇല്ലിക്കാമുറി OFM cap
*ദൈവശാസ്ത്രജ്ഞൻ, കപ്പൂച്ചിൻ സെമിനാരി, തെള്ളകം*

കേരള സഭയിൽ ഏറ്റവും വലിയതിനോടുള്ള 'മേനിയ' തുടങ്ങിയിട്ട് കുറേനാളായി. ഏറ്റവും വലിയ ദേവാലയം, ഏറ്റവും വലിയ കുരിശുപള്ളി, ഏറ്റവും വലിയ കുരിശ്, ഏറ്റവും വലിയ പിഎത്താ... ഈ മെഗലോമേനിയ ആരു ചികിത്സിക്കും?


കാറ്റാടി പറമ്പിലെ ബിജുഅച്ചനെപ്പറ്റി പറയുമ്പോൾ ഏഴുനാവാണ് തേരകക്കാട്ടിലെ ഔതയ്ക്കും കുടുംബത്തിനും. ആ കുടുംബത്തിൽ പ്രത്യാശയുടെ തിരിനാളം തെളിച്ചത് ബിജു അച്ചനാണ്. ബിജു അച്ചൻ ഔതയുടെ ഇടവകയിലെ വികാരിയാണ്. സ്ഥലംമാറി അവിടെ വന്നിട്ട് എട്ട്മാസമേ ആയിട്ടുള്ളൂ. വന്നു ചാർജ്ജെടുത്ത് ഒരു മാസം കഴിഞ്ഞപ്പോൾ തുടങ്ങിയതാണ് അദ്ദേഹത്തിന്റെ ഭവന സന്ദർശന പരിപാടി. 350-ാളം വീട്ടുകാരുള്ള ഇടവകയാണ്.

എല്ലാ കുടുംബങ്ങളേയും പരിചയപ്പെടുകയും അവരുടെ ജീവിതപ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഭവനസന്ദർശന പരിപാടിക്കിടയിലാണ് ഔതയുടെ വീട്ടിലും അച്ചൻ വന്നത്. ഭാര്യയും മൂന്ന് കുഞ്ഞുങ്ങളും, തളർന്നുകിടക്കുന്ന അപ്പനുമടങ്ങിയതാണ് ഔതയുടെ കുടുംബം. ഔതയ്ക്ക് അടുത്തൊരു പലചരക്കുകടയിൽ സാധനങ്ങൾ എടുത്തുകൊടുക്കുന്ന ജോലിയാണ്. അതിൽ നിന്നു കിട്ടുന്ന ചെറിയ വേതനം കൊണ്ടുവേണം കുടുംബത്തെ പോറ്റുവാനും മക്കളെ പഠിപ്പിക്കുവാനും രോഗിയായ അപ്പനെ ചികിത്സിക്കാനും. ഭാര്യ അടുത്ത വീടുകളിൽ ചെറിയ ജോലികൾ ചെയ്തുകൊടുത്ത് കിട്ടുന്ന കൂലികൊണ്ട് അയാളെ സഹായിക്കുന്നു.

മൂത്തമകൾ പഠിക്കുന്നത് ഏഴാംക്ലാസ്സിലാണ്. കൂട്ടുകാരികളെല്ലാം ആദ്യകുർബാന സ്വീകരിച്ചുകഴിഞ്ഞുവെങ്കിലും അവൾക്കതു സാധിക്കാത്തതിന്റെ വലിയ വിഷമത്തിലും മനോഭാവത്തിലുമായിരുന്നു അവൾ. ആദ്യകുർബാനയ്ക്കുള്ള ഡ്രസ്സും മറ്റു ചിലവുകളുമൊക്കെ കടമെടുത്തെങ്കിലും എങ്ങനെയും സംഘടിപ്പിക്കാമെന്നുണ്ടായിരുന്നു ഔതയ്ക്ക്. പക്ഷേ പള്ളി പണിക്കുള്ള ഓഹരി മൂന്നുകൊല്ലമായി കൊടുക്കാൻ അയാൾക്കു കഴിഞ്ഞിട്ടില്ല. അതായിരുന്നു മകളുടെ ആദ്യകുർബാന സ്വീകരണത്തിനുള്ള തടസ്സം. ബിജു അച്ചൻ കാര്യങ്ങളൊക്കെ മനസ്സിലാക്കിയിട്ടാണ് ഭവനസന്ദർശനം കഴിഞ്ഞു തിരിച്ചുപോയത്. അദ്ദേഹം ഔതയ്ക്കുണ്ടായിരുന്ന പള്ളിയിലെ കടബാധ്യതകളെല്ലാം ഇളവുചെയ്തു കൊടുക്കുകയും ആരുടെയൊക്കെയോ സഹായത്തോടെ മകളുടെ ആദ്യകുർബാന സ്വീകരണത്തിനു വേണ്ടതെല്ലാം ചെയ്തുകൊടുത്ത് ആ കുഞ്ഞിന്റെ വലിയ ആഗ്രഹം നിറവേറ്റിക്കൊടുക്കുകയുമുണ്ടായി. അതിന് ബിജു അച്ചനോട് അവർക്കുള്ള നന്ദിയും കടപ്പാടും പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്.

ബിജു അച്ചനു മുമ്പിരുന്ന ജോർജ്ജച്ചനോട് ഔതയ്ക്കും കുടുംബത്തിനും പിണക്കമൊന്നുമില്ല. ഇടവകയ്ക്കുവേണ്ടി ഒരുപാട് കാര്യങ്ങളാണ് അദ്ദേഹം

www.malankaralibrary.com



ചെയ്തത്. എല്ലാറ്റിനും ഒരു നിഷ്ഠയും നിർബന്ധവുമുള്ള ആളായിരുന്നുവെന്നു മാത്രം. അതുകൊണ്ടാണ് പള്ളിപണിക്കുള്ള തവണകൾ അടക്കാത്തവരോട് കർക്കശമായ നിലപാടുകൾ എടുത്തത്. മനോഹരവും ബ്രഹ്മാണ്ഡവുമായ ഒരു ദേവാലയമാണ് മൂന്നുകൊല്ലംകൊണ്ട് ഇടവകയിൽ അദ്ദേഹം പണിതുയർത്തിയത്. പള്ളി പണിയാൻ മിടുക്കനായതുകൊണ്ടാണ് ആ ഇടവകയിലേയ്ക്ക് അദ്ദേഹത്തിനെ അയച്ചതുതന്നെ. എങ്ങനെയെങ്കിലും പണമുണ്ടാക്കിക്കൊള്ളും. അതിനുവേണ്ടി എന്തധ്വാനവും ബുദ്ധിമുട്ടും കാര്യമാക്കാറില്ല. പഴയ പള്ളി പൊളിച്ച് പുതിയത് പണിയുന്ന കാര്യത്തിൽ എല്ലാവർക്കും ഏകാഭിപ്രായമായിരുന്നില്ല. അത്യാവശ്യ സൗകര്യങ്ങളും സ്ഥലവും ഉള്ളതുകൊണ്ട് പഴയതുതന്നെ മതിയെന്നായിരുന്നു ഒരുകൂട്ടരുടെ അഭിപ്രായം. പിന്നെ വികാരിയച്ചന്റെ താത്പര്യവും ഉത്സാഹവും കണ്ടപ്പോൾ കൂടുതൽ പേർ അച്ചന്റെ പക്ഷം ചേർന്നുവെന്നു മാത്രം. ഓരോ വീട്ടുകാർക്കുമുള്ള ഭാരമേറിയ തവണപ്പിരിവിന്റെ കാര്യം വന്നപ്പോൾ കുറേപ്പേർ മറുപക്ഷം ചേർന്നുകളഞ്ഞു. ഏതായാലും പണിയെല്ലാം മൂന്നുകൊല്ലംകൊണ്ടു പൂർത്തിയാക്കി ആഘോഷമായ ഒരു പെരുന്നാളും നടത്തിയിട്ടാണ് അച്ചൻ സ്ഥലം മാറിപ്പോയത്.

ജോർജ്ജച്ചൻ എത്തിയ പുതിയ ഇടവകയിൽ പഴയ പള്ളി പൊളിച്ച് പുതിയതു പണിതിട്ട് അധിക നാളായിരുന്നില്ല. അതിനാൽ മറ്റൊരു പദ്ധതിയാണ് അവിടെ അച്ചൻ ആവിഷ്ക്കരിച്ചത്. ഇടവകപ്പള്ളി വി. ഗീവർഗ്ഗീസിന്റെ നാമത്തിലായിരുന്നു. അച്ചന്റെ പേരിന്റെ കാരണഭൂതനും വി. ഗീവർഗ്ഗീസ് (ജോർജ്ജ്) ആണല്ലോ.

ഗീവർഗ്ഗീസ് സഹദായുടെ അതിബ്രഹ്മാണ്ഡമായ ഒരു രൂപം പള്ളിയുടെ പരിസരത്ത് സ്ഥാപിക്കുകയെന്നതായിരുന്നു പുതിയ പദ്ധതി. അതു കേരളത്തിലെ എന്നല്ല, ഇന്ത്യയിലെ എന്നല്ല, ലോകത്തിലെ തന്നെ ഏറ്റവും വലിയ ഗീവർഗ്ഗീസ് രൂപമാകണം. അങ്ങനെ ഗീവർഗ്ഗീസ് പുണ്യവാന്റെ ഭക്തി എല്ലായിടത്തും പ്രചരിക്കണം. വി. ഗീവർഗ്ഗീസ് ആ ഇടവകയുടെ മാത്രം മധ്യസ്ഥനായി ചുരുങ്ങരുത്. ഇടവകയിൽ നിന്ന് അയൽപ്രദേശങ്ങളിലേക്കെല്ലാം ഈ ഭക്തി വ്യാപിക്കണം. പുണ്യവാന്റെ മാധ്യസ്ഥം തേടി അടുത്തുനിന്നും അകലെ നിന്നുമെല്ലാം ആളുകൾ ഈ ഇടവകയിലേയ്ക്ക് പ്രവഹിക്കണം. ദൂരെനിന്നു തീർത്ഥാടനമായി വരുന്നവർക്ക് ആവശ്യമായ താമസ സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തണം. ലോഡ്ജുകളും ഭക്തിസാധനവില്പനശാലകളും പണിയണം. തീർത്ഥാടകർ വർദ്ധിക്കുമ്പോൾ അതിനൊന്നും പ്രയാസമുണ്ടാകയില്ല. ക്രമേണ ഇടപ്പള്ളി, അരുവിത്തുറ തുടങ്ങിയ പള്ളികളിൽനിന്ന് അച്ചട്ടൊക്കെ ഇങ്ങോട്ടു മാറിയെന്നുവരാം. അങ്ങനെ ഇടവകയുടെ പേരും പെരുമയും വർദ്ധിക്കും. കാലക്രമത്തിൽ ഒരു എൻജി

www.malankaralibrary.com

നീയറിങ് കോളേജോ ഒരു മെഡിക്കൽ കോളേജോ ഇടവകയിൽ സ്ഥാപിക്കാൻ സാധിച്ചേക്കും. ഇടവക രൂപതയ്ക്കു മാത്രമല്ല, കേരള സഭയ്ക്കും രാജ്യത്തിനു മുഴുവനും ഒരു മുതൽക്കൂട്ടായിത്തീരുമെന്നതിന് സംശയമില്ല. ഏറ്റവും വലിയ ഗീവർഗ്ഗീസ് രൂപമായതുകൊണ്ട് ലിൻകാ ബുക്കിലും ഗിന്നസ് ബുക്കിലുമൊക്കെ ഇടം നേടാനും സാധ്യതയുണ്ട്.

ഇടവകയിലെ പ്രമാണിമാരിൽ മിക്കവരും അച്ചന്റെ അഭിപ്രായത്തോടു പൂർണ്ണമായ യോജിപ്പിലാണ്. അങ്ങനെ ബ്രഹ്മാണ്ഡമായ ഗീവർഗ്ഗീസ് രൂപത്തിനു പള്ളിയുടെ മുമ്പിൽ ഒരു വശത്തായി ഒരേക്കറോളം വരുന്ന ഭൂമി ലവലാക്കി ഗ്രൗണ്ടുവർക്കുമൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. ഗീവർഗ്ഗീസ് പുണ്യവാന്റെ എന്തെങ്കിലും ഒരു തിരുശ്ശേഷിപ്പും കൂടി സംഘടിപ്പിക്കേണ്ടതുണ്ട്. അതിനു വിശുദ്ധനാട് സന്ദർശിക്കാൻ പോകുന്ന ചില സുഹൃത്തുക്കളെ അച്ചൻ ശട്ടം കെട്ടിയിട്ടുണ്ട്.

അച്ചനും ചില കമ്മറ്റിക്കാരും കൂടി വിദഗ്ദനായ ഒരു ശില്പിയെ തേടിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ ഗീവർഗ്ഗീസ് പുണ്യവാന് ആനുപാതികമായി ഏറ്റവും വലിയ കുതിരയും ഏറ്റവും വലിയ വ്യാളിയും വേണമല്ലോ. വ്യാളി ഭയങ്കരമായ രൗദ്രഭാവം പൂണ്ടതായിരിക്കണമെന്നു കമ്മറ്റിയിൽ ചിലർ. അതു സ്ത്രീകളെയും കുട്ടികളേയും പേടിപ്പിച്ച് അകറ്റിനിർത്തിയേക്കുമെന്നും രൂപത്തിന്റെ ലക്ഷ്യംതന്നെ പരാജയപ്പെടുത്തിയേക്കുമെന്നും മറ്റുചില കമ്മറ്റിയംഗങ്ങൾ. ഗീവർഗ്ഗീസ് പുണ്യവാന്റെ ശക്തിയും പ്രതാപവും പ്രകടമാകുന്നതിന് വ്യാളിയുടെ രൗദ്രഭാവത്തിൽ ഒരു കുറവുമുണ്ടാകാൻ പാടില്ലെന്ന ഭൂരിപക്ഷാഭിപ്രായമാണ് ഒടുവിൽ വിജയിച്ചത്. ഒരുക്കങ്ങളും പണപ്പിരിവും തകൃതിയായി തുടങ്ങിക്കഴിഞ്ഞു. ജോലിയുള്ളവർ ഒരു മാസത്തെ ശമ്പളം, കച്ചവടക്കാരും വ്യവസായികളും ഒരു മാസത്തെ ആദായം, റബറുള്ള കർഷകർ ആഴ്ചയിലൊരു ദിവസത്തെ ഷീറ്റ്, തൊഴിലാളികൾ ആഴ്ചയിൽ ഒരു ദിവസത്തെകൂലി... ഇങ്ങനെപോകുന്നു പിരിവിന്റെ നിരക്കുകൾ. ലോകത്തിലെ ഏറ്റവും വലിയ ഗീവർഗ്ഗീസ് രൂപമല്ലേ ഉയരാൻ പോകുന്നത്! മനസ്സില്ലാമനസ്സോടെ ആണെങ്കിൽപോലും മിക്കവരും സഹകരിക്കുന്നു. അല്ലാത്തവരേയും സഹകരിപ്പിക്കാനുള്ള ചില 'പൊടിവിദ്യകൾ' ഒക്കെ അച്ചനറിയാമല്ലോ.

ആരേയും നേരിട്ടു സ്പർശിക്കാതെ ഇന്നു കേരള സഭയിൽ വ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ് മുകളിൽ വിവരിച്ചത്. ഏറ്റവും വലിയ ദേവാലയം, ഏറ്റവും വലിയ കുരിശുപള്ളി, ഏറ്റവും വലിയ മണിമാളിക, ഏറ്റവും വലിയ കുരിശ്, ഏറ്റവും വലിയ കൊടിമരം, ഏറ്റവും വലിയ നിലവിളക്ക്, ഏറ്റവും വലിയ 'പിയെത്താ', ഏറ്റവും വലിയ സ്ലീവാപ്പാദ രൂപങ്ങൾ, ഏറ്റവും വലിയ മണി... അങ്ങനെ സഭയിൽ ചിലർക്ക് ഏറ്റവും വലിയ എല്ലാറ്റിനോടുമുള്ള ഒരു 'മേനിയാ' തുടങ്ങിയിട്ട് നാളുകൾ കുറെയായി. 'മെഗലോമേനിയാ' എന്ന് ഈ പ്രതിഭാസത്തെ വിളിക്കാമെന്നുതോന്നുന്നു. താൻ അതിശക്തനും പ്രതാപശാലിയുമാണെന്ന അതിരുകടന്ന അവബോധം പോലെതന്നെ, വലിയ വസ്തുക്കളോടുള്ള മതിമറന്ന

> സഭയിൽ ചിലർക്ക് ഏറ്റവും വലിയ എല്ലാറ്റിനോടുമുള്ള ഒരു 'മേനിയാ' തുടങ്ങിയിട്ട് നാളുകൾ കുറെയായി.

ആവേശവും 'മെഗാലോമേനിയ' എന്ന ചിത്തഭ്രമത്തിന്റെ ലക്ഷണമാണല്ലോ.

ക്രൈസ്തവവിശ്വാസത്തിന്റെ വെളിച്ചത്തിൽ ഈ പ്രതിഭാസത്തെ എങ്ങനെയാണ് വിലയിരുത്തുക? യേശുനാഥനുമായിട്ടോ ക്രൈസ്തവവിശ്വാസവുമായിട്ടോ ഇതിന് എന്തെങ്കിലും ബന്ധമുണ്ടോ? പുണ്യവാന്മാരോടുള്ള യഥാർത്ഥ ഭക്തിയെ ഇത് ഏതെങ്കിലും വിധത്തിൽ സഹായിക്കുന്നുണ്ടോ? എന്താണ് ഈ മേനിയയ്ക്കു പിന്നിലെ ചാലകശക്തികൾ?

ആളുകളുടെ അല്പവിശ്വാസത്തെ ചൂഷണം ചെയ്യുകയും സാമ്പത്തികമായി അവരെ കഷ്ടപ്പെടുത്തുകയും ചെയ്യുന്നില്ലേ ഈ നിർമ്മാണഭ്രമം? കത്തോലിക്കാ വിശ്വാസത്തിൽ നിന്ന് അകലുന്നതിനും സെക്ടുകളിലേയ്ക്കും മറ്റു സഭാവിഭാഗങ്ങളിലേയ്ക്കും ചേക്കേറുന്നതിനും ഇതു പലർക്കും കാരണമാകുന്നില്ലേ? സഭയിലെ ഉത്തരവാദിത്വപ്പെട്ടവർ ഗൗരവപൂർവ്വം ചിന്തിക്കുകയും തീരുമാനമെടുക്കുകയും ചെയ്യേണ്ട കാര്യമാണിതെന്നു തോന്നുന്നു. ■

www.malankaralibrary.com



# സ്വപ്നം പറയുക

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

സ്വപ്നങ്ങൾ കാണുകയും അവ പറയുകയും വേണം. എന്നാൽ സ്വപ്നത്തിന് വിഷയമാകേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? സാമൂഹ്യപ്രതിബദ്ധത ഉണർത്തുന്ന ഒരു കുറിപ്പ്.

സ്വപ്നം കാണാനുള്ളതാണ്; എന്നിരുന്നാലും ശ്രേഷ്ഠമായ സ്വപ്നങ്ങൾ പറയാനുംകൂടിയുള്ളതാണ്. പ്രതീക്ഷയുടെ നക്ഷത്രങ്ങൾ ഒന്നൊന്നായി അണയുന്ന സാമൂഹിക ആകാശമാണ് നമ്മുടേത്. ഭീകരമായ വിലക്കയറ്റവും സർവ്വവ്യാപിയായ അഴിമതിയും കടുത്ത പരിസ്ഥിതിനാശവും വളരുന്ന സാമൂഹിക അസമത്വങ്ങളും സ്വപ്നങ്ങൾ കാണാനുള്ള നമ്മുടെ കഴിവിനെത്തന്നെ നശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അതുകൊണ്ടാകണം ഊർജ്ജപ്രസരമുള്ള സ്വപ്നങ്ങളുടെ പങ്കുവക്കലിനേക്കാൾ പരാതികളുടെ വീതംവയ്പും പരസ്പരമുള്ള കുറ്റപ്പെടുത്തലും നിരാശരുടെ ദീർഘനിശ്വാസങ്ങളും മിക്കപ്പോഴും പൊതുസമൂഹത്തിലും സഭാവേദികളിലും ഉയർന്നുകേൾക്കുന്നത്. എന്നാൽ ഇത്തരം സമൂഹത്തിൽ ശരിക്കും നടക്കേണ്ടത് നന്മയുടേയും മികവിന്റെയും മൂല്യങ്ങളുടെയും നിറമുള്ള സ്വപ്നങ്ങൾ പങ്കുവക്കലാണ്. ബ്രസീലിലെ ആർച്ച് ബിഷപ്പായിരുന്ന ഡോം ഹെൽഡർ കാമറ പറഞ്ഞു, ഒറ്റക്ക് സ്വപ്നം കാണുമ്പോൾ അതൊരു സ്വപ്നം മാത്രമാണ്. മറ്റുള്ളവരോടൊപ്പം സ്വപ്നംകാണുമ്പോൾ അത് യാഥാർഥ്യത്തിന്റെ തുടക്കമാണ്. അതായത്, സ്വപ്നഭോജികളുടെ താത്ക്കാലിക വിനോദമല്ല സ്വപ്നം പറച്ചിൽ. ദൈവത്തെ ഗൗരവമായിട്ടെടുക്കുന്ന എല്ലാവരും നന്മയുടെ സ്വപ്നങ്ങൾ കാണും എന്നതാണ് വാസ്തവം. അവരത് പരസ്പരം പറയും; അതൊരു വേദപ്രഘോഷണവുമാണ്.

## സ്വപ്നങ്ങളുടെ ദൈവം

ബൈബിളിന്റെ മൂന്നിലൊരുഭാഗത്തിന്റെ പശ്ചാത്തലം സ്വപ്നങ്ങളും ദർശനങ്ങളുമാണ്. 224 പ്രാവശ്യമാണ് ബൈബിളിൽ സ്വപ്നമോ ദർശനമോ പരാമർശിക്കപ്പെടുന്നത്. ബൈബിൾ ചരിത്രത്തിൽ നിർണ്ണായക സ്ഥാനംവഹിച്ച എല്ലാവരും സ്പനം കണ്ടവരോ ദർശനങ്ങളാൽ നയിക്കപ്പെട്ടവരോ ആയിരുന്നു. അബ്രാഹം, ജോസഫ്, ദാനിയൽ, എസക്കിയേൽ, യൗസേപ്പിതാവ്, കന്യാമറിയം, പൗലോസ് ശ്ലീഹാ, കൊർണേലിയൂസ് തുടങ്ങിയവർ പ്രമുഖ ഉദാഹരണങ്ങൾ.

ദൈവഭരണം നടക്കുന്ന സമൂഹത്തിന്റെ അടയാളമായി ജോയേൽ പ്രവാചകൻ (2: 28) കല്പിച്ചത് സ്വപ്നങ്ങളുടെ നിറസാന്നിദ്ധ്യമാണ്. “അന്ന് ഇങ്ങനെ സംഭവിക്കും: എല്ലാവരുടെയുംമേൽ എൻെറ ആത്മാവിനെ ഞാൻ വർഷിക്കും; നിങ്ങളുടെ പുത്രൻമാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും; യുവാക്കൾക്കു ദർശനങ്ങൾ ഉണ്ടാവും.” പുതിയ ഇസ്രായേലിനും ഇത് ബാധക

www.malankaralibrary.com



മാണെന്ന് വെളിവാക്കിക്കൊണ്ട് വി. പത്രോസ് തന്റെ കന്നിപ്രസംഗത്തിൽ ഇത് ഉദ്ധരിക്കുന്നുണ്ട് (നടപടി 2: 17).

ദൈവത്തെപ്പറ്റിയും ദൈവരാജ്യത്തെപ്പറ്റിയും സത്യസന്ധമായി പറഞ്ഞവരൊക്കെ മോഹിപ്പിക്കുന്ന സ്വപ്നങ്ങളുടെ ഭാഷയാണ് ഉപയോഗിച്ചത്. ഒരുപക്ഷേ അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഏശയ്യ 11: 6–9: "ചെന്നായും ആട്ടിൻകുട്ടിയും ഒന്നിച്ചുവസിക്കും. പുള്ളിപ്പുലി കോലാട്ടിൻകുട്ടിയോടുകൂടെ കിടക്കും. പശുക്കിടാവും സിംഹക്കുട്ടിയും ഒന്നിച്ച് മേയും. ഒരു ശിശു അവയെ നയിക്കും. പശുവും കരടിയും ഒരിടത്ത് മേയും. അവയുടെ കുട്ടികൾ ഒന്നിച്ചുകിടക്കും. സിംഹം കാളയെപ്പോലെ വൈക്കോൽതിന്നും. മുലകുടിക്കുന്ന ശിശു സർപ്പപ്പൊത്തിന് മുകളിൽ കളിക്കും. മുലകുടി മാറിയ കുട്ടി അണലിയുടെ അളയിൽ കയ്യിടും..."

സാധാരണഗതിയിൽ പരസ്പരം വിഴുങ്ങാനൊരുങ്ങുന്നവർ സഹജീവിതത്തിന്റെ ലയം തീർക്കുന്ന അവസ്ഥയെക്കുറിച്ച് സ്വപ്നത്തിന്റെ ഭാഷയിലല്ലാതെ എങ്ങനെ പറയും? മരുഭൂമിയിൽ ചുറ്റിക്കറങ്ങിയ ഒരു ജനതക്ക് ദൈവം സമ്മാനിക്കാൻ പോകുന്ന കാനാൻദേശത്തെ പാലും തേനുമൊഴുകുന്ന സ്വപ്നഭൂമിയായി അവതരിപ്പിച്ച കാവ്യഭാവനയെ സ്തുതിക്കണം.

സ്വപ്നത്തരികൾ വീണുകിടക്കുന്ന ഭാഷയിലാണ് ഈശോ പ്രാർത്ഥനയുടെ ശക്തിയെപ്പറ്റി പറഞ്ഞത്. "ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും (മത്തായി 7: 7)". അതീവ സൂക്ഷ്മതയോടെയാണ് ഈശോ തന്റെ ശിഷ്യന്മാരോട് സ്വപ്നങ്ങൾ പങ്കുവച്ചത്. ഏറ്റവും യാതനാപൂർണ്ണമായ കുരിശാരോഹണത്തെപ്പറ്റി പറഞ്ഞപ്പോഴൊക്കെ ഈശോ തന്റെ ഉത്ഥാനത്തെപ്പറ്റി പറഞ്ഞു. താൻ ഈ ലോകം വിടാൻ പോകുന്നു എന്ന സങ്കടവർത്തമാനം ഈശോക്ക് തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരോട് പറയേണ്ടിയിരുന്നു; ഉടനെ അവൻ കൂട്ടിച്ചേർത്തു, "പേടിക്കേണ്ട, എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്." സ്വപ്നങ്ങൾ അങ്ങോട്ടുകൊടുത്ത് കൂറ് (loyalty) ഇങ്ങോട്ട് വാങ്ങുന്നവനാണ് നല്ല നേതാവ്. ഈശോ ഒന്നാന്തരം ഉദാഹരണവും.

## സ്വപ്നങ്ങളുടെ വേദികൾ

സ്വപ്നങ്ങൾ പറയാൻ നമുക്ക് ഒട്ടനവധി ഇടങ്ങളുണ്ട്. സഭയിലെ പ്രസംഗപീഠങ്ങളും ധ്യാനവേദികളും ഇടയന്മാരുടെ പ്രബോധനങ്ങളും മെച്ചപ്പെട്ട സഭയെയും സമൂഹത്തെയും കുറിച്ചുള്ള സ്വപ്നങ്ങൾ പങ്കുവക്കുന്ന വേദികൾകൂടി ആയിരുന്നെങ്കിൽ! മികച്ച സ്വപ്നസംവേദനങ്ങളുംകൂടി നടത്തുമ്പോഴേ സഭയുടെ ഇടയധർമ്മം പൂർത്തിയാകുന്നുള്ളൂ.

ക്ലാസ്സുമുറികളും കുടുംബസദസ്സുകളും കുടുംബസമ്മേളനങ്ങളും കുട്ടികളുടേയും ചെറുപ്പക്കാരുടേയും മനസ്സിലെ സ്വപ്നങ്ങൾ പുറത്തെടുക്കാനുള്ള അവസരങ്ങളാണ്.

സാമൂഹികമോ സഭാത്മകമോ ആയ ഒരേതരം

www.malankaralibrary.com

ആദർശങ്ങൾ പങ്കിടുന്നവരുടെ കൂട്ടായ്മകൾ സ്വപ്നങ്ങൾ വളരാനുള്ള ഉർവ്വരഭൂമിയാണ്.

പുഴുത്തതും നാറിയതും വലിച്ചുപുറത്തിട്ട് ആഹാരമാക്കുന്ന കഴുകന്റേതുകണക്കാണ് സമകാലിക മാധ്യമപ്രവർത്തനത്തിന്റെ മത്സരാധിഷ്ഠിത മുഖം. അക്രമവും പെണ്ണുകേസും അഴിമതിയും കണ്ടില്ലെങ്കിൽ ഇന്ന് വാർത്തയൊന്നുമില്ല എന്ന് പറഞ്ഞു പത്രംമടക്കുന്ന കഴുകൻ വായനക്കാരുമുണ്ട്. യഥാർത്ഥ പത്രങ്ങളുടെ ശക്തി! നന്മയുടെയും മികവിന്റെയും സ്വപ്നച്ചില്ലകൾ കൊത്തിക്കൊണ്ടുവരുന്ന പ്രാവിന്റേതുപോലുള്ള മാധ്യമപ്രവർത്തനവും നമുക്ക് വേണം.

## സ്വപ്നങ്ങളുടെ ഉള്ളടക്കം

സ്വപ്നം പറച്ചിലിന്റെ വിഷയങ്ങൾ എന്തൊക്കെയാണ്? മൂന്ന് സാധ്യതകൾ മാത്രം സൂചിപ്പിക്കാം. ഒന്നാമതായി, ഏറ്റവും കൂടുതൽ സ്വപ്നങ്ങൾ പങ്കുവക്കപ്പെടേണ്ടത് ശ്രേഷ്ഠമായ മൂല്യങ്ങളെക്കുറിച്ചാണ്. നഷ്ടപ്രായമായ മൂല്യങ്ങളുടെ പുനരുജ്ജീവനത്തിനുള്ള ഒരു മാർഗ്ഗം അവയെപ്പറ്റി പറയുക എന്നതാണ്. അത് പലതരത്തിൽ ആകാം. 2010 നവംബറിൽ ഒരു ദിവസം ബിബിസി റേഡിയോയുടെ 'ചാനൽ 4' അര മിനിട്ട് നേരം നിശ്ശബ്ദത 'പ്രക്ഷേപണം' ചെയ്തു. ഈ മൗനം എന്ന് പറയുന്ന സംഗതി എന്താണെന്ന് പ്രേക്ഷകരെ അറിയിക്കാനുള്ള ശ്രമമായിരുന്നു അത്. റേഡിയോനിലയം കേടായതല്ല, മുൻകൂട്ടി അറിയിച്ച് നടത്തിയ ഒരു പ്രത്യേക പരിപാടിയായിരുന്നു അത്.

രണ്ടാമതായി, നമ്മുടെ വിഭവശേഷി ഏതെല്ലാം തരത്തിൽ വിനിയോഗിക്കാമെന്നത് സ്വപ്നങ്ങൾക്ക് വിഷയമാകണം. അടുത്തകാലത്തായി മനസ്സിൽ വന്ന സ്വപ്നസ്വഭാവമുള്ള ഒരാശയമുണ്ട്. സർക്കാരിന്റെ നിർദ്ദിഷ്ട ബില്ല് പ്രകാരം പൊതുസ്ഥലത്ത് മൂത്രമൊഴിക്കുന്നത് പിഴയൊടുക്കേണ്ട അപരാധമാണ്. ആവശ്യത്തിന് മൂത്രപ്പുരകൾ ഏർപ്പാടാക്കാൻ മിനക്കെടാത്ത ഭരണകൂടത്തിന്റെ ഭീഷണിയാണിതെന്നോർക്കണം. എന്നാലും ഈ ആവശ്യം നിലനില്ക്കുന്നു. നമ്മുടെ രൂപതകൾ നേതൃത്വം എടുത്താൽ കേരളത്തിലെ എല്ലാ ടൗണുകളിലും നഗരങ്ങളിലും വേണ്ടത്ര പൊതുമൂത്രപ്പുരകൾ നിർമ്മിച്ചുകൊടുക്കാൻ കഴിയും. പഞ്ചായത്തോ മുൻസിപ്പാലിറ്റിയോ ലഭ്യമാക്കുന്ന സ്ഥലത്ത് ഇത് ചെയ്യാവുന്നതേയുള്ളൂ. രൂപതകൾ ഇതിന് നേതൃത്വമെടുത്താൽ സഹായിക്കാനും സ്പോൺസർ ചെയ്യാനും സന്മനസ്സുള്ളുവർ ഉണ്ടാകും. മനസ്സുവച്ചാൽ ഇത്തരം സ്വപ്നങ്ങൾ നടന്നിരിക്കും.

മൂന്നാമതായി, പീഡിതവിഭാഗങ്ങളുടെ ഉയിർത്തെഴുന്നേല്പ് നമ്മുടെ സ്വപ്ന വിഷയമാകണം. സാമൂഹിക വ്യവസ്ഥിതിയും ഭരണകൂടങ്ങളും കണ്ണില്ലാത്ത നിയമങ്ങളും ഞെരുക്കുന്ന ഒട്ടനവധി മനുഷ്യർ നമ്മുടെ നാട്ടിലുണ്ട്. അവരുടെ വിമോചനം ഒരു സ്വപ്നമായെങ്കിലും നമ്മുടെ മനസ്സിൽ കയറിക്കൂടണം.

> സമൂഹത്തിൽ ശരിക്കും നടക്കേണ്ടത് നന്മയുടേയും മികവിന്റെയും മൂല്യങ്ങളുടെയും നിറമുള്ള സ്വപ്നങ്ങൾ പങ്കുവക്കലാണ്.

സർവ്വവിമോചകനായ ക്രിസ്തുവിന്റെ സ്വപ്നങ്ങൾ എന്നാണ് നമ്മുടേതുമാകുക?

സ്വപ്നക്കാർക്ക് നല്ല കാലമൊന്നുമല്ല; പണ്ടുമതെ, ഇപ്പോഴുമതെ. പഴയ നിയമത്തിലെ ജോസഫിനെക്കണ്ട് അവന്റെ സഹോദരന്മാർ മുരണ്ടു, ഇതാ വരുന്നു സ്വപ്നക്കാരൻ. അവരവനെ പൊട്ടക്കിണറ്റിലെറിഞ്ഞു (ഉത്പത്തി 37: 19-24). ജോസഫിന്റെ സഹോദരന്മാർ കണക്കുകൾ കൂട്ടിക്കളിച്ചവരായിരുന്നു. ലാഭനഷ്ടങ്ങളുടെ ഗണിതവും ഉന്നതമായ മൂല്യങ്ങളുടെ സ്വപ്നങ്ങളും തമ്മിലാണ് പ്രായോഗിക സംഘർഷം, അന്നും ഇന്നും. ■



**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമിനാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com



# സെമിത്തേരി പ്രശ്നം

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

● **കത്തോലിക്കാ സെമിത്തേരിയിൽ അകത്തോലിക്കരുടേയും മാമ്മോദീസ സ്വീകരിക്കാത്തവരുടേയും ശവസംസ്ക്കാരം നടത്താമോ? നടത്താമെങ്കിൽ അതിനു പാലിച്ചിരിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്?**

ജേക്കബ് കെ.ജെ., കണ്ണൂർ

ക്രിസ്ത്യാനികൾ മൃതദേഹത്തെ പാവനമായി കരുതുന്നു. ആത്മാവ് വേർപെട്ട് ചേതനയറ്റു കിടക്കുന്ന മൃതദേഹത്തെ അലക്ഷ്യമായി വലിച്ചെറിയുകയോ പക്ഷിമൃഗാദികൾക്ക് എറിഞ്ഞുകൊടുക്കുകയോ നാം ചെയ്യുകയില്ല. മൃതദേഹത്തിന് ചുറ്റുമിരുന്നുള്ള പ്രാർത്ഥനകളും, മൃതദേഹം സംസ്ക്കരിക്കുന്നതിനുള്ള ശുശ്രൂഷകളും നമ്മുടെ ആചാരാനുഷ്ഠാനങ്ങളിൽ പ്രധാനമാണ്. ഈ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിക്കുന്നത് വൈദികരാണല്ലോ. സഭയുടെ ഔദ്യോഗിക പ്രാർത്ഥനാശുശ്രൂഷകൾക്കുശേഷം മൃതദേഹം സെമിത്തേരിയിൽ സംസ്ക്കരിക്കുന്നു. സംസ്ക്കരണം നടത്തുന്ന സെമിത്തേരിയോ അതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള പ്രത്യേക സ്ഥലമോ നാം പാവനമായി കരുതുന്നു. അവിടെ പ്രാർത്ഥനകളും മറ്റ് അനുഷ്ഠാനങ്ങളും നടത്തുന്നു. "ഇവിടമാണ് അദ്ധ്യാത്മ വിദ്യാലയം" എന്ന് മഹാകവി കുമാരനാശാൻ വിശേഷിപ്പിക്കുന്നതും ഈ സ്ഥലം തന്നെ. ഇക്കാരണങ്ങൾ കൊണ്ട് സെമിത്തേരികൾ വിശുദ്ധമായി സൂക്ഷിക്കുന്നതിന് സഭ എക്കാലത്തും ശ്രദ്ധിച്ചുപോന്നിട്ടുണ്ട്.

## സ്വന്തമായ സെമിത്തേരികൾ

കത്തോലിക്കാവിശ്വാസികളെ സംസ്ക്കരിക്കുന്നതിന് സ്വന്തമായ സെമിത്തേരികൾ ഉണ്ടായിരിക്കുവാനുള്ള സഭയുടെ അവകാശത്തെപ്പറ്റി സഭാനിയമത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഏതെങ്കിലും ഇടവകയിൽ സ്വന്തമായ സെമിത്തേരി ഇല്ലെങ്കിൽ പൊതു സെമിത്തേരികളിൽ പ്രത്യേകസ്ഥലം വിശ്വാസികൾക്കായി മാറ്റിവയ്ക്കുവാൻ ശ്രദ്ധിക്കണമെന്നും സഭാനിയമം നിഷ്ക്കർഷിക്കുന്നു.

ഇടവകകൾക്ക് പുറമെ സന്യാസാശ്രമങ്ങൾ, മറ്റ് സമർപ്പിത സമൂഹങ്ങൾ എന്നിവയ്ക്കും സ്വന്തമായ സെമിത്തേരികൾക്ക് അവകാശമുണ്ട്. ഇപ്രകാരമുള്ള സെമിത്തേരികളിൽ അകത്തോലിക്കരുടെയും മാമ്മോദിസ സ്വീകരിക്കാത്തവരുടെയും ശവസംസ്ക്കാരം നടത്താമോ എന്നതാണ് ചോദ്യകർത്താവ് ഉന്നയിക്കുന്ന പ്രശ്നം. സാധാരണഗതിയിൽ പാടില്ല എന്നതാണ് ലഘുവായ ഉത്തരം.

www.malankaralibrary.com




സാധാരണഗതിയിൽ കത്തോലിക്കർക്ക് മാത്രമേ സഭാവിധിപ്രകാരമുള്ള മൃതസംസ്ക്കാരശുശ്രൂഷ നടത്തിക്കൊടുക്കുവാൻ പാടുള്ളൂ. കത്തോലിക്കർക്ക് പുറമേ ജ്ഞാനസ്നാനാർത്ഥികൾക്കും (Catechumens) സഭാപരമായ മൃതസംസ്ക്കാരത്തിന് അവകാശമുണ്ട്. ക്രൈസ്തവ വിശ്വാസികളുടേതായ ചില ആനുകൂല്യങ്ങൾ ജ്ഞാനസ്നാനാർത്ഥികൾക്കും സഭ നല്കിപ്പോരുന്നു (CIC.c. 206; CCEO.c. 9). സഭാപരമായ സംസ്ക്കാരം ജ്ഞാനസ്നാനാർത്ഥികൾക്കുള്ള ഒരാനുകൂല്യമായിട്ടാണ് കണക്കാക്കപ്പെടുന്നത്.

## ലത്തീൻ-പൗരസ്ത്യനിയമങ്ങളിലെ നിർദ്ദേശങ്ങൾ

ചില പ്രത്യേക സാഹചര്യങ്ങളിൽ അകത്തോലിക്കരായ ക്രൈസ്തവവിശ്വാസികൾക്കും സഭാവിധിപ്രകാരമുള്ള സംസ്ക്കാരശുശ്രൂഷ നടത്തിക്കൊടുക്കാവുന്നതാണെന്ന് സഭാനിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സഭാനിയമത്തിൽ വിശദമായ പ്രതിപാദനങ്ങൾ ഇല്ലെങ്കിലും ലത്തീൻ നിയമത്തിലേയും പൗരസ്ത്യനിയമത്തിലേയും നിർദ്ദേശങ്ങൾ ഏറെക്കുറെ സമാനമാണ്.

ലത്തീൻ നിയമത്തിലെ 1183-ാം കാനോനയനുസരിച്ച് കത്തോലിക്കാ മാതാപിതാക്കളുടെ കുട്ടികൾ മാമ്മോദീസ സ്വീകരിക്കുന്നതിന് മുൻപ് മരണമടഞ്ഞാൽ അവർക്ക് സഭാപരമായ മൃതസംസ്ക്കാരശുശ്രൂഷ നൽകാവുന്നതാണ്. ഇപ്രകാരം മാമ്മോദിസ സ്വീകരിക്കാതെ മരിക്കുന്ന കുട്ടികൾക്ക് സഭാപരമായ ശവസംസ്ക്കാരശുശ്രൂഷ നല്കണമെങ്കിൽ മരിച്ച ശിശുവിന്റെ മാതാപിതാക്കളിൽ ആർക്കെങ്കിലും ഒരാൾക്കോ കുട്ടിയുടെ സംരക്ഷണ ചുമതലയുള്ള വ്യക്തിക്കോ (guardian) കുട്ടിക്ക് മാമ്മോദീസ നല്കണമെന്ന് ആഗ്രഹമുണ്ടായിരുന്നിരിക്കണം എന്നു മാത്രമേയുള്ളൂ (CIC.c. 1183/2). ശിശുക്കൾ മാമ്മോദീസ സ്വീകരിക്കാതെയാണ് മരിക്കുന്നതെങ്കിലും ദൈവത്തിന്റെ കാരുണ്യത്തിനായി സഭ ശിശുക്കളെ സമർപ്പിക്കുകയാണ് ഇതുവഴി ചെയ്യുന്നത്. എല്ലാവരും രക്ഷപ്രാപിക്കണമെന്നതാണല്ലോ സഭയുടെ ആഗ്രഹം (CCC. 1261).

## ലത്തീൻ നിയമസംഹിതയിൽ

അകത്തോലിക്കർക്കും കത്തോലിക്കാ സെമിത്തേരിയിൽ സഭാപരമായ സംസ്ക്കാരശുശ്രൂഷ നല്കുന്നതിനെപ്പറ്റി ലത്തീൻ നിയമസംഹിതയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, ഇക്കാര്യത്തിനായി സ്ഥലത്തെ കത്തോലിക്കാ മേലധ്യക്ഷന്റെ അനുവാദം ലഭിച്ചിരിക്കണമെന്ന് നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ചില വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് അകത്തോലിക്കർക്ക് കത്തോലിക്കാ സെമിത്തേരിയിൽ സഭാപരമായ സംസ്ക്കാരശുശ്രൂഷ നൽകണമോയെന്ന് മെത്രാൻ തീരുമാനിക്കുന്നത്. പ്രസ്തുത വ്യവസ്ഥകൾ ഇപ്രകാരമാണ്:

1. മരിച്ചയാൾ സാധുവായ മാമ്മോദീസ സ്വീകരിച്ചിട്ടുണ്ടാകണം (മാമ്മോദീസയുടെ സാധുതയെപ്പറ്റി സംശയമുള്ളപ്പോഴും സഭാപരമായ മൃതസംസ്ക്കാരം നടത്താവുന്നതാണ്);

www.malankaralibrary.com

2. മരിച്ചയാളുടെ സഭയിലെ (സഭാസമൂഹത്തിലെ) വൈദികനെ ലഭിക്കുക പ്രയാസമാകുമ്പോൾ;
3. മരിച്ചയാൾ കത്തോലിക്കാസഭയുടെ മൃതസംസ്ക്കാരശുശ്രൂഷയെ എതിർത്തിട്ടില്ലാത്ത ആളായിരിക്കണം.

ഇതിൽ നിന്ന് ലത്തീൻ നിയമസംഹിതയനുസരിച്ച് മാമ്മോദീസ സ്വീകരിക്കാത്ത കത്തോലിക്കാ കുട്ടികൾക്കും മാമ്മോദീസ സ്വീകരിച്ച അകത്തോലിക്കർക്കും ചില വ്യവസ്ഥകൾക്ക് വിധേയമായി കത്തോലിക്കാ സെമിത്തേരിയിൽ സഭാപരമായ സംസ്ക്കാരശുശ്രൂഷ നടത്തിക്കൊടുക്കാവുന്നതാണെന്ന് വ്യക്തമാണല്ലോ.

## പൗരസ്ത്യനിയമത്തിൽ

ലത്തീൻ നിയമത്തിൽ നിന്ന് ഇക്കാര്യത്തിൽ കൃത്യമായ മാറ്റം പൗരസ്ത്യനിയമത്തിൽ ഇല്ലെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. പൗരസ്ത്യ നിയമമനുസരിച്ച് മാതാപിതാക്കൾ മാമ്മോദീസ നല്കാൻ ആഗ്രഹിച്ചിരുന്നുവെങ്കിലും മാമ്മോദീസ സ്വീകരിക്കാൻ പറ്റാതെ മരണമടയുന്ന ശിശുക്കൾക്കും, സഭയുമായി ഏതെങ്കിലും വിധത്തിൽ അടുത്തുനില്ക്കുകയും എന്നാൽ മാമ്മോദീസ സ്വീകരിക്കാൻ സാധിക്കാതെ മരിക്കുകയും ചെയ്യുന്നവർക്കും കത്തോലിക്കാ സെമിത്തേരിയിൽ സഭാപരമായ സംസ്ക്കാരശുശ്രൂഷ നല്കാവുന്നതാണ് (CCEO.c. 876/2). ഇപ്രകാരം ചെയ്യുന്നതിന് സ്ഥലത്തെ കത്തോലിക്കാ മേലധ്യക്ഷന്റെ അനുമതി ലഭിച്ചിരിക്കണം.

ലത്തീൻ നിയമമനുസരിച്ച്, അകത്തോലിക്കാ സഭയിലോ ക്രിസ്തീയ സമൂഹങ്ങളിലോ പെട്ടവർക്കാണ് (Non- Catholics and ecclesial communities) മേല്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി സഭാപരമായ സംസ്ക്കാരശുശ്രൂഷ കത്തോലിക്കാസെമിത്തേരിയിൽ നല്കാവുന്നതെങ്കിൽ പൗരസ്ത്യനിയമമനുസരിച്ച് കത്തോലിക്കാ സഭയുമായി അടുത്തുകഴിയുന്ന മാമ്മോദീസ സ്വീകരിക്കാത്തവർക്കുകൂടി സഭാപരമായ സംസ്ക്കാരശുശ്രൂഷ നല്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതനുസരിച്ച് മാമ്മോദീസ സ്വീകരിക്കാത്തവർക്കും, അവർ സഭയുമായി അടുത്തു കഴിയുന്നവരാണെങ്കിൽ സ്ഥലത്തെ മെത്രാന്റെ അനുമതി ലഭിക്കുന്ന പക്ഷം കത്തോലിക്കാ സെമിത്തേരിയിൽ ശവസംസ്ക്കാരശുശ്രൂഷ നടത്തിക്കൊടുക്കാവുന്നതാണ്.

## എക്യുമെനിക്കൽ ഡയറക്ടറിയിലെ പരാമർശം

1993-ലെ എക്യുമെനിക്കൽ ഡയറക്ടറിയിലെ 137-ാം ഖണ്ഡികയനുസരിച്ച് കത്തോലിക്കാ ദേവാലയങ്ങളും സ്ഥാപനങ്ങളും കത്തോലിക്കാസഭയുമായി പൂർണ്ണ ഐക്യത്തിലെത്താത്ത അകത്തോലിക്ക സഭാംഗങ്ങളുടെ ആത്മീയശുശ്രൂഷകൾക്കായി അവരുടെ വൈദികർക്കോ സമൂഹത്തിനോ നല്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അവർക്ക് ആരാധനാശുശ്രൂഷകൾക്കായി സ്വന്തമായി ദേവാലയമോ ആരാധനാലയമോ ഇല്ലാത്ത അവസരങ്ങളിൽ സ്ഥലത്തെ മേലധ്യക്ഷനാണ് ഇതിനുള്ള അനുമതി നല്കേണ്ടത്. ഈ സാഹചര്യത്തിൽ കത്തോലിക്കാസെമിത്തേരിയും സ്ഥലത്തെ മെത്രാന്റെ അനുവാദത്തോടെ അവർക്ക് ഉപയോഗിക്കാവുന്നതാണ്.

## വ്യക്തതയുടെ ആവശ്യം

ഇവിടെ പരാമർശിക്കപ്പെട്ട വിഷയത്തിൽ കൂടുതൽ വ്യക്തതയും വിശദമായ പ്രതിപാദനവും ആവശ്യമാണ്. ലത്തീൻ നിയമത്തിലും വിശദമായ പ്രതിപാദനങ്ങൾ ഇല്ല. ഓരോ സഭയുടെയും പ്രത്യേകനിയമത്തിൽ വ്യക്തത ഉണ്ടാകുന്നതിനാവശ്യമായ നിയമനിർമ്മാണം ഉണ്ടാകേണ്ടിയിരിക്കുന്നു. കത്തോലിക്കാ സെമിത്തേരിയിൽ അകത്തോലിക്കരുടെ ശവസംസ്ക്കാരത്തിനുള്ള ആവശ്യങ്ങൾ വർദ്ധിച്ചുവരാനുള്ള സാഹചര്യം തള്ളിക്കളയാനാവില്ല. മിശ്രവിവാഹങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ഒരു സാഹചര്യമാണ്. ജീവിതപങ്കാളിയോടൊപ്പം കത്തോലിക്കാസെമിത്തേരിയിൽ തന്നെ അകത്തോലിക്കാസഭാംഗമായ കൂട്ടുപങ്കാളിക്കും അന്ത്യവിശ്രമം കൊള്ളണമെന്ന് ആഗ്രഹിക്കുമ്പോൾ അകത്തോലിക്കരേയും കത്തോലിക്കാ സെമിത്തേരിയിൽ സംസ്ക്കരിക്കേണ്ടവരും. ■



**ഡോ. ജോസ് ചിറമേൽ**

റോമിലെ പൊന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ 1990ൽ ഡോക്ടറേറ്റ്. ഗ്രിഗോരിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും 1992-ൽ പോസ്റ്റ്-ഡോക്ടറൽ ഡിപ്ലോമ. വിവിധ സെമിനാരികളിൽ കാനൻ നിയമത്തിന്റെ പ്രൊഫസർ.

www.malankaralibrary.com



# സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷൽ സ്കൂൾ

ജാസ്മിൻ ജേക്കബ്

സമൂഹത്തിലെ വൈകല്യമുള്ളവരെ സംരക്ഷിക്കുക സർക്കാരിന്റെ ചുമതലയാണ്. വിദ്യാഭ്യാസമുള്ള രാജ്യങ്ങളിലൊക്കെ ഇതാണ് രീതി. എന്നാൽ കേരളസർക്കാർ ഈ കാര്യത്തിൽ കണ്ണുംപൂട്ടി കൈയ്യുംകെട്ടി ഇരിക്കുകയാണ്. ഇവിടെയാണ് സഭാ ഘടകങ്ങൾ അഭിനന്ദനീയമായ സേവനം കാഴ്ചവയ്ക്കുന്നത്. അത്തരമൊരു സ്പെഷൽ സ്കൂളിനെ ഇവിടെ പരിചയപ്പെടുത്തുകയാണ്.

മഴയുള്ള ഒരു വൈകുന്നേരം. ഞങ്ങൾ അധ്യാപകരും വിദ്ധ്യാർത്ഥികളും സ്കൂളിനുമുന്നിലുള്ള വരാന്തയിൽ ഇരിക്കുകയായിരുന്നു. പെട്ടെന്നൊരു താക്കോൽക്കൂട്ടം കിലുങ്ങുന്ന ശബ്ദം. തിരിഞ്ഞുനോക്കിയപ്പോൾ. എല്ലാവരും അത്ഭുതപ്പെട്ടു. ദിലീപ് ജോയിയെന്ന നാലുവയസ്സുകാരൻ നടന്നു വരുന്നു!

“രണ്ടര വയസ്സുള്ളപ്പോഴാണ് അനാഥനായ ദിലീപിനെ ചില സാമൂഹ്യപ്രവർത്തകർ സ്പെഷ്യൽ സ്കൂളിൽ എത്തിച്ചത്. ജന്മനാ ചലനശേഷിയും, സംസാരശേഷിയും ഇല്ലാതിരുന്ന ദിലീപിന് നടക്കുവാനുള്ള പരിശീലനങ്ങൾ തുടരെ നൽകിയിരുന്നെങ്കിലും അതൊന്നും വിജയിച്ചില്ല. എന്നാലും ഞങ്ങൾ ശ്രമം തുടർന്നുകൊണ്ടേയിരുന്നു. വളരെ ആകസ്മികമായിരുന്നു അവനിലുണ്ടായിരുന്ന മാറ്റം. അതെന്റെ അധ്യാപകജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത സംഭവമായി.” പ്രധാനാധ്യാപകൻ ദീപു ജോൺ സ്വാനുഭവം പങ്കുവച്ചു. അപ്പോൾ ദിലീപ് വരാന്തയിലൂടെ ഓടിനടന്ന് ബഹളം വയ്ക്കുകയായിരുന്നു.

ഇത് കോട്ടയം പാമ്പാടി റൂട്ടിലുള്ള അന്നാടിവയലിലെ സെന്റ്. ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂൾ. മലമുകളിൽ പണിതുയർത്തപ്പെട്ട പട്ടണത്തെ ഓർമ്മിപ്പിക്കുന്ന ഈ സ്ഥാപനം അനേകം കുടുംബങ്ങൾക്ക് പ്രത്യാശയുടെ പൊൻകിരണമായി നിലകൊള്ളുന്നു. ഇവിടെ വലിപ്പ-ചെറുപ്പങ്ങളില്ല, ഭാഷ-ദേശാന്തരങ്ങളില്ല. അമേരിക്കയിൽ നിന്നുള്ള ഷാരോണും, ഒമാനിൽ നിന്നുള്ള ഷെറിൻ ചെറിയാനും, ആന്ധ്രാക്കാരൻ ഡാനിയും, അന്നാടിവയലിലെ അമ്പിളിയുമെല്ലാം ഇവിടെ ഒരു കുടുംബത്തിലെ സഹോദരങ്ങളാകുന്നു.

“എന്റെ മകൻ ഡോൺ സിവിയർ ഹൈപ്പർ ആക്ടീവായിരുന്നു. പല സ്പെഷ്യൽ സ്കൂളുകളിൽ നിന്നും അവനെ ‘പരിശീലിപ്പിക്കാൻ ബുദ്ധിമുട്ടാണെന്ന’ പേരിൽ തിരിച്ചയച്ചു. അങ്ങനെ നിരാശപ്പെട്ടിരിക്കുമ്പോഴാണ് ഈ സ്കൂളിനെക്കുറിച്ച് അറിയാനിടയായത്. സ്ഥാപനത്തിന് ഉൾക്കൊള്ളാവുന്നതിലധികം കുട്ടികളുണ്ടായിരുന്നെങ്കിലും ബ്രദർ യാതൊരു മടിയുമില്ലാതെ ഞങ്ങളുടെ മകനെ സ്വീകരിച്ചു. അവനു ലഭിച്ച വ്യക്തിപരമായ പരിചരണങ്ങൾ അവനെ യാകെ മാറ്റിമറിച്ചു. ഇന്നവൻ അവിടെ താമസിച്ചു പഠിക്കുകയാണ്. എന്നെപ്പോലെ പതിനായിരങ്ങൾക്ക് പ്രത്യാശ പകരുന്ന ദൈവദൂതനാണ് ബ്ര. അഗസ്റ്റിൻ” പി. ടി. എ. പ്രസിഡന്റുകൂടിയായ കുമളി സ്വദേശി ഷാജി പറഞ്ഞു.

1998-ൽ പൂനമലയിലും കട്ടപ്പനയിലും ഹോസ്പിറ്റലർ ബ്രദേഴ്സ് നടത്തുന്ന വൃദ്ധമന്ദിരത്തിൽ നിന്നും കൊണ്ടുവന്ന അഞ്ചുകുട്ടികളുമായാണ് ഈ സ്കൂ

www.malankaralibrary.com



ളിന്റെ ആരംഭം. അന്നിത് ചുറ്റും കാടുകയറികിടന്നിരുന്ന പഴയൊരു കെട്ടിടമായിരുന്നു. ഇന്നിത് 173 കുട്ടികളും, 62 സ്റ്റാഫുമുള്ള സ്ഥാപനമായി മാറിയിരിക്കുന്നു. ഹൈഡ്രോതെറാപ്പി, ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി തുടങ്ങിയ അത്യാധുനിക പരിശീലനരീതികൾ ഇവിടുത്തെ കുട്ടികൾക്ക് ലഭിക്കുന്നു.

"എനിക്ക് വീടിനേക്കാൾ ഇഷ്ടം സ്കൂളാണ്. ഇവിടെ ഫുട്ബോൾ കളിക്കാൻ കൂട്ടുകാരുണ്ട്". ഛത്തീസ്ഗഢിൽ നിന്നുള്ള 20 കാരൻ ജിഷൻ ഫുട്ബോൾ കളിത്തിരക്കിനിടയിൽ പറഞ്ഞു.

വിവിധ പ്രായവിഭാഗങ്ങൾക്കായി ഇവിടെ ആറ് ഭവനങ്ങളാണുള്ളത്. ഏയ്ഞ്ചൽ ഹോം (5–12 വയസ്സുവരെയുള്ള ആൺകുട്ടികൾക്ക്), മരിയ ഹോം (8 വയസ്സുള്ള പൺകുട്ടികൾക്ക്), ഡൊണേറ്റൂസ് ഹോം (12 മുതൽ 18 വയസ്സുവരെയുള്ള ആൺകുട്ടികൾക്ക്), റിച്ചാർഡ് ഹോം (18 വയസ്സിനു മുകളിലുള്ള ആൺകുട്ടികൾക്ക്), മെന്നിഹോം (പരാശ്രയമില്ലാതെ സ്വതന്ത്ര്യമായി വ്യാപരിക്കാൻ സാധിക്കുന്നവർക്ക്), ദീപ്തി സദൻ (ആജീവനാന്ത പരിചരണ കേന്ദ്രം) എന്നിവയാണവ.

"ഞങ്ങളുടെ മകൻ അരവിന്ദന് സെറിബ്രൽ പഴ്സിയാണെന്ന തിരിച്ചറിവ് ഞങ്ങളെയാകെ തകർത്തു. ഇങ്ങനെയുള്ള ഒരു കുട്ടിയുടെ മാതാപിതാക്കൾ എന്ന നിലയിൽ സമൂഹത്തിലെ സഹതാപപ്രകടനങ്ങൾ ഞങ്ങളെ ഒട്ടൊന്നുമല്ല വിഷമിപ്പിച്ചിരിക്കുന്നത്. നാലു വർഷങ്ങൾക്കു മുമ്പ് ഞങ്ങളവനെ സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷൽ സ്കൂളിൽ എത്തിച്ചു. അരവിന്ദനിപ്പോൾ 29 വയസ്സ്. അവൻ ഇന്ന് സ്വയം പര്യാപ്തതയിലേയ്ക്ക് വളർന്നു. രാത്രിയിൽ വീടും, ഗേറ്റും പൂട്ടുക, ഇടിയോ മിന്നലോ ഉണ്ടായാൽ ഫോണും മറ്റും ഊരിയിടുക തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾ ആരും പറഞ്ഞുകൊടുക്കാതെ ചെയ്യുന്നു.'' കോട്ടയം കങ്ങഴത്തെ ചന്ദ്രികാനായറിന്റെ അനുഭവമാണിത്.


ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സഭാംഗമായ ബ്ര. അഗസ്റ്റിൻ പോളപ്രയിലിന്റെ സ്വപ്നമാണ് ഈ സ്ഥാപനത്തിലൂടെ യാഥാർത്ഥ്യമാകുന്നത്.

1994–ലാണത്. ഞാൻ ജർമ്മനിയിൽ സ്പെഷൽ എഡ്യുക്കേഷൻ പഠിക്കുമ്പോൾ ബുദ്ധിമാന്ദ്യമനുഭവിക്കുന്നവർക്കായുള്ള സെന്ററുകൾ സന്ദർശിക്കാനിട വന്നു. അവിടെ അത്തരത്തിലുള്ള ധാരാളം സ്ഥാപനങ്ങളുണ്ട്. ആ കാലത്ത് എന്റെയുള്ളിലും കയറിക്കൂടിയതാണ് നാട്ടിലും ഇതുപോലൊരു സ്ഥാപനം തുടങ്ങണമെന്ന ആഗ്രഹം." സ്കൂളിന്റെ തുടക്കത്തെക്കുറിച്ച് ബ്ര. അഗസ്റ്റിൻ പറഞ്ഞുതുടങ്ങി.

"കിട്ടുന്ന വേതനത്തിന്റെ വലുപ്പചെറുപ്പം നോക്കാതെ ആത്മാർത്ഥതയോടെ ജോലിചെയ്യുന്ന അധ്യാപകരും മറ്റു ജോലിക്കാരുമാണ് ഈ സ്കൂളിന്റെ വിജയത്തിനും കാരണം" അദ്ദേഹം തുടർന്നു.

ഇവിടുത്തെ അദ്ധ്യാപികയായ ബിഞ്ചു കോട്ടയം കിടങ്ങൂർ സ്വദേശിനിയാണ്. അവൾക്കു പറയാനുള്ളതു മറ്റൊന്നായിരുന്നു. "ചെറുപ്പം മുതൽ നാട്ടിൽ ബുദ്ധിമാന്ദ്യമനുഭവിക്കുന്ന കുട്ടികളെ ഞാൻ കണ്ടിട്ടുണ്ട്. അത്തരം കുഞ്ഞുങ്ങളെ ശുശ്രൂഷിക്കണമെന്ന ആഗ്രഹത്തോടെയാണ് ഞാൻ സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിങിന് ചേർന്നത്. എനിക്ക് എന്റെ സമൂഹത്തി

www.malankaralibrary.com



ബ്ര. അഗസ്റ്റിൻ പോളപ്രയിൽ

നുവേണ്ടി ഇത്രയുമെങ്കിലും ചെയ്യാനാവുന്നുണ്ടല്ലോയെന്നോർക്കുമ്പോൾ ആത്മാഭിമാനം തോന്നുന്നു."

"ഇവിടെ പഠിക്കുന്ന കുഞ്ഞുങ്ങളെ സ്വയം പര്യാപ്തരാക്കുകയെന്നതാണ് ഞങ്ങളുടെ ലക്ഷ്യം. 18 വയസ്സ് തികഞ്ഞ കുട്ടികൾക്ക് അവരുടെ അഭിരുചികൾക്ക് അനുസരിച്ച് പരിശീലനം നൽകുന്ന തൊഴിൽ പരിശീലന കേന്ദ്രം (Vocational Training centre) തുടങ്ങിയതിന്റെ ഉദ്ദേശ്യവും അതുതന്നെയാണ്." അധ്യാപിക സി. ലിസ്ബി പറഞ്ഞു.

കുട്ടികളിലെ നൈസർഗിക കഴിവുകൾ കണ്ടെത്തി സമൂഹത്തിനും, കുടുംബത്തിനും ഉപകാരപ്രദമായ വ്യക്തികളാക്കി വാർത്തെടുക്കാനുതകുന്ന പല യൂണിറ്റുകളും തൊഴിൽ പരിശീലന കേന്ദ്രത്തിലുണ്ട്. മെഴുകുതിരി, ഫിനോയിൽ, ബുക്ക്, സോപ്പ്, ചോക്ക്, കൊന്ത, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവ അവയിൽ ചിലതാണ്. അവയുടെ വിപണനവും അത്യുത്സാഹത്തോടെ കുട്ടികൾത്തന്നെ നിർവ്വഹിക്കുന്നു. സ്ഥാപനത്തിലെ പരിശീലനത്തിനുശേഷം ഇവിടെത്തന്നെ സേവനം ചെയ്യുന്നവരുമുണ്ട്. അമ്പിളി, അനിൽ എബ്രഹാം, ജോണി, ഹരികൃഷ്ണൻ എന്നിവർ അവരിൽ ചിലരാണ്.

ചുരുങ്ങിയ കാലയളവിൽ ഒട്ടനവധി ദേശീയ-അന്തർദേശീയ നേട്ടങ്ങൾ ഈ സ്കൂളിനെ തേടിയെത്തിയിട്ടുണ്ട്. ഓൾ കേരള സ്പെഷ്യൽ സ്കൂൾ അസോസിയേഷൻ നല്കുന്ന ബെസ്റ്റ് സ്പെഷ്യൽ സ്കൂൾ അവാർഡ് 2008-ൽ ഈ സ്കൂളിനായിരുന്നു. സ്പെഷ്യൽ സ്കൂൾ ഒളിമ്പിക്സുകളിൽ സെന്റ്. ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ നേടിയെടുത്ത വിജയങ്ങൾ നിരവധിയാണ്. രാജ്യാന്തര സ്പെഷ്യൽ ഒളിമ്പിക്സിനുള്ള ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഈ സ്കൂളിലെ വിദ്യാർത്ഥിയായ വടവാതൂർ സ്വദേശി മോൻ കുര്യാക്കോസ് എന്ന ഇരുപത്തിരണ്ടുകാരനും ഉണ്ട്.

കുട്ടികളോടൊപ്പം താമസിച്ച് അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുവരികയാണ് കൊല്ലം സ്വദേശിയായ ബീന. കുട്ടികളോടൊപ്പമുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ ബീനയ്ക്ക് നൂറുനാവാണ്.

"ഒരു ദിവസം ഉച്ചയ്ക്ക് തലവേദന കാരണം ഞാൻ തലകുമ്പിട്ടിരിക്കുകയായിരുന്നു. പെട്ടെന്ന് എന്റെ തോളിലാരോ തൊട്ട പോലെ. തലയുയർത്തി നോക്കിയപ്പോൾ മഹാപ്രശ്നക്കാരനായി അറിയപ്പെടുന്ന റാഫി. മറ്റെല്ലാവരും ഉച്ചഭക്ഷണത്തിന് പോയിരിക്കുകയായിരുന്നു. അവനെന്നെ ഭക്ഷണം കഴിപ്പിച്ചേ അടങ്ങൂ. എന്നെ വലിച്ചെഴുന്നേല്പിച്ച് ഡൈനിങ് ഹാളിലേയ്ക്ക് കൊണ്ടുപോയി. ഒരു പാത്രം എടുത്തുതന്ന് കഴിക്കാൻ നിർബന്ധിച്ചു. ഞാൻ കഴിച്ചുകഴിഞ്ഞാണ് അവൻ അവിടെ നിന്നും പോയത്. ഇതുപോലെയുള്ള നിഷ്ക്കളങ്ക സ്നേഹത്തിന്റെ അനുഭവങ്ങൾ അനേകമാണ്. അതാണ് എന്നെ ഇവിടെ പിടിച്ചുനിർത്തുന്നത്."

വൈകല്യമുള്ള വ്യക്തികളുടെ സംരക്ഷണത്തിനും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തെ ഒരുക്കാനായി ബോധവത്ക്കരണ പരിപാടികൾക്കും ഈ സ്ഥാപനം നേതൃത്വം കൊടുത്തുവരുന്നു. സമീപത്തുള്ള മൂന്ന് പഞ്ചായത്തുകളിൽ മാനസിക വൈകല്യ മനുഭവിക്കുന്നവരെ പരിശീലിപ്പിക്കാൻ ഈ സ്ഥാപനത്തിൽ നിന്നും അധ്യാപകർ പതിവായിപോകുന്നുണ്ട്.

"വർഷത്തിൽ നാലുപ്രാവശ്യം എല്ലാ രക്ഷിതാക്കളും സ്കൂളിൽ ഒത്തുചേരുന്നുണ്ട്. കൂടാതെ ഇടയ്ക്കിടക്ക് സെമിനാറുകളും, ക്ലാസ്സുകളും കുടുംബാംഗങ്ങൾക്കായി ഇവിടെ സംഘടിപ്പിക്കുന്നുണ്ട്. ഇത് ഞങ്ങൾക്ക് ശക്തമായ മാനസിക പിന്തുണയാണ് നൽകുന്നത്." രക്ഷകർത്താവായ ഗോപീനാഥ് പറഞ്ഞു.

"സ്പെഷൽ ട്രെയിനിങ് കഴിഞ്ഞ അധ്യാപകർ കേരളത്തിൽ കുറവാണ്. എല്ലാവർക്കും വിദ്യാഭ്യാസമെന്ന ഭരണഘടനാതത്വം സഫലീകരിക്കപ്പെടണമെങ്കിൽ ഡിഫറന്റ്‌ലി എബിൾഡ് ആയവരേയും ആ ഗണത്തിൽ ഉൾപ്പെടുത്തണം. ഗവൺമെന്റ് അക്കാര്യത്തിൽ മുൻകൈയ്യെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ബുദ്ധിമാന്ദ്യം അനുഭവിച്ചവർക്കായി കേരളത്തിൽ ഒരേയൊരു ഗവൺമെന്റ് സ്ഥാപനം മാത്രമേ ഇന്ന് പ്രവർത്തിക്കുന്നുള്ളൂ. ഈ സ്ഥിതി മാറണം. ഗവൺമെന്റ് പങ്കാളിത്തം സജീവമായാൽ അനേകം പേർ ഈ സേവനമേഖലയിലേയ്ക്ക് കടന്നുവരും." ബ്ര. അഗസ്റ്റിൻ പറഞ്ഞു നിർത്തി. ■

www.malankaralibrary.com



# കഥ നൽകുന്ന കാഴ്ചകൾ

മാത്യു താഴത്തേൽ

മലയാളത്തിലെ നല്ല ചെറുകഥകളെ അവതരിപ്പിക്കുകയാണ് ഈ പുതിയ പംക്തി യുടെ ലക്ഷ്യം. പ്രമോദ് രാമന്റെ റെഡ്ക്രോസ്, എം.പി. സദാശിവന്റെ മായക്കാഴ്ച, സുസ്മേഷ് ചന്ദ്രോത്തിന്റെ പൂച്ചിമ എന്നീ കഥകളിലേക്ക്.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രമോദ് രാമൻ എഴുതിയ 'റെഡ്ക്രോസ്' എന്ന കഥ (2011 ജനുവരി 23) ആഖ്യാനത്തിന്റെ വ്യത്യസ്തതകൊണ്ട് ഭാവതീവ്രത വർദ്ധിപ്പിക്കുന്നു. ഭാഷ ഒരു വലിയ തെരഞ്ഞെടുപ്പിന്റെ ഫലമായാണ് ഈ കഥയിൽ കാണുന്നത്.


മദ്യപിച്ചെത്തുന്ന തദേവൂസ് (തണ്ണിമത്തൻ തല യൻ) ഭാര്യയായ ബിയാട്രീസിനെ മാരകായുധങ്ങൾ എടുത്ത് ആക്രമിക്കുന്നു. ശരീരം മാത്രം വളർന്ന മകൾ കണ്ടു നിൽക്കുന്നു. രാത്രിയിൽ തദേവൂസ് ഭാര്യയെ വിളിച്ചുണർത്തി ഭോഗിക്കുന്നു. വീടിന്റെ ഓലവിരിയ്ക്കരികിൽ നിന്ന് ആളുകൾക്ക് കാണാൻ വേണ്ടിയാണത്. മകൾ വളർന്നു വരുന്നത് ബിയാട്രീ സിന് ഭയം ജനിപ്പിക്കുന്നുണ്ട്. ബിയാട്രീസ് ആശു പത്രിയിലെ തൂപ്പുകാരിയാണ്. മകളുടെ വിശപ്പ് ബിയാട്രീസിനെ ഭയപ്പെടുത്തുന്നുണ്ട്. മകളുടെ ശരീരത്തിന്റെ വളർച്ച കണ്ട് തണ്ണിമത്തൻ തലയൻ സന്തോഷിക്കുന്നുണ്ട്. ക്ലാസില്ലാത്ത ആ ദിവസങ്ങ ളിൽ മകളായ ഇസയെ ബിയാട്രീസ് ആശുപത്രിയിൽ കൊണ്ടുപോകും. തദേവൂസിനെ പേടിച്ചാണ് അവൾ ഇങ്ങനെ ചെയ്യുന്നത്. സഹപ്രവർത്തകയുടെ അഭിപ്രാ യമനുസരിച്ച് ആർത്തവദിനങ്ങൾ ഉണ്ടാകാതിരിക്കാ നുള്ള ഗുളിക മകൾക്ക് നൽകുന്നു. എന്നാൽ പ്രായമെ ത്തുന്നതിനുമുമ്പേ അവൾ ഇസയുടെ ശരീരത്തിൽ നിന്നും ചത്തുമലച്ച ശൈശവത്തിന്റെ ബഹിർഗമനം കണ്ടു.

ഈ കഥയുടെ വിവരണം ഭീകരമായ അനുഭവത്തെ ജനിപ്പിക്കുന്നുണ്ട്. ജീവിതത്തെക്കുറിച്ചുള്ള വ്യഥിത മായ പല നിരീക്ഷണങ്ങളും കഥാകൃത്ത് നടത്തു ന്നുണ്ട്.

കഥയിൽ ഒരിടത്ത് കുരിശ് എന്ന സങ്കൽപ്പത്തെ കഥാകൃത്ത് ഇങ്ങനെ വിശദീകരിക്കുന്നു. "ഒന്നിനെ മറ്റൊന്ന് ക്രോസ് ചെയ്യുമ്പോൾ ഒരു കുരിശുണ്ടാ കുന്നു. അനന്തമായ പാതയ്ക്കു കുറുകെ മറ്റൊന്നു കടന്നുവരുമ്പോൾ അതൊരു കുരിശാകുന്നു. ഒരു വര യ്ക്കു കുറുകെ മറ്റൊരു വര. ഒരു പകലിനു കുറുകെ രാത്രി. ഒന്നു കുടഞ്ഞെണീറ്റാൽ എല്ലാം കുരിശാണ്. കുരിശ് ലോകത്തിന്റെ ജ്യാമിതിയാണ്. ദിശകളുണ്ടാക്കി യത് അങ്ങനെയാണ്. ഒന്നിലൊതുങ്ങാതെ ലോകം രണ്ടിലേയ്ക്ക് പോയത് അതിനുവേണ്ടിയാണ്. കുറു കെയാകാൻ, ഒന്നിനെ വെട്ടാൻ. ഒന്നാലോചിച്ചാൽ കൈയും തലയും നിവർത്തിനിൽക്കുന്ന മനുഷ്യൻ തന്നെ ഒരു കുരിശാണ്".

അറിയാതെ വീണ്ടും വീണ്ടും തിന്മയിലേക്ക് കുതിച്ചു പാഞ്ഞ് മദിച്ചു പുളഞ്ഞ് മനുഷ്യൻ വേദനക ളിലൂടെ കടന്നുപോകുന്നു. ജീവിതമെന്ന കടൽ കടക്കു

www.malankaralibrary.com




ന്നവർ ഓരോരുത്തരും ഓരോതരം പ്രതിസന്ധികളെ നേരിടുന്നു. സംസ്ക്കാരമെന്നു നാം സംരക്ഷിക്കുന്നതിനിടയിലെവിടെയോ പ്രാകൃതനായവൻ അവന്റെ ഭീകരതവെളിവാക്കുന്നുണ്ട്. ഇത്തരം കഥകൾ മനുഷ്യന്റെ വൈകൃതങ്ങളെ മുറിപ്പെടുത്തി ശുദ്ധീകരിക്കുന്നു.


സാമൂഹികാവസ്ഥകളുടെ സ്വാധീനം മനുഷ്യനിലുണ്ടാവുക സ്വാഭാവികമാണ്. ഞെട്ടിക്കുന്ന വാർത്തകൾ കേട്ട് മനസ്സിന് താളഭംഗം സംഭവിക്കാം. മനസ്സിന്റെ താളഭംഗങ്ങൾ ദുഃസ്വപ്നങ്ങളായി കടന്നു വരികയും ചെയ്യാം. 'ഭൂതക്കണ്ണാടി' എന്ന പ്രശസ്ത ചലച്ചിത്രം സമർത്ഥമായി ഈ വിഷയം കൈകാര്യം ചെയ്തിരുന്നു. കഥാമാസിക ഡിസംബർ -ജനുവരി ലക്കത്തിൽ എം.പി സദാശിവൻ എഴുതിയ 'മായക്കാഴ്ച' എന്ന മിനിക്കഥ ഇന്നത്തെ സാമൂഹികാവസ്ഥകളുടെ നേർപ്രതിഫലനമാകുന്നുണ്ട്. ദുഃസ്വപ്നങ്ങളും മയക്കാഴ്ചകളും കാണുന്ന ഒരു വ്യക്തി ചിത്തരോഗ വിദഗ്ദനോട് തന്റെ വൈഷമ്യങ്ങൾ പറയുന്നു. താൻ കാണുന്ന മായക്കാഴ്ചകളിൽ ചിലത് അയാൾ ഡോക്ടറോട് പങ്കുവയ്ക്കുന്നു. "പുഴ മുറിച്ചു നടക്കുമ്പോൾ ചുട്ടു പഴുത്ത മണലിൽ ആഴ്ന്ന് എന്റെ പാദങ്ങൾ വെന്തുകരിഞ്ഞു. റോഡ് നീന്തിക്കടക്കാൻ ശ്രമിച്ച വൃദ്ധ മുങ്ങിമരിച്ചു". എന്നിങ്ങനെയുള്ള വിവരണങ്ങൾ കേട്ട ഡോക്ടർ തന്റെ പേന തുറന്ന് വിശാലമായ കടലാസിൽ മരുന്നുകൾ കുറിക്കാൻ തുടങ്ങി. ഈ കഥ പുതിയകാലഘട്ടത്തിന്റെ ചില പ്രവണതകളെ ശക്തമായി വിമർശിക്കുകയാണ്. മനസ്സിന്റെ താളഭംഗം മരുന്നുകൊണ്ട് മാറ്റുന്നതിനേക്കാൾ എളുപ്പം കാഴ്ചപ്പാടുകളെ മാറ്റി മറികടക്കുകയാണ്.

മാതൃഭൂമി ആഴ്ചപതിപ്പിൽ (2011 ജനുവരി 8) പ്രസിദ്ധീകരിച്ച സുസ്മേഷ് ചന്ദ്രോത്ത് എഴുതിയ 'പൂച്ചിമ' എന്ന കഥ രണ്ടു സ്തീകൾ തമ്മിലുള്ള സ്നേഹത്തിന്റെ മനോഹരമായ ആവിഷ്ക്കാരമാണ്. വീട്ടമ്മയായ സ്ത്രീയ്ക്ക് വേലക്കാരിയോട് പലകാലങ്ങളിൽ തോന്നുന്ന സ്നേഹത്തിന്റെ പ്രകാശനമാണിത്. പൂച്ചിമ ബീഹാറിയായ ഒരു വീട്ടുജോലിക്കാരിയാണ്. ഇവൾ വീട്ടുജോലിയ്ക്കെത്തിയ കാലത്ത് കഥാനായികയ്ക്ക് ഇവളോട് യാതൊരു താൽപര്യവുമുണ്ടായിരുന്നില്ല. ഡൽഹിയിലേക്ക് താമസം മാറ്റിയപ്പോഴാണ് പൂച്ചിമയുടെ സാന്നിധ്യം ഒരാശ്വാസമാണെന്ന് കഥാനായിക മനസ്സിലാക്കുന്നത്. മധ്യവയസ്സിൽ പൂച്ചിമ ജോലിയ്ക്കെത്തിയതാണ്. ഒരു യന്ത്രം കണക്കെ, പരാതിയും പരിഭവവുമില്ലാതെ ഇവൾ ജോലി ചെയ്യുന്നു. ഭർത്താവിന്റെ മദ്യപാനവും കുട്ടികളുമായുള്ള അകലവും, വീർപ്പുമുട്ടിക്കുമ്പോൾ കഥാനായികയും പൂച്ചിമയുമായി കൂടുതൽ അടുക്കുന്നു. വൃദ്ധയായ പൂച്ചിമയുടെ സാന്നിധ്യം ചിലപ്പോൾ കഥാനായികയെ നിലനിർത്തുന്ന ശക്തിയായിത്തീരുന്നു. തന്റെ ശരിയ്ക്കുമുള്ള സഖി പൂച്ചിമയാണെന്ന് കഥാനായിക മനസ്സിലാക്കുന്നു. ക്രമേണ പൂച്ചിമയെ 'മാ' എന്നു വിളിച്ച് അമ്മയോടെന്ന പോല പെരുമാറുന്നു. പൂച്ചിമയുടെ പഴയ കണ്ണടമാറ്റി പുതിയത് വാങ്ങിക്കൊടുക്കാൻ ശ്രമിക്കുന്നു. 'ഈ കണ്ണട വച്ചാൽ മരിക്കാറായ കെഴവിമാരെപ്പോലെ തോന്നും. അതുകൊണ്ട് ഈ കണ്ണട മാറ്റണമെന്ന്' കഥാനായിക പറയുന്നു. അടുക്കളക്കുഴിയിലേക്ക് പിന്നീട് രണ്ടുപേരും ഒന്നിച്ച് പ്രവേശിക്കുന്നു. രണ്ടു സ്ത്രീകൾ തമ്മിലുള്ള ബന്ധത്തിൽ ആഴങ്ങൾ എത്രത്തോളമാകാമെന്നാണ് ഈ കഥ കാണിച്ചു തരുന്നത്. ഒരു സ്ത്രീയുടെ വേദനകളും ഹൃദയത്തിലെ മുറിവും പങ്കുവയ്ക്കപ്പെടാത്ത വിഹ്വലതകളും മറ്റൊരു സ്ത്രീക്കു മാത്രമേ മനസ്സിലാകുകയുള്ളൂ എന്നും ഈ കഥ ഓർമ്മപ്പെടുത്തുന്നു. ■

www.malankaralibrary.com




# പൗലോസ് ശ്ലീഹാ




പ്രസാധകർ:
മീഡിയ ഹൗസ് ഡൽഹി
പേജ് 184
വില ` 100

പ്രസാധകർ:
OIRSI പബ്ലിക്കേഷൻസ്
വടവാതൂർ
പേജ് 192
വില ` 100




## ഞാൻ ആരെന്നാണ് അവർ പറയുന്നത്

ഡോ. സിപ്രിയൻ ഇല്ലിക്കാമുറി

ചരിത്രപുരുഷനായ യേശുവിനെക്കുറിച്ച് മലയാളത്തിന് ലഭ്യമായ നല്ലൊരു ഗ്രന്ഥമാണിത്. ഇരുപത്തിനാല് ലേഖനങ്ങളുടെ സമാഹാരമാണിതെന്നു പറയാം. യേശുവിന്റെ പേരും, ജ്ഞാനസ്നാനം മുതൽ ഉയിർപ്പും സ്വർഗ്ഗാരോഹണവും വരെ ചരിത്രപരമായ അന്വേഷണത്തിന് ഫാ. സിപ്രിയൻ വിധേയമാക്കുന്നു.

സുവിശേഷത്തിലെ സംഭവങ്ങളും യേശു ഉപയോഗിക്കുന്ന ചില ബിംബങ്ങളും ഉപമകളും ഇദ്ദേഹത്തിന്റെ പഠനത്തിന് വിഷയമാകുന്നു. വിഖ്യാതരായ ജർമൻ ദൈവശാസ്ത്രജ്ഞരുടെ കീഴിൽ പരിശീലനം സിദ്ധിച്ച സിപ്രിയാനച്ചന്റെ രചനയിലും ജർമൻ കൃത്യതയും ശാസ്ത്രീയപഠനത്തിന്റെ കാർക്കശ്യവും നിഴലിക്കുന്നു. മലയാളത്തിലെ ബൈബിൾ വിജ്ഞാനീയത്തിനും ക്രിസ്തു വിജ്ഞാനീയത്തിനും മുതൽക്കൂട്ടാണ് ഈ ഗ്രന്ഥമെന്നു പറയാം.

ബൈബിളും ക്രിസ്തു വിജ്ഞാനീയവും പഠിക്കാനാഗ്രഹിക്കുന്ന ആർക്കും ഉപകാരപ്പെടുന്നതാണ് ഈ ഗ്രന്ഥം.

## പൗലോസ് ശ്ലീഹാ – ജനതകൾക്കൊരു പ്രകാശഗോപുരം

ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിലെ അദ്ധ്യാപകനായ ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേലിന്റെ പുതിയ പുസ്തകമാണിത്.

പത്തു ഭാഗങ്ങളാണ് ഇതിനുള്ളത്. ആദ്യഭാഗത്ത് പൗലോസിനെക്കുറിച്ചെഴുതുവാൻ ലൂക്കായ്ക്കുള്ള ആധികാരികത എന്തെന്ന് വ്യക്തമാക്കുന്നു. രണ്ടാം ഭാഗത്ത് പൗലോസിന്റെ ആദ്യകാല ജീവിതമാണ് പരിശോധിക്കുന്നത്. മൂന്നാം ഭാഗം സഭാ പീഡകൻ സഭാശുശ്രൂഷകനായ സംഭവം വിവരിക്കുന്നു.

നാലാം ഭാഗത്ത് പൗലോസിന്റെ ജീവിതമാണ് പഠനവിഷയം. അഞ്ച്, ആറ്, ഏഴ് അധ്യായങ്ങളിൽ പൗലോസിന്റെ പ്രേഷിതയാത്രകൾ ഓരോന്നായി വിശകലനം ചെയ്യുന്നു. ശ്ലീഹായുടെ അവസാനനാളുകളാണ് എട്ടാം ഭാഗത്തെ വിഷയം. പൗലോസിന് ഇന്ന് നമ്മോട് പറയാനുള്ളത് എന്തെന്ന് മനസ്സിലാക്കാനുള്ള ശ്രമമാണ് ഒമ്പതാം ഭാഗത്ത്. പൗലോസ്ശ്ലീഹായുടെ പ്രധാന ദൈവശാസ്ത്രദർശനങ്ങൾ അപഗ്രഥിച്ചുകൊണ്ടാണ് പഠനം അവസാനിപ്പിക്കുന്നത്.

www.malankaralibrary.com



# വീട്ടിലെ കാരണവർക്ക് അടുപ്പിൽ...

മനുഷ്യപുത്രൻ

ആലുവ റെയിൽവേ സ്റ്റേഷന്റെ വാതില്ക്കൽ. അവിടെയാണ് എല്ലാ പാർട്ടികളും മീറ്റിങ്ങിന് സ്റ്റേജ് കെട്ടുക. കാരണം കാശുമുടക്കില്ലാതെ നല്ല ഓഡിയൻസിനെ കിട്ടുമല്ലോ. റോഡിലൂടെ പോകുന്നവരും, ട്രയിനിൽ പോകാൻ വരുന്നവരും, പിന്നെ കടകളിൽ കച്ചവടത്തിനു വരുന്നവരും കേട്ടു നിൽക്കുമല്ലോ!

മിക്ക ദിവസങ്ങളിലും സമ്മേളനമുണ്ടാകും. ഇതു മൂലം യാത്രക്കാർക്കും പൊതുജനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടോ! കേസ് ഹൈക്കോടതിയിൽ എത്തി. കേട്ടപടി കോടതി എല്ലാ വഴിയോര യോഗങ്ങളും ജാഥകളും നിരോധിച്ചു!

സർക്കാർ വിട്ടില്ല. അപ്പീലുമായി സുപ്രീം കോടതിയിലെത്തി. പക്ഷേ സുപ്രീംകോടതിയും പഴയവിധി ശരിവച്ചു. എന്നിട്ടും സർക്കാർ തോറ്റുകൊടുക്കാൻ തയ്യാറായില്ല. കോടതി വിധി മറികടക്കാൻ പുതിയൊരു നിയമം നിർമ്മിക്കാൻ മന്ത്രിസഭ ഇപ്പോൾ തീരുമാനിച്ചെന്ന്! വി.എസ് സർക്കാരിന്റെ ഏറ്റവും വലിയ ജനകീയ സംഭാവനയായിരിക്കുമിത്!

ഏറ്റവും രസകരം, ഈ കാര്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും സഹകരിക്കുന്നുവെന്നതാണ്. അതുകൊണ്ട് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഈ ബജറ്റ് സമ്മേളനത്തിൽ തന്നെ നിയമനിർമ്മാണം നടത്താൻ സാധിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. എങ്ങനെയിരിക്കുന്നു രാഷ്ട്രീയ പാർട്ടികളുടെ സാമൂഹ്യ പ്രതിബദ്ധത!

റോഡും നടപ്പാതയും എന്തിനാണെന്നറിയാൻ വക്കീലിന്റെ ബുദ്ധിയും കോടതിയുടെ വിധിയുമൊന്നും ആവശ്യമില്ല. സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാക്കാവുന്നതാണ് റോഡ് വണ്ടി ഓടിക്കാനുള്ളതാണ്; അല്ലാതെ പശുവിനെ കെട്ടിയിടാനുള്ള സ്ഥലമല്ലെന്ന്. അതുപോലെ റോഡരിക് കാൽനടക്കാർക്ക് അവകാശപ്പെട്ടതാണെന്ന്.

ഏ.കെ. ജി സെന്റർ മാർക്സിസ്റ്റ് പാർട്ടിയുടെയും ഇന്ദിരാഭവൻ കോൺഗ്രസ് പാർട്ടിയുടെയും മീറ്റിങ്ങിന് വേണ്ടി ആയിരിക്കുന്നതുപോലെ തന്നെയാണ് റോഡ് വണ്ടിയോടിക്കാനുള്ള സ്ഥലമായിരിക്കുന്നത്. ജനത്തിന്റെ നെഞ്ചത്തൂടെ തന്നെ ജാഥയും പ്രദക്ഷിണവും നടത്തണമെന്നുള്ള നിർബന്ധം ഇനിയെങ്കിലും പാർട്ടികൾ ഉപേക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു. വീട്ടിലെ കാരണവർക്ക് അടുപ്പിൽ തന്നെ ...മെന്ന് നിർബന്ധമായാൽ, അപേക്ഷിക്കാനല്ലേ നമുക്കു പറ്റൂ?

എൻ. എച്ചിന്റെ വീതിയുടെ കാര്യം വന്നപ്പോഴും ഇതുപോലെ ഭരണപക്ഷവും പ്രതിപക്ഷവും സഹകരിച്ചായിരുന്നു; കേരളത്തിലൂടെയുള്ള നാഷണൽ ഹൈവേക്ക് വീതി കൂട്ടണ്ട എന്നു തീരുമാനിക്കാൻ. എങ്ങനെയുണ്ട് ജനപ്രതിബദ്ധത!

രസകരമായ ഒരു കാര്യംകൂടി ഓർമ്മിപ്പിക്കാം. ഐസ്ക്രീമായിരുന്നല്ലോ ആനുകാലിക വിഷയം. ഐസ്ക്രീം കേസിൽ കുഞ്ഞാലിക്കുട്ടിയെ രക്ഷിക്കാൻ ലീഗുകാർ മാത്രമല്ല മാർക്സിസ്റ്റുകാരൻ ശശിവരെ ഉണ്ടായിരുന്നെന്ന സത്യം ജനത്തിന്റെ കണ്ണു തുറപ്പിക്കേണ്ടതാണ്.

പണ്ട് വായിച്ചൊരു കവിത ഓർക്കുന്നു. കഥകളി കാണാൻ പോയ ബാലനാണ് കഥാപാത്രം. അച്ഛന്റെ കൂടെയാണ് പോയത്. കീചകവധമാണ് കഥ. സ്റ്റേജിൽ ഭീമനും കീചകനും തമ്മിലുള്ള വൈരം കണ്ട് കുട്ടി ഭയന്നു വിറച്ചു.

കളികഴിഞ്ഞ് പോകാൻ എഴുന്നേറ്റപ്പോൾ അവൻ ശരിക്കും ഞെട്ടി. സ്റ്റേജിനു പിറകിൽ ഭീമനും കീചകനും കുശലം പറഞ്ഞിരുന്ന് ചായകുടിക്കുന്നു! അവൻ അച്ഛനെ തോണ്ടി വിളിച്ച്, കാട്ടിക്കൊടുത്തു: ‘അച്ഛാ അതാ ഭീമനും കീചകനും. സത്യത്തിൽ അവർ കൂട്ടുകാരാ അല്ലേ?

കൂട്ടുകാരായ ഭീമനോടും കീചകനോടും പൊതുജനങ്ങൾക്ക് അപേക്ഷിക്കാൻ ഒരു കാര്യമേയുള്ളൂ: “ദയവു ചെയ്ത് ഞങ്ങളുടെ നെഞ്ചിലൂടെ ജാഥ നയിക്കരുത്!”■

www.malankaralibrary.com



## കുട്ടികൾക്കായുള്ള ദിവ്യകാരുണ്യ ധ്യാനം

# എമ്മാനുവേൽ 2011

ദിവ്യകാരുണ്യമിഷനറി സഭയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഒരുക്കുന്ന ദിവ്യകാരുണ്യ ധ്യാനം – **എമ്മാനുവേൽ 2011.**

ദിവ്യകാരുണ്യ ഈശോയുടെ പൊന്നോമനകളാകാൻ കുട്ടികൾക്കിതാ അവസരമൊരുങ്ങുന്നു. മാറുന്ന സാഹചര്യങ്ങളിലും ദൈവവിശ്വാസത്തിൽ ചുവടുറപ്പിച്ചു നിൽക്കുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാൻ – **എമ്മാനുവേൽ 2011**

മുറിയപ്പെടുന്ന ദൈവസ്നേഹം അനുഭവവേദ്യമാകുന്ന വി. കുർബ്ബാനയും ദിവ്യകാരുണ്യ ആരാധനയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയുള്ള ചിന്തോദ്ദീപകമായ ക്ലാസ്സുകളും ഉൾപ്പെടുത്തി ഒരുക്കുന്ന ആത്മീയ വിരുന്ന് – **എമ്മാനുവേൽ 2011**

---

**താല്പര്യമുള്ള ബഹു. വികാരിയച്ചൻമാർ മാർച്ച് 10 ന് മുമ്പ് താഴെപ്പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക**

**ഫാ. തോമസ് പൊട്ടംപറമ്പിൽ MCBS**

**9846991285 / 9447453651**

www.malankaralibrary.com
February 2011 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment




# COMPANION

## New National Magazine from KARUNIKAN Publications

### Unique Features:

- Theologians, Sociologists, Journalists and Communication Professionals Contribute
- Looks at life and events through the eyes of Jesus
- Introduces novel ways of faith expression
- Facilitates effetcive Christian leadership
- Presents innovative Sunday Gospel Reflections
- Multicolour, Glossy, and Affordable

For a printed sample write to:

**COMPANION**

**Perumanoor P.O., Cochin - 15**
**Email: companionindia@yahoo.com**
**Call: 0484 - 2664733**

Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil